ekp. vilasini library. Kottakam

Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൨൦ | കൊല്ലം ൧൯൪൩ സെപ്തംബർ ൬-ാംനു | ലക്കം ൩൭
പേജ് ൧൬ | ൧൧൧൯ ചിങ്ങം ൨൧-ാംനു തിങ്കളാഴ്ച | ഒറ്റപ്രതി അണ ൨

# യശഃശരീരനായ ശ്രീ. കേ. ജി. പരമേശ്വരൻപിള്ള

ആ ശോഭനാകാരം മൺമറഞ്ഞു. പുരാതനമായ കൊല്ലം നഗരത്തിന്റേതായി ഇരുപത്തിയഞ്ചുകൊല്ലക്കാലം അപ്രതിഹതമായി മുഴങ്ങിക്കൊണ്ടുനിന്ന ആ മണിനാദം നിലച്ചു. മാനസോല്ലാസദായകമായ യശോസുഗന്ധം പ്രസരിപ്പിച്ചുനിന്ന ആ കല്പകപ്രസൂനം അകാലത്തിൽ ഞെട്ടറ്റു നിലം പതിച്ചു. തിരുവോണത്തിന്റെ തിരുമുഖത്തു പത്രലേഖ ചാർത്തിക്കൊണ്ടു് ആ ഭാഗ്യതാരം എന്നെന്നേക്കുമായി അസ്തമിച്ചു.

കൊല്ലം നഗരത്തിന്റെ അനിഷേധ്യനേതാവു്, ഒരു പൗരനു തന്റെ ജന്മദേശത്തിൽ ലഭിക്കാവുന്നതിൽവച്ചു ഏറ്റവും വലിയ അഭികാമ്യപദവി, പരേതനെപ്പോലെ ഇത്ര ദീർഘകാലം അലങ്കരിച്ചിട്ടുള്ളവർ ലോകചരിത്രത്തിൽ തുലോം വിരളമാണെന്നു ധൈര്യമായിത്തന്നെ പറയാം. താനുൾപ്പെടുന്ന സമുദായമണ്ഡലത്തിലേക്കു കടന്നാലും, സജാതോയേന ജാതന, എന്നു അഭിയുക്തവചനാനുസാരമായി വിലകല്പിക്കാനൊരങ്ങിയാലും സ്വസമുദായത്തിലെ അലംകൃതപീഠം തന്നെയും സത്പുരുഷനാൽ പരിത്യക്തമായി കഴിഞ്ഞിട്ടുള്ളതാണു്. രാഷ്ട്രം, സമുദായം, സാഹിത്യം എന്ന ആധുനിക പ്രവർത്തനമണ്ഡലങ്ങളിൽ നാട്ടിക്കഴിഞ്ഞിട്ടുള്ള അദ്ദേഹത്തിന്റെ പ്രശസ്തിധ്വജത്തിൽ പാറുന്ന പതാക ത്രിവർണ്ണാങ്കിതമായിത്തന്നെ പരിലസിക്കുന്നു. നമുക്കു ഏറ്റവും പ്രിയപ്പെട്ട കെ. ജി., നമുക്കു ഏറ്റവും ബഹുമാനപ്പെട്ട കെ. ജി., ആ സാധാരണ ശബ്ദം നമ്മുടെ നാവുകൾക്കു അത്രമാത്രം മധുരിച്ചു കഴിഞ്ഞിരിക്കുന്നു. ദീനജനാനുകമ്പയിൽനിന്നു പിറവിയെടുത്ത ആ നിറഞ്ഞ മനുഷ്യനെ കാണുന്നതുതന്നെ ഒരു ഭാഗ്യമായി നാം പരിഗണിച്ചിരുന്നു. അദ്ദേഹത്തിനോടുള്ള സംഭാഷണത്തിൽ സൗമ്യതയുടെ ഹൃദയഹാരിയായ കുളുർമ നമുക്കനുഭവപ്പെട്ടിരുന്നു. അസാധാരണമായ ആ അനുഗ്രഹശക്തികൾ ഇന്നു നമ്മുടെ ഹൃദയഭേദകമായി മാറിപ്പോയിരിക്കുന്നു!

ജീവിതത്തിന്റെ വിവിധമണ്ഡലങ്ങളിൽ അഗ്രഗണ്യത നേടിയിട്ടുള്ളവർ നമ്മുടെ ഇടയിൽ അപൂർവമല്ല. നായകാരാധനൈകതാനമായ നമ്മുടെ ഹൃദയം ആ വന്ദ്യസ്ഥാനങ്ങളിൽ അഭിമാനിക്കാതെയും ഇരിക്കുന്നില്ല. എന്നാൽ ശ്രീ. കെ. ജി. പരമേശ്വരൻപിള്ള അവർകളുടെ വ്യക്തിവൈശിഷ്ട്യം യാതൊരു അസാധാരണ സംഭവങ്ങളുമല്ല, അതിനെ അഭിവന്ദ്യവും അഭിനവവുമാക്കിയിട്ടുള്ളതു്. ഒരു സാധാരണജീവിതത്തിനു സർവാംഗീണമായ സമുൽകർഷം എങ്ങനെ സാധിക്കാമെന്നു അദ്ദേഹം തികച്ചും തെളിയിച്ചു. അങ്ങനെയാണു് രാജ്യസേവാനിരതന്റെ വ്യക്തിമുദ്ര നമ്മുടെ ഹൃദയത്തിൽ മായാത്തവിധം പതിച്ചതു്. അങ്ങനെ ഒരു ജീവിതാദർശത്തിനു മാർഗ്ഗദർശനം സാധിക്കയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. യശശ്ശരീരനായ ആ സത്പുരുഷനെ അനേകം അനേകം മഹാസഭകളുടെ അദ്ധ്യക്ഷനായി നാം ദർശിച്ചിട്ടുണ്ടു്. അനേകശതം അനുമോദനയോഗങ്ങളിൽ അദ്ദേഹത്തിന്റെ ശോഭനവിഗ്രഹം പുഷ്പമാലകളാൽ അലംകൃതനിമഗ്നമായി നാം കണ്ടിട്ടുണ്ടു്. പക്ഷേ, ഇവിടെയൊന്നും ഇതിലൊന്നും അല്ല അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ നാം പരിപൂർണ്ണമായി ദർശിക്കുന്നതു്. തന്റെ കുടുംബപരദൈവമായ ശ്രീകൃഷ്ണഭഗവാനെ അകമ്പടി സേവിച്ചുകൊണ്ടു ഉറിയടിമഹോത്സവദിവസം ഉച്ചയോടുകൂടി ഭജനമഠത്തിൽനിന്നു പുറപ്പെടുന്ന ഘോഷയാത്രയെ നയിച്ചു രാത്രി ൧ മണിവരെ കാൽനടയായി നഗരപ്രദക്ഷിണംചെയ്യുന്നതിൽ യാതൊരു അലസ്യവും വൈമനസ്യവും കൂടാതെ വിയർപ്പുതുള്ളികൾ പൊടിഞ്ഞുപോകുന്ന ആ ഭക്തിസ്വരൂപത്തിന്റെ ആ തേജോമഹിമ കാഴ്ച കണ്ടിട്ടുള്ളവർക്കു ഒരിക്കലും മറക്കാൻ സാധിക്കയില്ല ഇക്കാലത്തു നാമാവശേഷമായിപ്പോയിരിക്കുന്ന ഭഗവൽഭക്തിയുടെ സമുദ്ധാരകനും



ഈ പുണ്യാത്മാവല്ലാതെ മറ്റാരുമല്ല. അദ്ദേഹത്തിന്റെ ജീവിതവിജയത്തിലെ അമോഘമായ ആയുധവും ഈ ഭഗവൽഭക്തിയല്ലാതെ മറ്റൊന്നുമല്ല.

ഒരു ഭക്തനിലേ സഹതാപസാന്ദ്രമായ ഹൃദയം പരിശോഭിക്കുകയുള്ളൂ. ആ ഹൃദയത്തിലേ, ദീനജനാനുകമ്പയും സമസൃഷ്ടിസ്നേഹവും വിളയുകയുള്ളൂ. സൗമ്യതയും ശാന്തതയും ആ ഹൃദയത്തിലേ അഭയംതേടുകയുള്ളൂ. ശ്രീ. കേ. ജി. യുടെ ഹൃദയധർമ്മങ്ങൾ മഹത്തായ ഈ പ്രചോദനത്തിൽനിന്നു, ദൈവികവിശ്വാസത്തിൽനിന്നു തിരിയിൽനിന്നു കൊളുത്തിയ പന്തം പോലെ പടർന്നു ശോഭിച്ചു. സത്യായമിതഭാഷിണം, എന്നതു് അദ്ദേഹം നമ്മുടെ ഹൃദയത്തിൽ പതിച്ചിട്ടുള്ള സ്വന്തം വ്യക്തിമുദ്രയാണു്. നിഷ്കളങ്കമായ ഹൃദയത്തിന്റെ ആഴത്തിൽനിന്നു പുറപ്പെടുന്ന സനാതനമായ സത്യം, അതിന്റെ വശീകാരശക്തി ജാതിമതഭേദമെന്യേ അനുഭവിച്ചുകഴിഞ്ഞവയാണു്.

ഭാഗ്യശ്രീമാനായ ആ നേതാവു് കൊല്ലം നഗരത്തിലെ ഒരു സാധാരണകുടുംബത്തിൽ ജനിച്ചു സാധാരണവിദ്യാഭ്യാസം സാധിച്ചു സാധാരണജീവിതവൃത്തിനയിച്ചു. പക്ഷേ, താൻജനിച്ച നാടിന്റെ ഭാവിസംവിധാതാവായി ഇരുപത്തിയഞ്ചുകൊല്ലക്കാലം അതിന്റെ ചരിത്രം സൃഷ്ടിച്ചുകൊണ്ടിരുന്ന ആ അനുഗ്രഹചൈതന്യം അത്രു ശ്രീമാൻ കെ. ജി ക്കുമാത്രമേ കൈവന്നിട്ടുള്ളൂ. ആ സേവനതല്പരതയുടെ സ്മരണ കൊല്ലംനഗരം അതിന്റെ ഹൃദയമദ്ധ്യത്തിൽതന്നെ വഹിച്ചു. ആ മണിമാളികയിൽനിന്നു ഉയർന്നു കേൾക്കാകുന്ന ഘണ്ടാനിനാദത്തിന്റെ ആമ്രേഡിതധ്വനി അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ തുടരെത്തുടരെ മുഴക്കി അദ്ദേഹത്തെ കൃതകൃത്യനാക്കി. അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി മഹാമഹവും രാജ്യസേവാനിരതസ്ഥാനലബ്ധിയും മഹോത്സവങ്ങളായി രാജ്യമെങ്ങും ആഘോഷിക്കപ്പെട്ടിട്ടുള്ളതിൽനിന്നു അദ്ദേഹത്തിൻ ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള സ്വാധീനശക്തിയുടെ വൈപുല്യവും വൈഭവവും എത്രമാത്രമെന്നു വെളിപ്പെടുന്നുണ്ടു്.

ഒരു ജീവിതത്തിന്റെ തികഞ്ഞതും തെളിഞ്ഞതുമായ സാഫല്യം ആ സുഗൃഹീതനാമാവു നിർവ്വഹിച്ചു. ശത്രുമിത്രോദാസീനഭേദങ്ങളെന്നിയെ സഹായസന്നദ്ധമായിനിന്ന ആ നിസ്സ്വാർത്ഥഹൃദയം ഏതൊരാളും ആശാകേന്ദ്രമായി അഭയസ്ഥാനമായി വിശ്വസിച്ചിരുന്നു. ശ്രീ: കെ. ജി. പരമേശ്വരൻപിള്ള അവർകളുടെ ദേഹവിയോഗംകൊണ്ടു സംഭവിച്ചിരിക്കുന്ന തീരാനഷ്ടം ജനസാമാന്യത്തിന്റെ ആശ തകർന്നുപോയിയെന്നുള്ളതാണു്. അവരുടെ അഭയസ്ഥാനം വെന്തു വെണ്ണീറായിപ്പോയിയെന്നുള്ളതാണു്. അഹോ നികത്താൻപാടില്ലാത്ത അത്യാഹിതം!

കലാകോവിദന്മാരെ സമ്മാനദാനംകൊണ്ടു പ്രോത്സാഹിപ്പിച്ചു; സാമാന്യജനങ്ങളുടെ സകലേംഗിതങ്ങളേയും സാധിപ്പിച്ചു യഥാർത്ഥമായ പൊതുജനസേവനത്തിൽനിന്നു സർവ്വസമ്മതനായ നേതാവായി ഉയർന്ന ആ മഹാപുരുഷൻ തിരുവിതാംകൂറിലെ ഒരു മഹനീയസ്ഥാപനമെന്ന നിലയിൽ സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ യശഃശരീരം ഓരോ കേരളീയന്റെയും ആത്മപൂജാർപ്പണംകൊണ്ടു കാലത്തിന്റെ

അയിരൂർ സി. മാധവൻപിള്ള.

# ചിത്രകാരൻ

ജാൻ നെറൂദാ

(ജാൻ നെറൂദാ 19-ാംശതാബ്ദത്തിലെ പ്രസിദ്ധനായ ചെക്കോസ്ലാവാക്കിയൻ ഗ്രന്ഥകാരനായിരുന്നു. കവി, നാടകകർത്താവ്, നിരൂപകൻ, കഥാകൻ എന്നീ വിവിധനിലകളിൽ അദ്ദേഹം യശോധവളിമ ആർജ്ജിച്ചിട്ടുണ്ട്. നെറൂദാ 1834-ൽ പ്രേഗിൽ ജനിച്ചു. തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും സാഹിത്യത്തിനുവേണ്ടി ബലികഴിച്ച നെറൂദാ 1891-ൽ ചരമം പ്രാപിച്ചു. താഴെ പരിഭാഷപ്പെടുത്തിയിരിക്കുന്ന ചെറുകഥ ചെക്കോസ്ലാവാക്യൻ കലാസങ്കേതത്തിൽ ഈ കഥാകൃത്ത് സിദ്ധിച്ചിട്ടുള്ള പരിപൂർണ്ണവിജയത്തിന് നിദർശനമത്രെ.

പരിഭാഷകൻ:—എം. കൃഷ്ണൻനായർ, ബി. ഏ. (ആണേഴ്സ്)

വിനോദയാത്രയ്ക്കുള്ള ആ കപ്പൽ ഞങ്ങളെ "കൺസ്റ്റാൻറിനോപ്പിളിൽ"നിന്ന് "പ്രിൻകിപ്പോ"ദ്വീപിന്റെ തീരത്തുകൊണ്ടെത്തിച്ചു. അവിടെ ഞങ്ങൾ ഇറങ്ങി. യാത്രക്കാർ അധികമില്ലായിരുന്നു. അച്ഛൻ, അമ്മ, മകൾ, അവളുടെ വരൻ എന്നിവരുൾപ്പെട്ട ഒരു 'പോളിഷ്' കുടുംബവും ഞങ്ങൾ രണ്ടുപേരും മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളു. ഓ! ശരി! 'ഗോൾഡൻ ഹോണിലിൽ'നിന്ന് 'കാൺസ്റ്റാൻറിനോപ്പിളി'ലേക്കു കടക്കുന്ന ആ മരപ്പാലത്തിൽ ഞങ്ങൾ എത്തിയപ്പോൾ യുവാവായ ഒരു ഗ്രീക്കുകാരൻകൂടി ഞങ്ങളുടെകൂട്ടത്തിൽ ചേർന്നത് എനിക്കു മറക്കുവാൻ സാധ്യമല്ല. കക്ഷത്തുവെച്ചിരുന്ന കടലാസുകെട്ടുകൾകൊണ്ട് അയാൾ ചിത്രകാരനാണെന്നു ഊഹിക്കാമായിരുന്നു. കറുത്തു നീണ്ട തലമുടിച്ചുരുളുകൾ അയാളുടെ തോളുകളിൽ വീണുകിടന്നിരുന്നു. വിവർണ്ണമായ മുഖവും അഗാധങ്ങളായ കറുത്ത കണ്ണുകളും അയാളുടെ പ്രത്യേകതകളായിരുന്നു. ആ ചിത്രകാരന്റെ വിനയസ്വഭാവവും ആ പ്രദേശത്തെക്കുറിച്ച് അയാൾക്കുള്ള അറിവും ആദ്യമാത്രയിൽത്തന്നെ എനിക്ക് അയാളിൽ താല്പര്യം ജനിപ്പിച്ചു. പക്ഷെ അയാൾ അധികം സംസാരിക്കുവാൻ തുടങ്ങിയതുകൊണ്ട് ഞാൻ ആ പരിചയം ദീർഘിപ്പിച്ചില്ല.

എന്നാൽ ആ 'പോളിഷ്' കുടുംബത്തോട് ആർക്കും സ്നേഹം തോന്നാതിരിക്കുകയില്ല. സൽസ്വഭാവികളായ മാതാപിതാക്കന്മാർ. സുന്ദരനും പരിഷ്കാരിയുമായ യുവാവ്. സുഖമില്ലാതിരുന്ന മകളെക്കരുതിയാണ് അവർ ഉഷ്ണകാലത്ത് 'പ്രിൻകിപ്പോയിൽ' വന്നത്. ക്ഷീണിച്ചവളാണെങ്കിലും, സുന്ദരിയായ ആ പെൺകുട്ടി ഭയങ്കരമായ ഏതോ രോഗത്തിൽനിന്ന് അവൾ സുഖം പ്രാപിച്ചുവരുന്നുവെന്നോ അതല്ല ആ രോഗം അവളെ ബാധിച്ചുതുടങ്ങിയിരിക്കുന്നുവെന്നോ തോന്നിപ്പോകും. കാമുകനിൽ ശരീരം ചാരിക്കൊണ്ടാണ് അവൾ നടന്നിരുന്നത്. പലപ്പോഴും അവൾ വിശ്രമിക്കുവാൻ തങ്ങിനില്ക്കും. എല്ലായ്പോഴുമുള്ള വരണ്ട ചുമ ആ യുവതിയുടെ അടക്കിയ സ്വരത്തിലുള്ള സംഭാഷണങ്ങളെ തടസ്സപ്പെടുത്തിയിരുന്നു. അവൾ ചുമയ്ക്കുമ്പോഴെല്ലാം യുവാവു നിന്നുപോകും. സഹതാപസാന്ദ്രമായ ഒരു വീക്ഷണം അയാൾ എല്ലായ്പോഴും അവളിൽ പതിപ്പിച്ചിരുന്നു. "സാരമില്ല, എനിക്കു സുഖംതന്നെ" എന്ന് അർത്ഥം തോന്നിക്കുന്നവിധത്തിൽ അവൾ കാമുകനെ തിരിഞ്ഞുനോക്കും. ആരോഗ്യത്തിലും സന്തോഷത്തിലും ആ യുവതി വിശ്വസിച്ചു.

കടൽപ്പാലത്തിൽവച്ചു ഞങ്ങളെ പിരിഞ്ഞുപോയ ഗ്രീക്കുകാരന്റെ ഉപദേശമനുസരിച്ചു കുന്നിന്റെ ഉയരെയുള്ള ഹോട്ടലിൽ ആ കുടുംബത്തിനു താമസിക്കുവാൻ സ്ഥലം ലഭിച്ചു. ഹോട്ടലുടമസ്ഥൻ ഫ്രെഞ്ചുകാരനായിരുന്നു. അതിനാൽ അയാൾ ആ കെട്ടിടം മുഴുവൻ ഫ്രഞ്ചുരീതിയിൽ കലാപരമായി സജ്ജീകരിച്ചിരുന്നു.

ഞങ്ങളെല്ലാമൊരുമിച്ചു പ്രഭാതഭക്ഷണം കഴിച്ചു. പിന്നീടു ഉച്ചസമയത്തെ ചൂടു അല്പം കുറഞ്ഞപ്പോൾ കാഴ്ചകൾ കണ്ടാസ്വദിക്കുവാനായി ഉയരേയുള്ള 'പൈൻ'തോട്ടത്തിലേക്കു പോയി. ശരിയായ ഒരു സ്ഥലം കണ്ടുപിടിച്ച് ഞങ്ങൾ ഇരിക്കുന്നതിനുമുമ്പുതന്നെ ആ ഗ്രീക്കുകാരൻ വീണ്ടും പ്രത്യക്ഷപ്പെട്ടു. ഏന്നോടും മറ്റുള്ളവരോടും അഭിവാദനം ചെയ്തു ചുറ്റും നോക്കിയതിനുശേഷം അയാൾ അല്പമകലെ ഇരുന്നു വരയ്ക്കുവാൻ തുടങ്ങി.

'പുറകുവശം പാറകൾക്കു അഭിമുഖമായി വെച്ചു അയാൾ ഇരിക്കുന്നതു നാം അയാളുടെ പടം കാണാതിരിക്കുവാനാണെന്നു തോന്നുന്നു'എന്നു ഞാൻ പറഞ്ഞു.

'നമുക്കു നോക്കേണ്ട ആവശ്യമില്ലല്ലോ' പോളണ്ടുകാരനായ യുവാവു പറഞ്ഞു. 'നമ്മുടെ ചുറ്റും കാണാൻ ധാരാളമുണ്ടല്ലോ. ഒരുതരത്തിലുള്ള പശ്ചാത്തലത്തിൽ നമ്മെ അയാൾ ചിത്രീകരിക്കുകയാണ്. ശരി. നടക്കട്ടെ.'

യഥാർത്ഥത്തിൽ കാണാനുള്ള കാഴ്ചകൾ ധാരാളമുണ്ടായിരുന്നു. പ്രിൻകിപ്പോപോലെ സുന്ദരവും സുഖപ്രദവുമായ ഒരു സ്ഥലം ഭൂലോകത്തിൽ മറ്റൊരിടത്തും കാണുകയില്ല. ഒരുമാസം എനിക്കു അവിടെ താമസിക്കാൻ സാധിച്ചാൽ മതി. ആ സുന്ദരസ്വർണ്ണജീവാവസാനം വരെ എന്നെ സന്തോഷിപ്പിച്ചുകൊണ്ടിരിക്കും. പ്രിൻകിപ്പോയിൽ കഴിഞ്ഞുകൂടിയ ആ ദിവസം ഞാൻ ഒരിക്കലും വിസ്മരിക്കുകയില്ല.

നിർമ്മലമായ അന്തരീക്ഷം. ആ വിളാതയിൽ ആരുടെ ആത്മാവും വിലയം പ്രാപിച്ചുപോകും. വലതുഭാഗത്തു കടലിനപ്പുറത്തായി ചാരനിറത്തിലുള്ള കുന്നുകൾ ഉയർന്നുനിന്നു. ഇടതുവശത്തു അങ്ങു ദൂരെയായി യൂറോപ്പിന്റെ കിഴക്കൻതുർക്കിയ തീരങ്ങൾ ചുവപ്പുനിറത്തിൽ കാണാമായിരുന്നു. അടുത്തുള്ള 'ചാൽക്കി'ദ്വീപു ശോകപൂരിതമായ സ്വപ്നംപോലെ അതിന്റെ 'സൈപ്രസ്'വനങ്ങൾ പ്രശാന്തമായ അന്തരീക്ഷത്തിലേക്കു ഉയർത്തി നിലകൊണ്ടു.

'മർമോറ'സമുദ്രം അല്പമൊന്നു ക്ഷോഭിച്ചു ഉജ്ജ്വലമായ രത്നംപോലെ വിവിധ വർണ്ണങ്ങൾ പ്രകാശിപ്പിച്ചു. വിദൂരതയിൽ സമുദ്രം പാലുപോലെ വെളുത്തു കാണപ്പെട്ടു. അതിനപ്പുറത്തു ജലം ചുവപ്പുനിറം. ചുവപ്പുചേന്ന മഞ്ഞനിറമായിരുന്നു രണ്ടു ദ്വീപുകളുടേയും മധ്യത്തിൽ. ഞങ്ങളുടെ സമീപത്തു കടലിനു 'സാഫയർ'രത്നംപോലെ മനോഹരമായ ഇളംനീലനിറമാണ് ഉണ്ടായിരുന്നത്......വലിയ കപ്പലുകൾ ഒരിടത്തുമില്ലായിരുന്നു. ഇംഗ്ലീഷുപതാകകൾ പറത്തിക്കൊണ്ടു രണ്ടു യാനപാത്രങ്ങൾ കടൽത്തീരത്തിനോടടുത്തു നീങ്ങിക്കൊണ്ടിരുന്നു. ഒന്നാമത്തേ 'സ്റ്റീം ബോട്ട്.' മറ്റേതിൽ തണ്ടു വലിക്കുന്നവർ പന്ത്രണ്ടുപേരുണ്ടായിരുന്നു. ആ തണ്ടുകളെല്ലാം ഒരുമിച്ചു മുകളിലേക്കു ഉയരുമ്പോൾ ഉരുകിയ വെള്ളി അവയിൽനിന്നും ഒലിച്ചുവീഴുന്നതുപോലെ തോന്നും. രണ്ടു രാഷ്ട്രങ്ങളുടേയും ഡോൾഫിനുകൾ പരന്നുകാണും നീലവിഹായസ്സിൽ അപ്പോഴപ്പോൾ പറക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ഇരുന്നസ്ഥലത്തിനുതാഴെയുള്ള ചരിവിൽ എല്ലായിടത്തും പുഷ്പങ്ങൾ പൂത്തുനിന്നിരുന്നു. അവയുടെ സൌരഭ്യം വായുവിൽ തങ്ങിനിന്നു. അതിന്റെ ഫലം ഉന്മാദജനകമായിരുന്നു. ഞങ്ങളെല്ലാം നിശ്ശബ്ദതയിൽ ലയിച്ചു. അന്തരാത്മാവു സ്വർഗ്ഗീയാനന്ദത്തിൽ മുഴുകി. കാമുകന്റെ വക്ഷസ്സിൽ ശിരസ്സുചേർത്ത് ആ യുവതി പുൽത്തകിടിയിൽ കിടന്നിരുന്നു. അവളുടെ വിവർണ്ണവും രമണീയവുമായ വദനബിംബത്തിൽ പെട്ടെന്നു വർണ്ണഭേദമുളവായി. ആ നീലവിലോചനങ്ങളിൽനിന്നു ബാഷ്പബിന്ദുക്കൾ അടർന്നുവീണു. കാമുകൻ അവളെ ചുംബിച്ചുമർത്തി. അവളുടെ അമ്മയും കരഞ്ഞുപോയി. എനിക്കും—അതേ എനിക്കും—നൂതനമായ ഒരു വേദനയുണ്ടായി.

"ഇവിടെ മനസ്സും ശരീരവും നന്നാകും. എത്ര ആനന്ദകരമായ ഒരു സ്ഥലമാണിത്" രോഗിണി പറഞ്ഞു.

"ഈശ്വരനേ അറിയാവൂ, എനിക്കു ശത്രുക്കളുണ്ടോ എന്നു. അങ്ങനെയുണ്ടെങ്കിൽ ഞാൻ അവർക്ക് ഇവിടെവെച്ചു മാപ്പുകൊടുക്കും." പിതാവു വിറയ്ക്കുന്ന ശബ്ദത്തിൽ പറഞ്ഞു.

ഞങ്ങളെല്ലാവരും വീണ്ടും നിശ്ശബ്ദരായി. അത്രമാത്രം അത്ഭുതകരമായ അവസ്ഥയായിരുന്നു അത്. എല്ലാം വിവരണാതീതമായവിധത്തിൽ രമണീയമായിരുന്നു. എല്ലാവർക്കും അങ്ങനെതന്നെ തോന്നി. അതിനാൽ ആരും മറ്റാരേയും ഉപദ്രവിച്ചില്ല. ഒരുമണിക്കൂറോ മറ്റോ കഴിഞ്ഞു ഗ്രീക്കുകാരൻ കടലാസ് മടക്കി ചെറുതായി ഒന്നു തല കുലുക്കിക്കൊണ്ട് ആ സ്ഥലം വിട്ടതുപോലും ഞങ്ങൾ ശ്രദ്ധിച്ചില്ല.

സമയം കഴിഞ്ഞു. വിദൂരപ്രദേശങ്ങൾ കടുംനീലവർണ്ണത്തിൽ ആമഗ്നമാകാൻ തുടങ്ങിയപ്പോൾ തിരിച്ചുപോകാനുള്ള സമയമായെന്നു മാതാവു ഞങ്ങളെ ഓർമ്മിപ്പിച്ചു. ഞങ്ങൾ എഴുന്നേറ്റു ദുഃഖമറിയാത്ത ശിശുക്കളെപ്പോലെ ഹോട്ടലിലേക്കു നടന്നു. അവിടത്തെ മനോഹരമായ വരാന്തയിൽ ഞങ്ങൾ ഇരുന്നു. ഇരുന്നതേയുള്ളു. അപ്പോൾ താഴെ ആരോ ശണ്ഠകൂടുന്നതിന്റേയും ശപഥങ്ങൾ ചെയ്യുന്നതിന്റേയും ശബ്ദങ്ങൾ കേട്ടുതുടങ്ങി. ഗ്രീക്കുകാരൻ ഹോട്ടലുടമസ്ഥനോട് വഴക്കുകൂടുകയായിരുന്നു. നേരംപോക്കിനുവേണ്ടി ഞങ്ങളതു ശ്രദ്ധിച്ചു. പക്ഷേ ആ വിനോദം അധികനേരം നിലനിന്നില്ല. "എനിക്കു വേറെ അതിഥികളില്ലെങ്കിൽ..." ഹോട്ടൽക്കാരൻ അങ്ങനെ മുരുമുരുത്തുകൊണ്ട് ഞങ്ങളുടെ സമീപത്തേക്കു കോണിപ്പടികയറിവന്നു.

ഹോട്ടലുടമസ്ഥനോട് യുവാവ് ചോദിച്ചു. "അദ്ദേഹമാരാണെന്നു നിങ്ങൾ എന്നോട് പറയുമോ? അദ്ദേഹത്തിന്റെ പേരെന്താണ്?"

"ങ്ങ്—ആക്കറിയാം അവന്റെ പേര്" അയാൾ കോപകലുഷിതനായി താഴത്തേക്കു നോക്കി പറഞ്ഞു "രക്തം കുടിക്കുന്ന വവ്വാൽ—അങ്ങനെയാണ് ഞങ്ങൾ അവനെ വിളിക്കുന്നത്"

"ചിത്രകാരനോ"

"നല്ലകച്ചവടം! അവൻ ശവശരീരങ്ങളെ മാത്രമേ വരയ്ക്കുകയുള്ളു. കാൺസ്റ്റാൻറിനോപ്പിളിലോ ഇവിടെ അടുത്തോ ആരെങ്കിലും മരിച്ചാൽ, മരിച്ചയാളിന്റെ ഒരു പൂർണ്ണ ചിത്രം അന്നുതന്നെ അവന്റെ കൈയ്യിൽ കാണും. ഇവൻ അതു നേരത്തെ വരയ്ക്കുകയാണ്. ഒരിക്കലും തെറ്റുപറ്റുകയില്ല. കഴുകനെപ്പോലെ"

ആ വൃദ്ധസ്ത്രീ ഭയവിവശയായി നിലവിളിച്ചു. മകൾ അവരുടെ കയ്യിൽ വെളുത്തു വിളറിവീണു. അവൾ ബോധരഹിതയായി.

ഒരൊറ്റച്ചാട്ടത്തിൽ യുവാവു കോണിപ്പടികൾ ഇറങ്ങി. ഒരുകൈകൊണ്ടു അയാൾ ഗ്രീക്കുകാരനെ പിടികൂടി മറ്റേ കൈകൊണ്ടു കടലാസുകെട്ടു കരസ്ഥമാക്കാൻ ശ്രമിച്ചു. ഞങ്ങൾ പുറകെ ഓടി. രണ്ടുപേരും മണലിൽ കിടന്നുരുളുകയായിരുന്നു. കടലാസുകൾ എല്ലായിടത്തും വിതറിക്കിടന്നു. അവയിലൊന്നിൽ പകുതി അടഞ്ഞ കണ്ണുകളോടും നെറ്റിയിൽ ഇലകൾകൊണ്ടുള്ള ഹാരത്തോടുംകൂടി പോളണ്ടുകാരിയായ ഒരു യുവതിയുടെ ശിരസ്സ് ചായംകൊണ്ടു വരയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു.

—o—

അത്യായതമായ കരങ്ങൾക്കുപോലും മായ്ക്കാൻകഴിയാത്തവിധം നിത്യജീവിതം പ്രാപിച്ചുകഴിഞ്ഞു ഹിമശുഭ്രമായ ആ പാവനാത്മാവിനു നിത്യശാന്തിയുണ്ടാക്കി പ്രാർത്ഥിക്കുക. അദ്ദേഹത്തിന്റെ യശഃശരീരം നമ്മുടെ ഭാവിയിലെ നിത്യമംഗല്യദീപമായി പരിശോഭിച്ചരുളുമാറാകട്ടെ!!

—o—

## ഇൻഡ്യൻ സ്കൗട്ടസംഘം



ഫ്രാൻസിൽവച്ചു ഈ മാസത്തിൽ നടക്കുന്ന ലോകസമ്മേളനത്തിൽ (ജാംബോറി) സംബന്ധിക്കുന്നതിനായി ഏതാം ഇൻഡ്യൻ സ്കൗട്ട്സു ലണ്ടനിൽ വാട്ടർലൂസ്റ്റേഷനിൽ എത്തിയ അവസരത്തിൽ എടുത്ത ഫോട്ടോ.


# വിജ്ഞാപനം

'റാണി' ട്രേഡ് ഇൻഡസ്ട്രീസ്, ഡെൽഹി—എന്ന കമ്പനിക്കാർ അവരുടെ 'റാണി' പാവകളുടെ (ടോയികളും സാളുകളും) സംസ്ഥാനങ്ങൾ ഉൾപ്പെടെ മദ്രാസ് പ്രോവിൻസിലേയും ഹൈദരാബാദ് സ്റ്റേറ്റിലേയും വിതരണത്തിനായി ഞങ്ങളെ സോൾ ഏജൻറന്മാരായി നിയമിച്ചിരിക്കുന്നു. സബ് ഏജൻസിക്കും സ്റ്റോക്കിസ്റ്റ് ഏജൻസിക്കും താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക:—

സതേൺട്രേഡ് അസോസ്യേറ്റ്സ്,
3 തോപ് വെങ്കിടാചലമുദലിതെരുവ്,
(ട്രിപ്ലിക്കേൻ) മദ്രാസ് 5.

ചെറുകഥ

# * സ്ത്രീ

ചവറ ഒ. എൻ. വേലുക്കുറുപ്പ്.

തുറന്നുകിടന്ന ജനാലയിലൂടെ പ്രഭാതകിരണങ്ങൾ എന്റെ മുറിയ്ക്കുള്ളിലേക്കു കടന്നു. ഞാനപ്പോഴും മൂടിപ്പുതച്ചു കിടക്കുകയാണ്. ഉറങ്ങുകയല്ലെങ്കിലും എഴുന്നേൽക്കുവാൻ ഒരു മടി!

ഇത്തരമൊരു പുലർകാലം എനിക്കു പുത്തരിയാണ്. ഇന്നലെവരെ ഞാൻ പട്ടണത്തിലുള്ള സ്വഗൃഹത്തിലായിരുന്നു. വയസ്സിയായ മാതാവിന്റെ വാത്സല്യമൂറുന്ന വിളികേട്ടാണ് സാധാരണ ഞാനുണരുക. കണികാണുന്നത്, "ബെഡ് ററീ" ആയിരിക്കും. "രവിക്കുട്ടൻ" അവന്റെ അമ്മയുടെ കയ്യിലിരുന്നു കൊഞ്ചിക്കൊഴയും. "ച്ചാ, ച്ചാ!" എന്നു. അവനെ എടുത്തു മാറോടണച്ചുകൊണ്ടു ഞാൻ നിരത്തിലെ പുലർച്ചയ്ക്കുള്ള ബഹളവും നോക്കിക്കൊണ്ടിരിക്കും.

എന്നാൽ എന്റെ വൃദ്ധയായ മാതാവും സ്നേഹമയിയായ ഭാര്യയും കുസൃതിക്കുട്ടനായ രവിക്കുട്ടനും എല്ലാം എന്നിൽനിന്നൊട്ടേറെനാഴിക ദൂരെയാണിപ്പോൾ. ഞാനൊരു മലമ്പ്രദേശത്തെ ചെറിയ ബംഗ്ലാവിലാണ്. ഇവിടത്തെ ഒരു തേയിലത്തോട്ടത്തിലെ മാനേജരായി ഞാൻ നിയമിക്കപ്പെട്ടു. അങ്ങനെ ജീവിതപ്പോരിനിടയിൽ സ്നേഹാത്മാക്കൾ തമ്മിൽ പിരിഞ്ഞു.

കുരുവികളുടെ ചിലപ്പുകേട്ടാണു ഞാനിന്നുണർന്നതു. ഇപ്പോഴും ചിലതരം പറവകൾ വെളിയിൽ പാടുകയാണ്. ആ പാട്ടുകളൊന്നുംതന്നെ എനിക്കു പരിചിതമല്ല. ഒരു നേരിയ സീല്ക്കാരത്തോടെ തണുപ്പേറിയ ഒരു കാററു പാഞ്ഞണഞ്ഞു. എനിക്കു വല്ലാത്ത വിറപ്പു തോന്നി. ഞാൻ മെല്ലെയെണീററു; മുറിയുടെ മൂലയിൽനിന്നും ഒരു കസേരനീക്കി ജനലിനരികിലിട്ടു. അതിലിരിപ്പുറപ്പിച്ചുകൊണ്ടു ഞാൻ വെളിയിലേക്കു നോക്കി.

അകലെ, കിഴക്കൻമലകളുടെ താഴ്‌വരത്തിൽ കനകപ്പൊടി വിതറിക്കൊണ്ടു കതിരോനുദിച്ചുകഴിഞ്ഞു. നീളെനീളെക്കിടക്കുന്ന തേയിലത്തോട്ടങ്ങളിലേക്കു പ്രാകൃതരായ പണിക്കാർ അണിയണിയായി പൊയ്ക്കൊണ്ടിരുന്നു. നിരന്നുനില്ക്കുന്ന വലിയ കാററാടിമരങ്ങൾക്കിടയിലൂടെ തോട്ടമുടമസ്ഥന്റെ കമനീയമായ ബംഗ്ലാവു എനിയ്ക്കു കാണാം. മലനാട്ടിന്റെ, മനംകവരുന്ന ഭംഗി! അതിലലയിച്ചിരുന്നുപോകാത്തതാരാണ്!

എങ്ങുമൊരിടത്തു തങ്ങിനില്ക്കാതെ എന്റെ കണ്ണുകൾ അങ്ങനെ ചലിച്ചുകൊണ്ടിരിയ്ക്കവേ, അധികമകലത്തല്ലാതെ ഒരു പഴയ ചെററപ്പുര കാണായി. പുല്ലുമേഞ്ഞതാണതിന്റെ മേൽപുര. അതിന്റെ ചുമരുകൾക്കു വെള്ളയടിച്ചിട്ടു വളരെ നാളായ ലക്ഷണമുണ്ട്. തെക്കേ ചുമരിലെ കിളിവാതൽ ആരോ തള്ളിത്തുറന്നു. ഒരു ബാലികയുടെ മുഖം അതിനു പിന്നിൽ ദൃശ്യമായി.

മററുള്ളതെല്ലാം മറന്നു കുറേനേരം ഞാനങ്ങോട്ടുതന്നെ ഉററുനോക്കിക്കൊണ്ടിരുന്നു. ആ കൊച്ചുപെണ്ണ് എന്റെ ബംഗ്ലാവിനുനേരെ ദൃഷ്ടികൾ പായിച്ചുകൊണ്ടു നിശ്ചലയായി നില്ക്കുകയാണ്. മൂച്ചയേറിയതാണവളുടെ നോട്ടം!

ആ പ്രശാന്തവും ഏകാന്തവുമായ അവസ്ഥയിൽ എന്റെ ചിന്തകൾ യഥേഷ്ടം വിഹരിയ്ക്കുവാൻ തുടങ്ങി. ഭൂതകാലത്തിന്റെ മാറിലേക്കാണു ചിറകടിച്ചുയർന്നതു.

ഒട്ടേറെ കൊല്ലങ്ങൾക്കുമുമ്പ്: അതാ! അവിടെയും ഇതുപോലൊരു രംഗം! അന്നു ഞാനൊരു വിദ്യാർത്ഥി. ഞങ്ങളുടെ ഹോസ്റ്റലിന്റെ മുൻവശത്തെ ബാൽക്കണിയിലിരുന്നുകൊണ്ടു നിരത്തിന്റെ മറുഭാഗത്തെ, ഒരു കൊച്ചുവീട്ടിലേക്കു തുറിച്ചുനോക്കുകയാണു ഞാൻ!—എന്താണവിടെ? ഇപ്പോൾ കാണുന്ന അതേമാതിരി ഒരു ചിത്രം! വലിയ വ്യത്യാസമൊന്നുമില്ല. ഞാനിരുന്നിരുന്ന ബാൽക്കണിയിലേക്കു ദൃഷ്ടികളയച്ചുകൊണ്ടു ഒരു ബാലിക ആ കൊച്ചുവീട്ടിൽ തുറന്നുകിടക്കുന്ന ജനാലയുടെ പിന്നിൽ നിർന്നിമേഷം നിലകൊള്ളുന്നു.

അന്നൊരിയ്ക്കൽ യാദൃച്ഛികമായിട്ടാണെനിയ്ക്കാക്കാഴ്ച കാണാനിടയായതു. ആയിടയ്ക്കു, ദിവസവും ഞാൻ ബാൽക്കണിയിൽ കയറിയിരിപ്പായി. മററു കൂട്ടുകാരാരും ഈ കഥ അറിയാതിരിപ്പാൻ ഞാൻ പ്രത്യേകം നിഷ്കർഷിച്ചിരുന്നു. ഞാൻ നോക്കുമ്പോഴൊക്കെ ആ ബാലിക അവിടെ കാണും! അങ്ങിനെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഞാൻ ധരിച്ചു, അവളെന്നിൽ പ്രണയബദ്ധയായിരിയ്ക്കുമെന്ന്! ഒരുദിവസം ഞാനവളുടെ വീട്ടിനരികിലൂടെ പോയി. അവൾ ആ പഴയ സ്ഥാനത്തുതന്നെയുണ്ട്. നിരത്തിലൂടെ പതുക്കെ നടന്നുചെല്ലുന്ന എന്നെ അവൾ കണ്ടു. പക്ഷേ യാതൊരു ഭാവവ്യത്യാസവുമെന്യേ, ബാൽക്കണിയിലേക്കുതന്നെ അവൾ നോക്കുകയായി. ഞാൻ അവളുടെ മുഖത്തൊന്നു സൂക്ഷിച്ചുനോക്കിയിട്ടതിവേഗം നടന്നുപോയി. ഉൽക്കടമായ വേദന അവിടെ സ്പഷ്ടമായും നിഴലിയ്ക്കുന്നുണ്ടായിരുന്നു.

അതെന്തൊരു നോട്ടമാണ്! എനിക്കൊന്നും വെളിവായില്ല. നാളുകൾ പലതു അങ്ങനെ കഴിഞ്ഞു. ഒരുദിവസം ആ പ്രിയപ്പെട്ട മുഖം പതിവുപോലെ പ്രത്യക്ഷപ്പെട്ടില്ല. അടുത്തദിവസം ആ ജനാലപോലും തുറക്കപ്പെട്ടില്ല. വല്ലാത്ത സംഭ്രമത്തോടെ അന്നു ഞാനാ വീട്ടിനരികിലൂടെ പോയി. അതിനടുത്തുള്ള ഒരു ചെറുക്കനോടു ഞാൻ വിവരം അന്വേഷിച്ചു. അവന്റെ മറുമൊഴി, പിഴുതുകളയാൻ വയ്യാത്ത മുള്ളാണികൾപോലെ ഇപ്പോഴും എന്റെ ഹൃദയത്തിൽ തറച്ചുകിടപ്പുണ്ട്:—'ആ വീട്ടിലെപെങ്കൊച്ചിനെന്തോ ദീനം കേട്ടോ! അവരെല്ലാംകൂടെ, എങ്ങാണ്ടോ ഒരു വല്യ ആശുപത്രിയില് പോയിരിക്കുവാ!' നീറുന്ന നിരാശയോടെ ഞാൻ തിരിഞ്ഞുനടന്നു. കുറച്ചുനാളത്തേക്കു എനിക്കു മനസ്സിനൊരു വല്ലാത്ത വ്യാകുലതയായിരുന്നു. മെല്ലെ മെല്ലെ അതു നീങ്ങി. വർഷങ്ങളും അനവധി കഴിഞ്ഞു.

പണ്ടത്തെ ആ 'കഥയില്ലാക്കഥ'യിലെ അതേ ചിത്രംതന്നെ ജീവിതദശയിൽ രണ്ടാമതും ഞാനിതാ കാണുന്നു. തെല്ലിടകഴിഞ്ഞു, ആ മുഖം അപ്രത്യക്ഷമായി. ഞാനപ്പോഴും ഒരു പ്രതിമയെപ്പോലെ അവിടെത്തന്നെയിരുന്നു. നിമേഷങ്ങൾ മെല്ലെ ഇഴഞ്ഞകന്നു.

'സാർ! സാർ!'—ആരോ എന്റെ മുറിയുടെ കതകിനു തട്ടി വിളിച്ചു. ഞാനെണീററു കതകു തുറന്നു.

ദയനീയമായ മുഖഭാവത്തോടെ, യുവത്വത്തിലേക്കു കാലൂന്നിക്കഴിഞ്ഞിരിയ്ക്കുന്ന ഒരു പെണ്ണ് എന്റെ മുന്നിൽ നില്ക്കുന്നു. അവൾ എന്നെ കണ്ടയുടൻ അമ്പരന്നു പിന്നിലേക്കു മാറി.

ഞാൻ ചോദിച്ചു, 'നീയാര?'

'ഈ മങ്കളാവിലെ.........' ശേഷം പറയുവാനവൾക്കു കഴിവില്ലായിരുന്നു.

'നിന്റെ പേര്?—' 'നീയെന്തിനിവിടെ വന്നു?'—ഞാൻ തുടരെ തുടരെ ചോദിച്ചു. അതിനൊന്നും ഉത്തരം പറയാതെ അവൾ ഓടി മറഞ്ഞുകളഞ്ഞു. അന്നുച്ചയ്ക്ക് അകലെയൊരു മരച്ചോട്ടിലിരുന്ന് അവൾ വിങ്ങിവിങ്ങിക്കരയുന്നതു ഞാൻ കണ്ടു.

എനിയ്ക്കൊന്നും മനസ്സിലായില്ല. ഇതും 'കഥയില്ലാത്ത ഒരു കഥ'യാണോ?...

* * * *

തോട്ടത്തിലെ ഒരു ജോലിക്കാരനിൽനിന്നും ഞാനവളുടെ കഥ മനസിലാക്കി.

അവൾ ഒരു അനാഥയായ പെൺകുട്ടിയാണ്. ഉററവരും ഉടയവരുമായി ആരുമവൾക്കില്ല! എനിക്കു മുമ്പേ, ഇവിടത്തെ തോട്ടംമാനേജരായിരുന്ന ആളിന്റെകൂടെയായിരുന്നു അവൾ!

വീട്ടുകാരെയെല്ലാം വെടിഞ്ഞു ഈ മലമ്പ്രദേശത്തെ ഒരു ചെറിയവീട്ടിൽ ഒററയ്ക്കു കഴിഞ്ഞുകൂടവേ, സ്നേഹിയ്ക്കുവാനും സ്നേഹിക്കപ്പെടുവാനും ആ പെണ്ണിനെ ലഭിച്ചതു, അയാൾക്കു വലിയൊരു 'നിധി' കിട്ടിയതിനു തുല്യമായിരിയ്ക്കണം! ഇവിടത്തെ വീർപ്പുമുട്ടിയ്ക്കുന്ന ഏകാന്തതയിൽ ഞാനുമിതുപോലെ ഒരു സ്നേഹാത്മാവിന്റെ സാന്നിധ്യത്തിനുവേണ്ടിക്കേഴുകയാണ്. എന്റെ മുൻഗാമിയ്ക്കു, അതുകൊണ്ടു, ആ ബാലികയുടെ 'കൂട്ടു' എത്രമാത്രം ആശ്വാസദായകമായിരുന്നുവെന്നു എനിയ്ക്കു ഊഹിയ്ക്കാൻ കഴിയും.

ഏറെനാളങ്ങനെ കഴിഞ്ഞപ്പോൾ അയാൾക്കിവിടം വെറുത്തു. അയാൾ അവധിയ്ക്കപേക്ഷിച്ചു. തോട്ടമുടമസ്ഥൻ അതിനനുവദിച്ചില്ല. അയാളപ്പോൾ ഉദ്യോഗമുപേക്ഷിച്ചുകളഞ്ഞു; വിരഹതാപം അയാളെ അതിനപോലും പ്രേരിപ്പിച്ചു.

അയാൾ നാട്ടിലേക്കു വണ്ടികയറുവാനൊരുങ്ങുകയായി. ആ പെണ്ണു അയാളോടുള്ള തന്റെ അന്ത്യമായ അപേക്ഷ അറിയിച്ചതിതായിരുന്നു:—"അങ്ങയുടെ വീട്ടിലേയ്ക്കെന്നെക്കൂടി കൊണ്ടുപോകാമോ?'......ഒരു പരിഹാസച്ചിരിയോടെയാണപോലും അയാളതു ശ്രവിച്ചതു! ആ ചിരി അവളുടെ ഹൃദയത്തെ മുറിവേല്പിച്ചിരിയ്ക്കണം!

അയാൾ, കരുണതോന്നി, ഒരു പണക്കിഴി അവളുടെ നേരേ നീട്ടി.

'വേണ്ട!'—അഭിമാനംനിറഞ്ഞ സ്വരത്തിൽ അവളതു നിരസിച്ചുകളഞ്ഞു! ബന്ധുക്കളുമായുള്ള ഏറെനാളത്തെ വിരഹത്തിന്റെ അന്തിമമുഹൂർത്തമാഗതമാകുന്നതിൽ സന്തോഷിച്ചു അയാൾ സ്വദേശത്തേക്കു വണ്ടികയറി. പാവപ്പെട്ട ആ കൊച്ചുപെണ്ണ്! മുഖം പൊത്തി, വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടവളാമൺപുരയിൽ ചെന്നുവീണു! അതാണവൾ ജനിച്ചുവളർന്ന വീട്! ബാല്യത്തിലേതന്നെ അവളെ ഉപേക്ഷിച്ച അച്ഛനമ്മമാരെപ്പററിയുള്ള തേഞ്ഞുമാഞ്ഞ സ്മരണകൾ തങ്ങിനില്ക്കുന്നതുമവിടെയാണ്.

കഷ്ടം! സാധുബാലിക! സ്നേഹംനിറഞ്ഞ ഒരു മൃദുലഹൃദയമാണവളുടേതു! അതാർക്കെങ്കിലും സമർപ്പിയ്ക്കുവാനും പകരം കറയററ സ്നേഹംതന്നെ ലഭിയ്ക്കുവാനും വേണ്ടി ഒരുനാളും അവൾ വെമ്പൽ കൊണ്ടിരിയ്ക്കണം. എന്നാൽ അവളതൊരാൾക്കു സമർപ്പിച്ചു. പക്ഷേ സ്നേഹത്തിലൂടെ അതിനു പ്രതിഫലം ലഭിച്ചില്ലെന്നു മാത്രം. ഒരു പണക്കിഴി!—അതാരിക്കലും യഥാർത്ഥസ്നേഹത്തിനുള്ള പ്രതിഫലമല്ലെന്നവൾക്കറിയാം. അതുകൊണ്ടാണവളതു നിരസിച്ചതു!

നട്ടുച്ചപ്പകലിൽ, തോട്ടപ്പണിക്കാരെല്ലാം വല്ല മരത്തണലിലും വിശ്രമം കൊള്ളുകയായിരിക്കും. ഉച്ചഭക്ഷണംകഴിഞ്ഞു, ഞാൻ എന്റെ മുറിയിലിരുന്നുകൊണ്ടാ മൺപുരയിലേക്കുററുനോക്കും! അവിടെയെന്തെല്ലാം നടന്നിരിക്കും! എല്ലാം സങ്കല്പചിത്രങ്ങളാക്കി ഉൾക്കണ്ണുകൊണ്ടു ഞാൻ കാണും. പാവങ്ങളായ ഏതോ ദമ്പതികൾക്കു അവരുടെ ആശകൾ നിറകതിരണിഞ്ഞപോലെ ഒരോമന മകൾ പിറന്നു. അവളെപ്പററിയുള്ള പ്രതീക്ഷകൾ സാഫല്യമടയുംമുൻപു, ആ മാതാപിതാക്കൾ മൺമറഞ്ഞു! മാവിനുടെ തണൽപൂണ്ടു ഏകാന്തതയുടെയും മൂകതയുടെയും ഉററതോഴിയായിട്ടാപെണ്ണു വളർന്നുവന്നു, പ്രകൃതിയുടെ മകളായിട്ടു! എങ്കിലും അവൾക്കൊരു സ്ത്രീഹൃദയമുണ്ടായിരുന്നു. ആ ഹൃദയത്തിലും മനുഷ്യസഹജമായ ആശകൾ—സ്നേഹിയ്ക്കുവാനും സ്നേഹിക്കപ്പെടുവാനും കോൾമയിർക്കൊള്ളുവാനുമുള്ള ആശകൾ—മൊട്ടിട്ടു. അന്നത്തെ അസഹ്യതയുടെ നെട്ടുവീർപ്പുകൾ ഇപ്പോഴും ആ പുരമുറിയ്ക്കുള്ളിൽ തങ്ങിനിൽപുണ്ടാവും! അവളുടെ ഹൃദയം അന്നാകെയാർന്നതുകൊണ്ടിരുന്ന ആളിനെ ലഭിച്ചതിൽ, അവൾ ആനന്ദബാഷ്പം തൂവിയിരിയ്ക്കാം! എന്നാൽ ഹൃദയഹാരിയായ മഴവില്ലിനു പിറകെ, കൊളിമക

(ശേഷം നാലാംപേജിൽ)



എലിസബത്തുരാജകുമാരി തന്റെ ഭാവിവരൻ മൌണ്ട്ബാററനുമായി "സ്കോത്ത് ആൻഡ് സ്വീസുബോൾ"-ൽ സംബന്ധിക്കുന്നു

* ഒരു ടാഗോർകഥ വായിച്ചിട്ട്.

(പകർപ്പവകാശം)

(മൂന്നാംപേജിൽനിന്നും തുടർച്ച)

വും ഭയാനകമായിരുന്നപോലെ അതേ തുടർന്ന് വിഷാദത്തിന്റെ വിറകൊള്ളിയ്ക്കുന്ന വീർപ്പുകൾ ആ മൺപുരയിലെ വായുവിൽ ലയിക്കുന്നു........

ഹൃദയത്തിൽനിന്ന് മായാത്തൊരു ചിത്രമാണത്. ആ കൊച്ചുമുറിയുടെ തറയിലെഴുന്ന മണൽവിരിപ്പിലിരുന്ന്, പച്ചിലകൾക്കിടയിലൂടെ തെളിയുന്ന ആകാശത്തിലേയ്ക്കുറ്റുനോക്കിക്കൊണ്ട് അവളങ്ങനെ ഇരിക്കും! ആ നീലനയനങ്ങളിൽനിന്ന് കണ്ണുനീർ ഒലിയ്ക്കും. സ്നേഹത്തിനുവേണ്ടിയുള്ള കേഴലാണത്. ഒരു നൈരാശ്യത്തിന്റെ നീർച്ചാലുകളാണു പ്രവഹിക്കുന്നത്.

ഉറ്റവരാരും അടുത്തില്ലാത്ത ഈ അവസ്ഥയിൽ എന്റെ ഹൃദയവും സ്നേഹത്തിനുവേണ്ടി കേഴുകയാണ്. എന്റെ കണ്ണീർ ആ പാവപ്പെട്ട പെണ്ണിന്റെ കണ്ണീർ തുടയ്ക്കുവാൻ വെമ്പുകയാണ്.

'അരുത്!' മനഃസാക്ഷിയിലാരോ അതു ഞൊടിപ്പിയ്ക്കുന്നു. ശരിയാണ്! എനിയ്ക്കതിനവകാശമില്ല. അഥവാ, എന്റെ ഹൃദയത്തിന് ശാശ്വതമായ അവകാശമുള്ളവർ വേറെയുള്ളപ്പോൾ ഞാനതു ചെയ്തുകൂടാ! ഒരുനാൾ ഞാനും ഇവിടം വിടേണ്ടവനാണ്"........അവളുടെ മീതെയുള്ള ഒരു മരക്കൊമ്പിലിരുന്ന് ഒരു കിളി പാടി:—

'കേഴുക, കേഴുക കേഴമാൻകണ്ണാളേ!
കേഴവേക്കാശ്വാസമേകും ദൈവം.'

* * * * *

ഇന്നവളെന്റെ ഭൃത്യയാണ്. അവൾ ഒരു യന്ത്രത്തെപ്പോലെ പണിയെടുക്കും. അധികമൊന്നും സംസാരിയ്ക്കാറില്ല. ആ ചുണ്ടുകൾ പുഞ്ചിരിച്ച് ഞാൻ കണ്ടിട്ടേയില്ല.

എന്റെ മുൻഗാമിയായിരുന്ന ആ മനുഷ്യനെപ്പറ്റി ഞാൻ പലപ്പോഴും അവളോട് ചോദിച്ചിട്ടുണ്ട്. ചില വേളകളിൽ അവൾ മറുപടി പറഞ്ഞിട്ടുണ്ട്. ഒരിയ്ക്കൽ ഞാൻ ചോദിച്ചു, 'നിന്നെ അയാൾ സ്നേഹിച്ചിരുന്നുവെന്നെങ്ങനെ അറിയാം?'

ഉത്തരമിതായിരുന്നു:—'അദ്ദേഹമെന്നോട് പറഞ്ഞിട്ടുണ്ട്; തന്റെ അമ്മയുടെയും 'കൂടപ്പിറവി'കളുടെയും അഭാവത്തിൽ, തന്റെ മനസ്സിൽ ഞാനാണാ സ്ഥാനങ്ങളെല്ലാം വഹിക്കുന്നതെന്ന്.'

'നീ അയാളെ സ്നേഹിച്ചതോ?'

'എന്റെ മരിച്ചുപോയ അച്ഛനായിട്ട്, എങ്ങോ പുറപ്പെട്ടുപോയ എന്റെ 'ഉടപ്പിറന്നവനാ'യിട്ട്! അത്രയും പറഞ്ഞിട്ടവൾ ഓടിക്കളഞ്ഞു! പിന്നീടൊരവസരത്തിൽ ഞാൻ ചോദിച്ചു, 'മറിയീ! ആ പണക്കിഴി വേണ്ടെന്നു പറഞ്ഞതെന്തു? അതുണ്ടായിരുന്നെങ്കിൽ സുഖമായി ജീവിയ്ക്കാൻ മേലായിരുന്നോ?'

ഒന്നുമിണ്ടാതെ അവൾ എന്നെ തുറിച്ചു നോക്കി; തീപ്പൊരി പാറുന്ന കണ്ണുകൾ!!

ഞാൻ തുടർന്നു:—"അയാൾ പോയെങ്കിൽ നിനക്കെന്തു? വേറാരാളെ......" ഞാനതു മുഴുമിക്കുന്നതിനുമുമ്പ്, ഒരു സിംഹിയെപ്പോലെ ചാടിയെണീറ്റവൾ പറഞ്ഞു, "ഞാനൊരു സ്ത്രീയാണ്!"......

അതെ! എന്റെ സകല സംശയങ്ങൾക്കുംകൂടി സംക്ഷിപ്തമായ സമാധാനം! അവൾ പെട്ടെന്നപ്രത്യക്ഷയായി. ഞാൻ സ്തംഭിച്ചു നിന്നുപോയി!

പറവകളെല്ലാം ചേക്കേറി. തോട്ടപ്പണിക്കാർ വയലൊഴിച്ച വേഷത്തിൽ അവരവരുടെ സങ്കേതങ്ങളിലേക്കു നടന്നുപോയി. ഓർമ്മയുടെ കൈവിളക്കേന്തി ഞാൻ ഭൂതകാലത്തിന്റെ ഇരുട്ടറയിൽ ചെന്നുനിന്നു. എന്റെ വിദ്യാർത്ഥിജീവിതത്തിലെ ആ "കഥയില്ലാത്ത കഥ" എനിക്കിപ്പോൾ വെളിവായി.

ആ ജനലയുടെ പിന്നിലെ രൂപം! അവൾ നിന്നിരുന്നതു ഹോസ്റ്റലിലെ ബാൽക്കണിയിലേക്കു നോക്കുന്നു—നേരത്തെ തന്നെ അവിടെ താമസിച്ചിരുന്ന വല്ലവർക്കും അവൾ സ്വഹൃദയം സസ്നേഹം സമർപ്പിച്ചിരിക്കാം—ആ "ഏഴയെനായക"ൻ ബാൽക്കണിയിലിരുന്ന് അവൾക്കു മൂകസന്ദേശങ്ങളയച്ചിട്ടുണ്ടാവാം—അയാൾ കാച്ചുനാൾ കഴിഞ്ഞവിടം വെടിഞ്ഞു കാണും—അപ്പോഴും ആ പെൺകുട്ടി ജനലയുടെ മറവിൽ കാത്തുകാത്തുനിന്നു—ഒടുവിൽ നിരാശഭരിതയായ ആ രാഗിണി ഒരു രോഗിണി ആയി!—അവളുടെ അന്ത്യശ്വാസവും നിരാശയുടെ ഒരു നീറുന്ന നിശ്വാസമായി അന്തരീക്ഷത്തിൽ ലയിച്ചിരിക്കാം!

—o—

# കൊറിയാ

ആർ. സി. പ്ലാപ്പള്ളി, എസ്സ്. ഡി. കാളേജ്.

ഇക്കഴിഞ്ഞ ലോകമഹായുദ്ധം അടിമരാജ്യങ്ങളുടെ അടിമത്തച്ചങ്ങലകൾ തല്ലിത്തകർക്കുവാൻ വേണ്ടി നടത്തിയതാണെപോൽ! മഹാശക്തികളുടെ കരാളദംഷ്ട്രകളിൽപെട്ട് നരകയാതനകളനുഭവിക്കുന്ന രാജ്യങ്ങൾ എത്രയെത്ര? ഫ്രഞ്ച് ഇൻഡോചൈന, ഇൻഡോനേഷ്യ, കൊറിയ എന്നീ രാജ്യങ്ങൾ എന്തിനുവേണ്ടി നിലകൊള്ളുന്നു? സാമ്രാജ്യദുഷ്പ്രഭുത്വത്തിന്റെ ഇരുമ്പഹസ്തങ്ങളിൽനിന്നും നിർവൃതി നേടുവാൻ.

കൊറിയാ നാല്പതുവർഷങ്ങളോളം ജപ്പാൻകാരുടെ ഭരണത്തിൻകീഴിലായിരുന്നു. റഷ്യയും ജപ്പാനും തമ്മിൽ നടന്ന യുദ്ധത്തിനുശേഷം യൂറോപ്യൻശക്തികൾ ജപ്പാൻകാർക്ക് കൊറിയായുടെ രക്ഷാകർത്തൃത്വം വിട്ടുകൊടുത്തു. കൊറിയാക്കാരുടെ അഭിപ്രായം ആരാഞ്ഞില്ലെങ്കിൽ അതു സ്വാഭാവികംമാത്രം! ൧൯൪൫-ൽ ജപ്പാൻകാർ കൊറിയാ വിട്ടപ്പോൾ ഒരു 'സഹാറാ'കൊറിയായിൽ നിർമ്മിയ്ക്കുന്നതിൽ വിജയം വരിച്ചുകഴിഞ്ഞിരുന്നു. കൃഷികൾ നശിപ്പിച്ചു, വനങ്ങൾ വെട്ടിത്തെളിച്ചു, മണ്ണിനടിയിലുണ്ടായിരുന്ന ലോഹങ്ങളെല്ലാം അരിച്ചുവാരി; രാഷ്ട്രീയസംഗതികളിലായിരുന്നെങ്കിൽ കൊറിയാക്കാർ ജപ്പാൻ അധികാരികളുടെ അടിമകൾ മാത്രമായിരുന്നു. സർവ്വപ്രധാനങ്ങളായ ഉദ്യോഗം മുഴുവൻ ജപ്പാൻകാർക്കായി മാറ്റിവയ്ക്കപ്പെട്ടിരുന്നു. അഭിപ്രായസ്വാതന്ത്ര്യമോ സംഘടനകൾ രൂപീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യമോ കൊറിയാക്കാർക്ക് ജപ്പാൻകാർ അനുവദിച്ചില്ല. പ്രസ്തുത സകലവിധ പാരതന്ത്ര്യമർദ്ദനമുറകളും ജപ്പാൻകാർ നടപ്പിൽ വരുത്തി.

രണ്ടാംലോകമഹായുദ്ധത്തിൽ ജപ്പാൻകാർ പരാജയമടഞ്ഞപ്പോൾ പല ആശാസൗധങ്ങളും കൊറിയാക്കാർ കെട്ടിപ്പടുത്തു. ഐക്യകക്ഷികൾ നേരത്തെതന്നെ അവർക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ൧൯൪൫—ലെ മോസ്കോ സമ്മേളനം പ്രസ്തുത വാഗ്ദാനംപോലും നിഷേധിച്ചു. കൊറിയായെ യൂണൈറ്റഡ് സ്റ്റേറ്റ്സിന്റെയും റഷ്യയുടേയും ട്രസ്റ്റിഷിപ്പിൽ വിട്ടു.

അമേരിക്കക്കാർ ജപ്പാൻകാരെക്കാൾ കഷ്ടതരമായി ഭരണം ആരംഭിച്ചു. വലിയ ഉദ്യോഗങ്ങളെല്ലാം അമേരിക്കക്കാർ കൈവശമാക്കി. പ്രധാനപ്പെട്ട നഗരങ്ങളിലെ നഗരസഭാദ്ധ്യക്ഷന്മാരും മറ്റും അമേരിക്കക്കാർതന്നെ. ജപ്പാൻകാർ ഉപേക്ഷിച്ചിട്ടുപോയ അല്പമായുണ്ടായിരുന്ന വ്യവസായങ്ങൾ അമേരിക്കൻമുതലാളിമാർ കയ്യിലാക്കി.

രാഷ്ട്രീയവും സാമ്പത്തികവുമായ പുനരുദ്ധാരണത്തിനെന്നു പറഞ്ഞു, അമേരിക്കക്കാരുടെപാദം കൊറിയായിൽ ഒന്നുകൂടി ഉറപ്പിയ്ക്കുവാൻ പല പദ്ധതികളും രൂപീകരിയ്ക്കുന്നുണ്ട്. ആഹാരസാധനങ്ങൾ യന്ത്രസാമഗ്രികൾ മുതലായവയ്ക്കായി വൻപിച്ച ഒരു തുക അമേരിക്കക്കാർ കൊറിയായിൽ ചെലവുചെയ്യുവാൻപോകുന്നു. കൊറിയാക്കാരാൽ തെരഞ്ഞെടുക്കപ്പെട്ട 'ഉത്തരവാദിത്വമുള്ള' ഒരു ഭരണകൂടം രൂപീകരിച്ചു. പക്ഷെ അമേരിക്കൻ സൈനികാധികാരികളുടെ നിയന്ത്രണത്തിൻകീഴിലാണെന്നേയുള്ളു. ഒരു കർഷകരാജ്യംമാത്രമായ കൊറിയാ ഒരു വ്യവസായകേന്ദ്രമാക്കുവാൻ അവർ തയ്യാറായിട്ടില്ല. യുദ്ധത്തിനുമുൻപുണ്ടായിരുന്ന ഒരു സാമ്പത്തികനില കൈവരുത്തുകയെന്നതാണ് മുഖ്യമായ ഉദ്ദേശം.

ബ്രിട്ടീഷുകാരുടെ 'മാസ്റ്റർപീസായ' ഭിന്നിപ്പിച്ചു ഭരിയ്ക്കുക (dividect impera) യെന്ന നയം അമേരിക്കക്കാരും കൊറിയായിൽ സ്വീകരിച്ചിരിയ്ക്കുന്നു. ആൻറികമ്മ്യൂണിസ്റ്റുകാരെയും പ്രോകമ്മ്യൂണിസ്റ്റുകാരെയും തമ്മിൽ കടിപിടികൂട്ടിച്ചു. ഇൻറിംലജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് ൪൨ ആൻറികമ്മ്യൂണിസ്റ്റുകാരും ൨ പ്രോകമ്മ്യൂണിസ്റ്റുകാരും തെരഞ്ഞെടുക്കപ്പെട്ടു. പാർട്ടികൾ തമ്മിൽ സമത്വമുളവാക്കുന്നതിനുവേണ്ടി ൪൦ പേരെക്കൂടി അമേരിക്കൻസൈന്യാധികൃതർ നോമിനേറ്റുചെയ്തു. ഇതു കൊറിയായിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ വലുതായ കോളിളക്കമുണ്ടാക്കി; മാത്രമല്ല റഷ്യക്കാരുടെ വെറുപ്പും വർദ്ധിച്ചു.

അമേരിക്കൻഭരണത്തിന് വിരുദ്ധമായ പ്രകടനങ്ങൾ കൊറിയായിലെ ജനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിയ്ക്കുന്നു. 'സ്വതന്ത്രമാക്കിയതിന് നന്ദി; ഞങ്ങൾക്കു കൊറിയൻഗവൺമെന്റുമതി! ട്രസ്റ്റിഷിപ്പ് ആവശ്യമില്ല.' 'ഒന്നുകിൽ സ്വാതന്ത്ര്യം; അല്ലെങ്കിൽ മരണം'. 'അന്യരാജ്യങ്ങളിലെ അഴുകിയ ധാന്യങ്ങൾ ഞങ്ങൾക്കെന്തിന്? യുണൈറ്റഡ്സ്റ്റേറ്റ്സിൽ അതെല്ലാം കരിക്കുക! മരണം അനിവാര്യമെങ്കിൽ മരണത്തിന്റെ ആക്രമണത്തിനുമുൻപ് ഒരുപാത്രം ചോറെങ്കിലും ഭുജിയ്ക്കാം' ഇപ്രകാരമുള്ള മുദ്രാവാക്യങ്ങൾ കൊറിയായിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി അരയും തലയും മുറുക്കിയിരിയ്ക്കയാണ്.

ലോകത്തിലെ ഏറ്റവും പരിതാപകരമായ ഒരു സംഗതിയാണ് കൊറിയായുടെ ഇന്നത്തെ നില. അർദ്ധശതാബ്ദമായി അവർ വിദേശഭരണത്തിൻകീഴിൽ എരിപൊരികൊള്ളുകയാണ്. പ്രജായത്തസിദ്ധാന്തങ്ങൾ അനുസരിയ്ക്കുന്ന, അതിനുവേണ്ടി നിലനിൽക്കുന്നെന്ന് തന്നത്താൻ ഉൽഘോഷിയ്ക്കുന്ന അമേരിക്കൻഐക്യനാടുകൾ ഈവിധം തുടരുന്നതു ശോചനീയംതന്നെ. ഇതിനുംപുറമെ നാവികസങ്കേതങ്ങൾക്കായി കൊറിയായിൽ റഷ്യക്കാരും അമേരിക്കക്കാരുംതമ്മിൽ സ്വരച്ചേർച്ചയില്ലാതായിട്ടുണ്ട്. പൂർവ്വസമുദ്രത്തിൽ ഒരു കലഹത്തിന് ഇതു വഴിതെളിച്ചേക്കുമോ എന്നു സന്ദേഹിയ്ക്കുന്നവരും ഇല്ലാതില്ല.

ഏതായാലും ഐക്യരാഷ്ട്രസമിതി ഇനി കൊറിയൻ പ്രശ്നത്തിനൊരു തീരുമാനം ഉണ്ടാക്കേണ്ടതാണ്. 'അമേരിക്കക്കാരുടെ ഹസ്തങ്ങളിലെ പാവയാണ് ഐക്യരാഷ്ട്രസമിതി'യെന്ന് റഷ്യക്കാരും മറ്റും പരിഹസിക്കുന്നതിന്റെ വാസ്തവം ഇപ്പോഴറിയേണ്ടതു്.

അമേരിക്കക്കാരുടെ മഹനീയമായ പാരമ്പര്യത്തെയും ആദർശത്തെയും കളങ്കപങ്കിലമാക്കുന്ന പ്രവർത്തനങ്ങൾ തുടരുകയില്ലെന്നു പ്രതീക്ഷിക്കാം.

—o—

## എന്റെ സമ്പാദ്യം സൂക്ഷിച്ചു വർദ്ധിപ്പിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗം എന്താണ്?

മാസന്തോറും ഒരു ക്ലിപ്തസംഖ്യ മാത്രം വരവുള്ളവർക്ക് അവരുടെ ആയവ്യയക്കണക്കുകൾ ശരിപ്പെടുത്തുന്നതു് ഒരു മുഖ്യപ്രശ്നമായി വരികയാണ്. വീട്ടുചിലവുകൾ നിർവ്വഹിച്ച ശേഷം, ഭാവിയിലേക്ക് ഒരു നിശ്ചിത തുക കരുതിവയ്ക്കുന്നതു് എങ്ങിനെ?

ഇന്നു മുതൽ നിങ്ങളുടെ സമ്പാദ്യം സൂക്ഷിച്ചു വർദ്ധിപ്പിക്കുവാൻ എങ്ങിനെ സാധിക്കുമെന്ന് പാലാ സെൻട്രൽ ബാങ്ക് ബ്രാഞ്ചു മാനേജർ സസന്തോഷം പറഞ്ഞുതരും. ഏററവും എളുപ്പ വഴി, ബാങ്കിൽ ഒരു സേവിംഗ്സ് അക്കൌണ്ടു് ആരംഭിക്കുകയാണ്. അക്കൌണ്ടു് തുടങ്ങുവാൻ 5 രൂപാ മാത്രം മതി. പിന്നെ ഒരു രൂപായിൽ കുറയാത്ത ഏതു സംഖ്യ വേണമെങ്കിലും നിക്ഷേപിക്കാം.

സേവിംഗ്സ് അക്കൌണ്ടുകൾ • സ്ഥിരം ഡിപ്പോസിററുകൾ • കറണ്ടു് അക്കൌണ്ടുകൾ • കാഷ് സർട്ടിഫിക്കററുകൾ • കൃഷി, കച്ചവട സംബന്ധമായ കടവായ്പുകൾ.




## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം.

(തിരുവിതാംകൂറിൽ റജിസ്റ്റർചെയ്യപ്പെട്ടതു്. ഓഹരിക്കാരുടെ ബാദ്ധ്യത ക്ലിപ്തം)

കൊല്ലം—തിരുവിതാംകൂറിൽ എല്ലാസ്ഥലങ്ങളിലും ബ്രാഞ്ചുകൾ.

## പരസ്യനോട്ടീസ്

—o—

സിവിൽനടപടിനിയമത്തിൻെറ
ആഡർ ൨൧ റൂൾ ൩൪
തിരുവല്ലാ മുൻസിഫ് കോർട്ടിൽ
൧൧൯-ാമാണ്ട ൧൦൩൩-ംനമ്പർ
ആദ്യവ്യവഹാരം
൧൧൨൧-ൽ വിധിനടത്തു
ഹർജി നമ്പർ ൭൧൭

വാദി—കല്ലൂപ്പാറ പകുതിയിൽ കീഴ്‌വായിപ്പൂര മുറിയിൽ മേത്രായിൽ കുഞ്ഞൻ ചാക്കോ മുതൽപേർ.

പ്രതികൾ—൪. കാഞ്ഞിരപ്പള്ളി പകുതിയിൽ പൊൻകുന്നം മുറിയിൽ തഴയ്ക്കൽ ഔസേപ്പ് ഔസേപ്പ്. ൭. ടിയിൽ ഔസേപ്പ് അന്നമ്മ.

൪-ം ൭-ം പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിളിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിന് ൧൧൨൩-മാണ്ട ചിങ്ങമാസം ൨൭-ാംനു-യ്ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൪-൧൨-൧൧൨൨

—o—

## പരസ്യം

—o—

കാഞ്ഞിരപ്പള്ളി മുൻസിഫ്കോർട്ടിൽ
൧൨൨-ൽ സിവിൾ ൪൪൪.

വാദികൾ ൧. പമ്പാടിപകുതിയിൽ ടി കരയിൽ അയ്യൂരപടവിൽ ഗീവറുഗീസുകത്തനാർ പീലിപ്പോസ്. ൨. ടി പകുതിയിൽ പങ്ങട കരയിൽ വടകരവീട്ടിൽ വറുഗീസ് ഉലഹന്നാൻ.

പ്രതി—പമ്പാടിപകുതി ടി കരയിൽ വട്ടമല കോര അബ്രഹാംകത്തനാർ.

പ്രതിയെ തെര്യപ്പെടുത്തുന്നതു്.

പമ്പാടി മർത്തോമ്മാനാൻപള്ളി ഇടവകയിലെ കാതോലിക്കാസു കക്ഷിക്കാരായ ആളുകൾക്കുവേണ്ടി വാദികൾ വ്യവഹാരം നടത്തുന്നതിനു അനുവദിച്ചുത്തരവുണ്ടാകണമെന്നു വാദികൾ അപേക്ഷിച്ചിരിക്കയാൽ ആക്ഷേപമുണ്ടെങ്കിൽ ൧൧൨൩ കന്നിമാസം ൯-ംതീയതി പകൽ ൧൧ മണിക്കു കക്ഷിയോ നിയമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഈ കോർട്ടിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൩ ചിങ്ങം ൧൦-ംനു-

—o—

## പരസ്യം

തൊടുപുഴ മുൻസിഫ്കോർട്ടിൽനിന്നും
൧൨൦-ൽ സി നമ്പർ ൧൨൪.

വാദി—വെങ്ങല്ലൂർ എസ്. എൻ. ഡി. പി. ശാഖായോഗം. പ്രസിഡൻറ ടി കരയിൽ നിരപ്പേൽ ഇട്ടകണ്ടൻ മുതൽപേർ.

പ്രതികൾ—ക്രുത്താട്ടുകുളം പകുതിയിൽ മാറിക കരയിൽ പാറ്റനായിൽ കേളു ഇട്ട മുതൽപേർ ൩.

ക്രുത്താട്ടുകുളം രജിസ്ത്രിൽ ൧൦൨-ൽ ൪൭൧-ം നമ്പ്രായി മാകെ ഈഴവകര യോഗത്തിലേക്കു ൧-ംപ്രതി എഴുതിക്കൊടുത്തിട്ടുള്ള ചൂണ്ടിപണയാധാരപ്രകാരമുള്ള മുതൽപലിശയിൽ ൧൧൯-ലെ ൪൩൨-ം നമ്പ്ര ഭാഗഉടമ്പടിപ്രകാരം വെങ്ങല്ലൂർ എസ്. എൻ. ഡി. പി. ശാഖായോഗത്തിലേക്കു വച്ച ഈടായി കിട്ടുവാനുള്ള സംഖ്യയ്ക്കു ടി ശാഖായോഗത്തിനുവേണ്ടി അതിലെ പ്രസിഡൻറും സിക്രട്ടറിയും വാദികളായി ചേർന്നു സംഖ്യ ഈടാക്കുവാൻ ബോധിപ്പിച്ചിട്ടുള്ള ഈ വ്യവഹാരപ്രകാരം സംഖ്യ വസൂലാക്കുന്നതിൽ ടി യോഗാംഗങ്ങൾക്കൊ അവരിൽ ആർക്കെങ്കിലുമൊ വല്ല ആക്ഷേപവുമുണ്ടെങ്കിൽ ഈ കേസ്സു വിചാരണയ്ക്കിരിക്കുന്ന ൩൧-൧-൧൧൨൩-ൽ ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവുംപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

൧൧൨൨ കർക്കടകം ൨൮-ംനു-

—o—

## പ്രതിസമൻസ്

മാവേലിക്കര മുൻസിഫ്കോടതിയിൽ
൧൨൨ സിവിൾനമ്പ്ര ൩൪൯

വാദി—തഴക്കര പകുതിയിൽ വെട്ടിയാറമുറിയിൽ നൂറുകോടി പുത്തൻവീട്ടിൽ നാരായണിഅമ്മ കല്യാണിയമ്മ

പ്രതി—൩ ടി മുറിയിൽ പുത്തൻവീട്ടിൽ തെക്കേതിൽ എന്നു വിളിച്ചുവരുന്ന പ്ലാത്തോട്ടത്തുവീട്ടിൽ കൊച്ചുണ്ണിത്താൻ രാഘവനുണ്ണിത്താൻ

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിയുടെ മേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കകയാൽ അതിനുത്തരം പറവാനായി ൧൧൨൩ കന്നി ൭-ംനു-പകൽ ൧൧ മണിക്കു പ്രതിയോ അധികാരപ്പെടുത്തിയ ഏജൻറോ വക്കീലോ ഈ കോടതിയിൽ ഹാജരായിക്കൊള്ളേണ്ടതും അങ്ങിനെ ചെയ്യാത്തപക്ഷം പ്രതിയെ കൂടാതെ വ്യവഹാരം തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

മാവേലിക്കര, ൯-൧-൨൩

—o—

## പ്രതിസമൻസ്

കൊല്ലം പ്രിൻസിപ്പാൾ മുൻസിഫ്
കോർട്ടിൽ
൧൨൨—സി—൯൨൭

വാദി—കിളികൊല്ലൂർ എസ്സ്. എൻ. വി. മിൽസ് ഉടമസ്ഥൻ കെ. കെ. പത്മനാഭൻമുതലാളി.

പ്രതി—പത്തനാപുരം താലൂക്കിൽ ടി പകുതിയിൽ മഞ്ചെള്ളൂർമുറിയിൽ പാലമൂട്ടവീട്ടിൽ പിച്ചറാവുത്തർ ഇസ്മാൽ രാവുത്തർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്കു ഈ കോടതിയിൽനിന്നും സമൻസയച്ചതിൽ ഒപ്പാറാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൩ ചിങ്ങം ൩൦-ംനു-പകൽ ൧൧ മണിക്ക് കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻേറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായം തീരുമാനിക്കപ്പെടുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൩ ചിങ്ങം ൧൦-ംനു-

—o—

## സിവിൾപലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

ആർഡർ ൨൧ റൂൾ ൨൦.
മാവേലിക്കര മുൻസിഫ്കോർട്ടിൽ
൧൧൩-ാമാണ്ട സി. ൨൪൬.

വാദി—ദി സ്റ്റേററ് എയിഡഡ് ബാങ്ക് ആഫ് ട്രാവൻകൂർ ലിമിറഡ് ആലപ്പുഴ എന്നെഴുതിവന്ന ദി സെൻട്രൽ ബാങ്കിംഗ് കാർപ്പറേഷൻ ആഫ് ട്രാവൻകൂർ ലിമിററഡ് ആലപ്പുഴ.

പ്രതികൾ—൨. മാന്നാർപകുതിയിൽ കുളഞ്ഞിക്കാരാഴ്മമുറിയിൽ കന്ന്യേൽ കോണിൽ കൊച്ചുകുഞ്ഞു കൊച്ചുകുഞ്ഞ്. ൭. ടി മുറിയിൽ പുളിമൂട്ടിൽ കാട്ടിൽവീട്ടിൽ ഏലിയാ ശോശ. ൩. ടിയിൽ മെനർ ഏലിയാതങ്കമ്മ. ൬. ടിയിൽ കൊച്ചുകുഞ്ഞുതങ്കമ്മ. ൩-ാംപ്രതിയുടെ രക്ഷകർത്താ ൬-ാംപ്രതി കൊച്ചുകുഞ്ഞുതങ്കമ്മ.

൨-ം, ൭-ം, ൩-ം, ൬-ം പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടിനമ്പർകേസ് വിധിനടത്താൻ അനുവദിച്ച് ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് Exn Petn ൭൦൨-ാംനമ്പർ ഹർജി സംഗതി ൧൧൨൩ മാണ്ട ചിങ്ങമാസം ൨൭ ാംനു-വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൩ ചിങ്ങം ൩-ാംനു-

## സിവിൾ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച എതൃകക്ഷിക്കു നോട്ടീസ്

വൈ: മു: കോർട്ടിൽ
൧൧൦-ാമാണ്ട സി. ൧൦൦൧.

വാദി—വൈക്കം പടിഞ്ഞാററുംചേരിമേൽ പടിഞ്ഞാറെമുറിയിൽ ചിററേഴത്തു വീട്ടിൽ താമസിക്കും കാട്ടേഴത്തുവീട്ടിൽ ഗോവിന്ദപ്പിള്ള പത്മനാഭപിള്ള.

പ്രതി—൩. ചങ്ങനാശ്ശേരിപകുതി ടി മുറിയിൽ അരമനചിട്ടി ട്രഷറർ ടി പള്ളിയിൽ ഇരിക്കും കോശികത്തനാർ. ൪. വൈക്കം പടിഞ്ഞാറെനടയിൽ ജൗളിക്കച്ചവടം സുബയ്യാവയ്യൻ ലക്ഷ്മിനാരായണയ്യൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

വിധിനടത്താൻ അനുവദിച്ചുത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ഹർജിസംഗതി ൧൧൨൩-ാമാണ്ട ചിങ്ങമാസം ൩൦-ാംനു-വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ കേസ്സ് തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ട ആടിമാസം ൨൩-ാംനു-

—o—

## പരസ്യം

തൊടുപുഴ മുൻസിഫ്കോടതിയിൽനിന്നും
൧൧൨൦-ൽ സി നമ്പർ ൧൨൩.

വാദി ക്രുത്താട്ടുകുളംപകുതിയിൽ പാലക്കുഴ കരയിൽ പൊന്നെട്ടത്തുപാറ പുത്തൻപുരയിൽ കുഞ്ഞൻ രാമൻ.

പ്രതികൾ ടി പകുതിയിൽ മാറിക കരയിൽ പാണായിക്കൽ കേളു ഇട്ട മുതൽപേർ.

ക്രുത്താട്ടുകുളം രജിസ്ത്രിൽ ൧൦൨-ൽ ൪൭൧-ംനമ്പ്രായി മാകെ ഈഴവകര യോഗത്തിലേക്ക് ൧-ംപ്രതി എഴുതിക്കൊടുത്തിട്ടുള്ള പണയാധാരപ്രകാരമുള്ള മുതൽ പലിശസംഖ്യയിൽ ൨൭ ബ്രി രൂപായുടെ അവകാശം വാദിക്കു കൈമാററംകിട്ടിയതനുസരിച്ച് ൧-ംപ്രതിയിൽനിന്നും പട്ടികവസ്തുവിൽ സ്ഥാപിച്ചും ഈടാക്കുവാനും അപ്രകാരം ഈടാകാതെവന്നാൽ ൨-ം ൩-ം പ്രതികളിലും പാലിക്കുഴ ശ്രീനാരായണഭജനസമാജം സ്വത്തുക്കളിൽ സ്ഥാപിച്ചും ഈടാക്കി കൊട്ടുക്കണമെന്നു വാദി ബോധിപ്പിച്ചിട്ടുള്ള ഈ വ്യവഹാരപ്രകാരം വാദി സംഖ്യ വസൂലാക്കുന്നതിൽ ടി ഭജനസമാജാംഗങ്ങൾക്കൊ അവരിൽ ആർക്കെങ്കിലുമൊ വല്ല ആക്ഷേപവുമുണ്ടെങ്കിൽ ഈ കേസ്സു വിചാരണയ്ക്കിരിക്കുന്ന ൩൧-൧-൧൧൨൩-ൽ ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

൧൧൨൨ കർക്കടകം ൨൮-ംനു-

—o—

## പ്രതിസമൻസ്

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ
൧൨൧ സി ൪

വാദി—വടക്കേക്കര പകുതിയിൽ വാഴാർമംഗലം മുറിയിൽ വടക്കേക്കര പുന്നൂർ ട്ടുമഠത്തിൽ നീലകണ്ഠരുപണ്ടാരത്തിൽ.

പ്രതി ൪. പുത്തൻകാവു പകുതിയിൽ ടി മുറിയിൽ തെരുവിൽ, തെക്കേപന്തിയിൽ തെക്കേ ആലുംമൂട്ടിൽ ജോർജ്ജ് ജോർജ്ജ്. ടിയാൻെറ ഇപ്പോഴത്തെ മേൽവിലാസം T. G. George.
Bogala Mines Ruwanwella, Ceylon.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ വാദി പ്രതികളുടെ മേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു ഉത്തരം ബോധിപ്പിക്കുന്നതിനായി ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ ൧൧൨൩ കന്നിമാസം ൩-ാംനു-പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായിക്കൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പർ തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൩ ചിങ്ങം ൩-ാംനു-

## കാലഹരണനോട്ടീസ്

—o—

വിധിനടത്തു്
മീനച്ചൽ മുൻസിഫ്കോർട്ടിൽ
൧൧൦൯-ൽ സിവിൾനമ്പർ ൩൭.

വാദി—ളാലം പകുതിയിൽ കീഴതടിയൂർമുറിയിൽ തെരുവിൽ ഇട്ടപ്പൻ തൊമ്മൻ.

പ്രതികൾ—൧. ളാലംപകുതിയിൽ പയപ്പാർകരയിൽ മെലാട്ടൂർ പുത്തൻകണ്ടത്തിൽ വക്കി വക്കി. ൨. പുലിയന്നൂർ പകുതി മുരിക്കനാട്ടുകരയിൽ ചൊള്ളനാനിക്കൽനിന്നും കരിമ്പേൽ പാർക്കും അവുസേപ്പു ഉലഹന്നാൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദിഭാഗത്തുനിന്നും ൨൩-൪-൧൧൨൨-ൽ ബോധിപ്പിച്ചിട്ടുള്ള ഫ്രാഹർജിക്കു കാലഹരണമുണ്ടോ എന്ന സംഗതി ൧൧൨൩ കന്നി ൩-ാംതീയതി വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ അന്നേദിവസം പകൽ ൧൧ മണിക്ക് ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൩ ചിങ്ങം ൯-ംനു-

—o—

## പരസ്യം

കഴിത്തുറ മുൻസിഫ്കോർട്ടിൽ
൧൨൨ സിവിൽ നമ്പ്ര ൪൩൩

വാദികൾ ൧. വിളവാങ്കോട്ടുപകുതിയിൽ കരമത്തൂർദേശത്തു് മാറാശേരിമഠം എന്ന അയ്യർമഠത്തു മഠത്തിൽ വാസുദേവരു വാസുദേവരു്, ൨. ടിയിൽ വാസുദേവരു ശ്രീദേവിഅന്തർജ്ജനം.

പ്രതികൾ—൩. കൽക്കുളംതാലൂക്കു കോട്ടയ്ക്കകത്തു് ഇരവിപുരത്തു് പെരുമാൾ അമ്മൻകോവിൽതെരുവിൽ പാറയിൽ രാമൻപിള്ള മകൻ ഏ. ഭാസ്കരൻനായർ, ൪. ടിയിൽ കുഞ്ഞൻപിള്ള വേലപ്പൻനായർ, ൭. ടിയിൽ ആനന്ദപ്പിള്ള പൊന്നമ്മപ്പിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പ്രിൽ വാദി അന്യായം ബോധിപ്പിച്ചിരിക്കയാൽ അതിനു ഉത്തരം പറയാനുണ്ടെങ്കിൽ വിചാരണദിവസമായ ൧൧൨൩-ാമാണ്ട ചിങ്ങമാസം ൨൩-ാംതീയതി നിങ്ങളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ മുഖാന്തിരം ഹാജരായി ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതാണെന്നുള്ളവിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨ മിഥുനം ൩൪-ംനു-

—o—

## ലേലാനുവാദത്തിനുള്ള അപേക്ഷയെപ്പററി നോട്ടീസ്

സിവിൽ നടപടി നിയമത്തിൻെറ
291-ാംവകുപ്പ്
ചേർത്തല മുൻസിഫ്കോർട്ടിൽ
1112-ാമാണ്ട സി 790-ാംനമ്പർ
ആദ്യവ്യവഹാരം

വാദി.—എഴുപുന്നമുറിയിൽ ആട്ടുവള്ളിൽ കളപ്പുരയ്ക്കൽ ഗോപാലൻ നാരായണപ്പണിക്കർ.

പ്രതികൾ:—൨. ചാരമംഗലംമുറിയിൽ തയ്യിൽപുരക്കൽ കൃഷ്ണൻ ശങ്കു 3. ടിയിൽ കൃഷ്ണൻ ഗോവിന്ദൻ, 4. ടിയിൽ കൃഷ്ണൻ കേശവൻ, 5. ടിയിൽ കൃഷ്ണൻ കൊച്ചുനാരായണൻ 6. ടിയിൽ ചക്കി മാണി. 7. ടിയിൽ കാളി ഗൌരി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്രിൽ വിധിത്തുകക്കായി ലേലം ചെയ്യുന്ന വസ്തുക്കളെ വിധിത്തുകയിൽ വകവച്ചു കൂട്ടുതൽസംഖ്യക്കു വിളിക്കോളാൻ അനുവാദം കൊടുക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അങ്ങനെ ചെയ്യുന്നതിൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ 1123-ാമാണ്ട ചിങ്ങമാസം 25-ാംനു- പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1123-ാമാണ്ട ചിങ്ങമാസം 11-ാംനു-

## വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്

—ം—

സിവിൽ നടപടിനിയമത്തിന്റെ ആഡർ ൨൧-റൂൾ ൩൩, ൩൪, ൯൨, ൯൩.
തിരുവനന്തപുരം മുൻസിഫ്കോർട്ടിൽ നിന്നും പെരുമ്പാവൂർക്കയററി മുൻസിഫ്കോർട്ടിൽ
൧൧൦൯-ാമാണ്ട് സി ൧൭൫.
൧൧൨൦-ാമാണ്ട് വിധിനടത്തു അപേക്ഷനമ്പർ ൧൦൦.

വാദി—൩. തിരുവല്ലാ താലൂക്കിൽ കടപ്ര പകുതിയിൽ മണ്ണുംതോട്ടുവഴി പടിഞ്ഞാറുംമുറിയിൽ ഇലഞ്ഞിക്കൽനിന്നും ഇപ്പോൾ തിരുവനന്തപുരം ഹൈക്കോടതി അഡ്വക്കേററ് ഇ. ജെ. ഫിലിപ്പോസ്.

പ്രതികൾ—൩. എടപ്പള്ളി തെക്കുംഭാഗം പകുതി ഇളമക്കര കരയിൽ നട്ടുവിലെ ബ്രാഹ്മണിവീട്ടിൽനിന്നും രാമക്കോട്ടുത്താമസം കാത്യായനിഅമ്മ അമ്മ. ൪. ടിയിൽ വേലപ്പൻപിള്ള. ൫. ടിയിൽ കാത്യായനിഅമ്മമകൾ കമലമ്മ. ൬. ടി യിൽ കാത്യായനിഅമ്മമകൻ ഉണ്ണി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

ടി നമ്പരിൽ സന്നതിൽകൊണ്ട വസ്തു ഒഴിപ്പിച്ചുകൊടുപ്പിക്കണമെന്നു ൩-ാംവാദി അപേക്ഷിച്ചതനുസരിച്ചു ൧൧൨൩-ാമാണ്ട് ചിങ്ങമാസം ൨൬-ാംനു സ്ഥലത്തുഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമ്യന ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.
നോട്ടീസുവിചാരണ ൨൩-൧-൧൧൨൩.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട കർക്കടകമാസം ൨൮-ാംനു

—:*:—

### പരസ്യം

II Bench
കോട്ടയം ജില്ലാക്കോർട്ട്
൧൧൨൨ ാമാണ്ട ആദ്യനമ്പർ ൧൦൪

വാദികൾ—കോട്ടയം കാരാപ്പുഴകരയിൽ മഠത്തിലായ പാറക്കുളത്തിൽവീട്ടിൽനിന്നും തിരുവനന്തപുരം പട്ടത്തു പാർവ്വതീസദനത്തിൽ താമസം കൊച്ചുകുഞ്ഞിഅമ്മ ഗൗരിക്കുട്ടിഅമ്മ മു: പേ.

പ്രതികൾ—൨. നാട്ടകംപകുതിയിൽ മറിയപ്പള്ളികരയിൽ മറിയപ്പള്ളികൊട്ടാരത്തിൽ തിരുവോണംനാൾ കേരളവർമ്മരാജാഅവർകൾ. ൩. ടിയിൽ അത്തം നാൾ രവിവർമ്മരാജാഅവർകൾ. ൫. ടിയിൽ ഉത്രംനാൾ രാജരാജവർമ്മരാജാഅവർകൾ. ൭. ടിയിൽ ഭരണിനാൾ കേരളവർമ്മരാജാഅവർകൾ. ൯. ടിയിൽ ചതയംനാൾ ഉദയവർമ്മരാജാഅവർകൾ. ൧൧. ടിയിൽ മൂലംനാൾ രാജരാജവർമ്മരാജാഅവർകൾ. ൧൨. ടിയിൽ ചോതിനാൾ കേരളവർമ്മരാജാഅവർകൾ. ൧൩. ടിയിൽ തിരുവോണംനാൾ രാമവർമ്മരാജാഅവർകൾ. ൨൨. ടിയിൽ ഭരണിനാൾ സേതുഅമ്മരാജാഅവർകൾ. ൨൬. ടി കരയിൽ പുത്തൻപറമ്പിൽവീട്ടിൽ മാധവൻപിള്ള ഗോവിന്ദപ്പിള്ള.

മേൽപറഞ്ഞ പ്രതികളുടേയും മററും മേൽ എ. സി. പട്ടികവസ്തുക്കൾ നൽപ്പതിൽപ്പ ശരിയിട്ട വീതിച്ചുകൊടുപ്പിക്കുന്നതിനും മററും വാദികൾ വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കുന്നതിനായി ൧൧൨൩-ാമാണ്ട ചിങ്ങമാസം ൨൫-ാംതീയതി പകൽ ൧൧ മണിക്കു ഇൗ കോർട്ടുമുമ്പാകെ പ്രതികൾ തന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറവാൻ തക്കവണ്ണം റിവണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററുവല്ല ആളോടുകൂടിവന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽമുഖാന്തിരമോ ഹാജരായിരിക്കയും വേണം. മേൽപറഞ്ഞ ദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെ കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും (വ്യവഹാരം വിചാരണചെയ്തു തീർച്ചയാക്കുന്നതും) ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൧൨൨ ആടിമാസം ൨൯

### പരസ്യം

—ം—

മാവേലിക്കര ജില്ലാക്കോർട്ടിൽ
൧൧൨൨ ഡി. ആർ. പി. ൧൫

ഹർജിക്കാരൻ—തലവടി പകുതിയിൽ നട്ടവിലെ മുറിയിൽ അടങ്ങപ്രത്തു മാമ്മൂട്ടിൽ അവിരാ ഏബ്രഹാം.

എതൃഹർജിക്കാരൻ—൧. മങ്കൊമ്പിൽ കിഴക്കേമഠത്തിൽനിന്നും ആലപ്പുഴ ജില്ലാക്കോടതിയിൽ വ്യവഹരിക്കും അഡ്വക്കേററ നീലകണ്ഠയ്യൻ വെങ്കിടാചലമയ്യൻ. ൨. ടി കിഴക്കേമഠത്തിൽനിന്നും കോട്ടയം പകുതിയിൽ കോടിമത കരയിൽ വൃന്ദാവനമഠത്തിൽ താമസം നീലകണ്ഠയ്യൻ കൃഷ്ണയ്യൻ. ൩. ടി കിഴക്കേമഠത്തിൽ നീലകണ്ഠയ്യൻ സുബ്രഹ്മണ്യയ്യൻ. ൪. ടിയിൽ നീലകണ്ഠയ്യൻ അനന്തശിവയ്യൻ. ൫. ടിയിൽ നീലകണ്ഠയ്യൻ വിശ്വനാഥയ്യൻ. ൬. ടിയിൽ നീലകണ്ഠയ്യൻ രാമചന്ദ്രയ്യൻ. ൭. ടിയിൽ നീലകണ്ഠയ്യൻ അനന്തരാമയ്യൻ. ൮. ടിയിൽ നീലകണ്ഠയ്യൻ രാമസ്വാമിഅയ്യൻ. ൯. ടി ട്രാവൻകൂർ നാഷനൽ ആൻഡ് ക്വയിലോൺബാങ്ക് ക്ലിപ്തം (ഇൻ ലിക്വിഡേഷൻ) ലിക്വിഡേറ്റർ കെ. എം. ശിവശങ്കരമുതലിയാർ. ൧൦. ബാങ്ക് ഓഫ് മലബാർ ലിമിററഡ് (ഇൻ ലിക്വിഡേഷൻ) പാലക്കാട്ട്. ലിക്വിഡേറ്റർ മി. എം. കെ. ഗോപാലകൃഷ്ണയ്യർ അഡ്വക്കേററ്, പാലക്കാട്ട്. ൧൧. എബ്രഹാം ബ്രദേഴ്സ് ക്ലിപ്തം, തലവടിക്കുവേണ്ടി മുക്ത്യാർകാരൻ കാർത്തികപ്പള്ളി പകുതിയിൽ വെട്ടുവേന്നി മുറിയിൽ കൊച്ചുവീട്ടിൽ നാരായണപിള്ള നാരായണപിള്ള. ൧൨. മുട്ടാർ പകുതിയിൽ ടി മുറിയിൽ അടങ്ങപ്രത്തു കളപ്പുരയിൽ ഉമ്മൻ ഒനെനാൻ. ൧൩. കോട്ടയം നാട്ടകം പകുതിയിൽ പള്ളം കരയിൽ വടക്കേ പറമ്പിൽ ചാണ്ടി ജോസഫ്. ൧൪. തലവടി പകുതിയിൽ നട്ടവിലെ മുറിയിൽ ചക്കാലയിൽ ചാക്കോ അപ്പു. ൧൫. തിരുവല്ലാ കാവുംഭാഗം പകുതിയിൽ ടി മുറിയിൽ പടിഞ്ഞാറെ കാക്കനാട്ടുമഠത്തിൽ ശിവരാമകൃഷ്ണയ്യൻ സുന്ദരകൃഷ്ണയ്യൻ. ൧൬. കോട്ടയം നാട്ടകം പകുതിയിൽ പള്ളം കരയിൽ കളപ്പുരയിൽ ജേക്കബ് തോമസ്സ്. ൧൭. കോട്ടയം കുമരകം പകുതിയിൽ തെക്കുംഭാഗം മുറിയിൽ ഉമ്മാച്ചേരിലായ ഒരയട്ടിത്തറവീട്ടിൽ മാത്യു ഏബ്രഹാം. ൧൮. പെരിങ്ങര പകുതിയിൽ മേപ്രാൽ മുറിയിൽ പുതുകോട്ട മൂന്നാമെടത്തു കോശി കൊച്ചിട്ടി കരുവിള. ൧൯. ആലപ്പുഴ കടപ്പുറത്തു ഫാക്ടറിവാർഡിൽ സൌത്തുഇൻഡ്യൻ റയിൽവേകമ്പനി ആഫീസിനു വടക്കുവശം കച്ചവടം പുരുഷോത്തം ഗോവിന്ദജിസേട്ട്. ൨൦. തലവടി ആനപ്രമ്പാൽ വടക്കേമുറിയിൽ കുന്നത്തുപറമ്പിൽ പുന്നൂസ് ജയിക്കബ്. ൨൧. തലവടി പകുതിയിൽ നട്ടവിലെ മുറിയിൽ മാമ്മൂട്ടിൽ സാറാമ്മ ഏബ്രഹാം. ൨൨. ടി മുറിയിൽ അടങ്ങപ്രത്തു മാമ്മൂട്ടിൽ മറിയാമ്മ ഏബ്രഹാം.

ഹർജിക്കാരൻ ൧൧൧൩-ലെ കടനിവാരണആക്ട് ൧൩-൧൫-൧൮-൧൯-ാം വകുപ്പുകൾപ്രകാരം ഇൗ കോടതിയിൽ ബോധിപ്പിച്ചിട്ടുള്ള ഹർജിയെപ്പററി വല്ല ആക്ഷേപവും ബോധിപ്പിക്കാനുണ്ടെങ്കിൽ ൧൧൨൩-ാമാണ്ട കന്നിമാസം ൩-ാംനു പകൽ ൧൧ മണിക്കു ഇൗ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണമെന്നു ഇതിനാൽ സകലമാനപേരേയും തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൧൨൩ ചിങ്ങം ൭-ാംനു

—ം—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—ം—

കോട്ടയം ജില്ലാകോർട്ടിൽ
൧൧൨൨-ൽ ഐ. പി. നമ്പർ ൧൮.

ഹർജിക്കാരൻ:—വാഴപ്പള്ളികിഴക്കുംഭാഗംപകുതി ടി മുറിയിൽ നെൽപ്പുരയ്ക്കൽ മൂലയിൽ ഔസേപ്പ് തോമസ് മുതൽപേർ.

എതൃഹർജിക്കാരൻ:—മാടപ്പള്ളിപകുതി തൃക്കൊടിത്താനംമുറിയിൽ വാലുകണ്ടത്തിൽ പുതുപ്പറമ്പിൽ കിട്ടൻ പപ്പു.

ടി എതൃഹർജിക്കാരനെ തെര്യപ്പെടുത്തുന്നത്.

ടിനമ്പ്രിൽ എതൃഹർജിക്കാരനെ നിർദ്ധനനായി സ്ഥാപിച്ച് ഉത്തരവുണ്ടാകണമെന്നും മററും ഹർജിക്കാർ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് ഐ. പി. ൧൮-ാംനമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ട് ചിങ്ങമാസം ൩൧-ാംനു വിചാരണ വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഇൗ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്.)
൧൧൨൩-ാമാണ്ട് ചിങ്ങമാസം ൭-ാംനു

—ം—

### പ്രതിസമൻ

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൨-ൽ സിവിൽ-൨൨൧

വാദി:—വൈക്കം കിഴക്കുംചേരി മേൽ നട്ടവിലെമുറിയിൽ വെണ്ടിശേരിൽ വേലുശേഖരൻ.

പ്രതികൾ:—൩൩. ആര്യാട്ടുപകുതി തെക്കനാര്യാട്ടുമുറിയിൽ കോവിലകത്തു കിഴക്കെപറമ്പിൽ താമസം ഇത്ത പാറ. ൩൪. കോട്ടയം തിരുനക്കരമുറിയിൽ തീർത്ഥക്കാട്ടുമഠത്തിൽ രാമസ്വാമിഅയ്യൻ ഗോപാലയ്യൻ. ൩൬. വൈക്കം കിഴക്കുംചേരി മേൽ ,തെക്കേമുറിയിൽ ഓററയിൽ പരമേശ്വരൻപിള്ള ഗോവിന്ദപ്പിള്ള. ൩൭. ടിയിൽ പരമേശ്വരൻപിള്ള രാമൻപിള്ള. ൩൮. ടിയിൽ ചെറിയ അമ്മ പാറുഅമ്മ. ൪൦. ടി മുറിയിൽ ഉതിപറമ്പിൽ സീതാമ്മാൾ ലക്ഷ്മിഅമ്മാൾ. ൪൫. കോട്ടയം തിരുനക്കരമുറിയിൽ തീർത്ഥക്കാട്ടുമഠത്തിൽ ഗോപാലയ്യൻ രാമചന്ദ്രയ്യൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

മേൽനമ്പ്രിൽ വാദി നിങ്ങളുടെ മേൽ ബോധിപ്പിച്ചിരിക്കുന്ന വ്യവഹാരത്തിനു ഉത്തരം ബോധിപ്പിക്കുന്നതിനായി മേൽനമ്പ്ര കേസ്സ് ൧൧൨൩ ചിങ്ങമാസം ൨൬-ാംതീയതിക്കു അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു പ്രതികളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജന്റോ ഇൗ കോടതിയിൽ ഹാജരാകാതെ ഇരുന്നാൽ പ്രതികളെ എക്സ്പാർട്ടി ആക്കി കേസ്സ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൧൧൨൩ ആടി ൨൩-ാംനു

—ം—

ഏററുമാനൂർ മുൻസിഫ്കോർട്ടിൽ
൧൧൨൧-ൽ സിവ ൫൩൫

വാദികൾ:—ഏററുമാനൂർപകുതിയിൽ കിഴക്കുംഭാഗംകരയിൽ അഷ്ടമൂർത്തിമഠത്തിലാകുന്ന വല്ല്യടത്തില്ലത്ത് പരമേശ്വരൻ ശ്രീധരൻ മൂത്തതു മു. പേ. ൨.

പ്രതികൾ:—അതിരമ്പുഴ സെന്റമേരീസ്സ്പള്ളി കൈക്കാർ. ൧. ഏററുമാനൂർ പകുതി മാന്നാനംകരയിൽ പീടികക്കൽ മാത്തു ജോൺ. ൨. ഏററുമാനൂർപകുതി കിഴക്കുംഭാഗംകരയിൽ ചിറയിൽ ലൂക്കോസ് വക്കി. ൩. ടിപകുതി പടിഞ്ഞാറുംഭാഗംകരയിൽ കുററിയിൽ കുര്യൻ ദേവസ്യാ. ൪. ടിപകുതി ശ്രീകണ്ഠമംഗലംകരയിൽ കൊല്ലപ്പിള്ളിൽ ഔസേപ്പ് വക്കി.

ടിനമ്പ്ര കേസ്സിൽ പ്രതി അതിരമ്പുഴ സെന്റമേരീസ്സ് പള്ളിയാണ്. ടി പള്ളിക്കുവേണ്ടി കൈക്കാരന്മാരായി മേൽ പറയപ്പെട്ടവരെ പ്രതികളാക്കി കേസ്സ് നടത്തുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയതു വിചാരണദിവസമായ ൧൧൨൩-ാമാണ്ട് കന്നിമാസം ൨൦-ാംനു-യോ അതിനു മുമ്പോ ഇൗ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. ' അവധി കഴിഞ്ഞുവരുന്ന ആക്ഷേപം സ്വീകാര്യയോഗ്യമല്ലാത്തതാകുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)
൧൧൨൩ ചിങ്ങം ൩-ാംനു

---

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—ം—

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ
൧൧൧൦-ാമാണ്ട് സിവിൽ ൧൮൭.

മേഡോവർവാദി—കല്ലുപ്പാറ പകുതിയിൽ, മല്ലപ്പള്ളിമുറിയിൽ മത്തനാനത്തു കൂട്ടത്തുംമുറിയിൽ, വറുഗീസ് ചാക്കോ.

൧-ാംപ്രതി—തിരുവല്ലാ പകുതിയിൽ കുട്ടക്കാമുറിയിൽ തെങ്ങനാംകുളത്തുവീട്ടിൽ പീലിപ്പോസ് ജേക്കബ്.

ടി ൧-ാംപ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പ്ര വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട്, സിവിൽഫാറം ൩൧-ാം നമ്പർഹർജിസംഗതി ൧൧൨൩-ാമാണ്ട ചിങ്ങമാസം ൨൫-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഇൗ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൧൧൨൨-ാമാണ്ട് കർക്കടകമാസം ൧൬-ാംനു

—ം—

### ലേലപ്പരസ്യം

ആററിങ്ങൽ മുൻസിഫ്കോർട്ടിൽ
൧൨൦ സി ൮൯.

വാദി—വെട്ടൂർദേശത്തു കാഞ്ഞിരത്തുംവിളവീട്ടിൽ നാരായണൻ വേലായുധൻ.

പ്രതി—ടി ദേശത്തു കാട്ടുവിളവീട്ടിൽ മാർത്താണ്ഡൻ പപ്പു.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പർ വിധിസംഖ്യയ്ക്കുവേണ്ടി വെട്ടൂർപകുതിയിൽ സർവേ ൬൭൨-ൽ ൧ ഏക്കർ ൮൮ സെന്റുള്ള ൨൦-ൽ ഏററുവിളാകവും ൨൫-ൽ കാട്ടുവിളാകവുംകൂടി നമ്പരു കിഴപ്പനാലുപുരയിടം ഒന്നിൽ കിഴക്കു ൧൬-ം തെക്കു ൧൦-ം മേക്കു ൧൩-ം വടക്കു ൧൨-ം ദണ്ഡുകളും ൪൨ സെന്റുമുള്ള കിഴക്കേ തട്ടുപുരയിടവും അതിലുള്ള കാഫലം തെങ്ങു ൪൫-ം കാഫലം പ്ലാവ് ൧-ം സർവേ ൭൮ എ. ൨൨-ൽ ൨ സെന്റുള്ള പുലാവിള വടക്കുംമുറിയിൽ മേക്കുമുറി പുരയിടം ഒന്നും സർവേ ൭൮ ബി ൨൨-ൽ ൨ സെന്റുള്ള പുലാവിള പുരയിടം ഒന്നുംകൂടി ഒന്നായി കിടപ്പുപുരയിടം ഒന്നിൽ ൨൧ സെന്റുള്ള മേക്കരുകു തെക്കുവടക്കു പുരയിടവും കാഫലം വൃക്ഷങ്ങളും കൂടി പതിനാറായിരത്തി എണ്ണൂററി പത്തരേഞ്ഞരയ്ക്കാൽ പണമായി ൧൧൨൩ ചിങ്ങം ൨൩-ാംനു പകൽ ൧ മണിക്കു ഇൗ കോടതിമുമ്പാകെവച്ചു പരസ്യമായി ലേലത്തിൽ വിൽക്കപ്പെടുമെന്നുള്ള വിവരം ഇതിനാൽ പരസ്യപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൭-൧-൧൧൨൩

—ം—

### പരസ്യം

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
൧൧൨൧ സി നമ്പ്ര ൩൩൦

വാദി—കുമരങ്കരി ദേവസ്വം ടിക്കുവേണ്ടി മാനേജർ വെളിയനാട്ടുപകുതിയിൽ കുമരങ്കരിമുറിയിൽ തൃപ്പങ്കരവീട്ടിൽ ഗോവിന്ദമേനോൻ ശിവശങ്കരമേനോൻ.

വാദിഭാഗം അഡ്വക്കേററ സി. ഗോപാലപ്പണിക്കർ.

പ്രതി—വെളിയനാട്ടുപകുതിയിൽ കുമരങ്കരിമുറിയിൽ എരുമക്കാട്ടുവീട്ടിൽ കേശവപ്പണിക്കർ നാരായണപ്പണിക്കർ.

വാദി ദേവസ്വത്തിനുവേണ്ടി അന്യായം ഒപ്പിട്ടു ബോധിപ്പിച്ചിട്ടുള്ള വാദിക്കു വാദി ദേവസ്വത്തെ പ്രതിനിധീകരിച്ചു അന്യായപ്പെട്ടു നിവൃത്തിനേടുന്നതിൽവച്ചു ദേവസ്വംഉടമസ്ഥന്മാരിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ൧൧൨൩-ാമാണ്ട കന്നിമാസം ൨൦-ാംനു പകൽ ൧൧ മണിക്കു ഇൗ കച്ചേരിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)
൨൨-൧-൧൧൨൨

മലയാളരാജ്യം



# ശാസ്ത്രവും രാഷ്ട്രീയാധികാരവും

ആർ. കൃഷ്ണപിള്ള ബി. എസ്സ്സി. റാസ്സോട്ട്

ഭാവി ലോക വ്യവസ്ഥിതിയിൽ ഭൂമിശാസ്ത്രപരമായോ, സാമ്പത്തികമായോ ഉള്ള കണക്കുകളെ അടിസ്ഥാനമാക്കി രാഷ്ട്രങ്ങളുടെ ശക്തിയെ തുലനംചെയ്യുന്നതു് തെററായി പരിണമിക്കാനേ ഇടയുള്ളൂ. ദേശീയവീക്ഷണം, സാമുദായിക ഘടന, നയതന്ത്രസാമർത്ഥ്യം, ഗവമെന്റിന്റെ സ്വരൂപം, അന്യരാഷ്ട്രങ്ങളെപ്പററിയും തങ്ങളെപ്പററിത്തന്നെയും ഓരോ രാഷ്ട്രത്തിനുമുള്ള അഭിപ്രായം എന്നിവ, തിട്ടപ്പെടുത്താൻ പ്രയാസമാണെങ്കിലും, രാഷ്ട്രങ്ങളുടെ ശക്തി നിർണ്ണയിക്കുന്നതിൽ ബലവത്തായ ഘടകങ്ങളാണ്. അധികാരത്തിന്റെ ഘടകമായി സാമ്പത്തികശക്തിയ്ക്കുള്ള പ്രാധാന്യത്തെ ഒന്നാം ലോകമഹായുദ്ധം വെളിപ്പെടുത്തി. രാഷ്ട്രീയരംഗത്തിൽ മുമ്പുതന്നെ സ്ഥലംപിടിച്ചുകഴിഞ്ഞിരുന്ന വേറൊരു ഘടകത്തെ രണ്ടാംലോകമഹായുദ്ധം വെളിച്ചത്തുകൊണ്ടുവന്നു—അതാണു് ശാസ്ത്രീയഘടകം.

രാഷ്ട്രീയ സാമുദായികശക്തിയായി ശാസ്ത്രത്തിനുള്ള സ്ഥാനം നൂതനമായ ഒന്നല്ല. ഏതൊരുകാലത്തും സംസ്കാരത്തിന്റെ സുപ്രധാനഘടകമായി ശാസ്ത്രീയപുരോഗതിയെ കണക്കാക്കാമെന്ന് അമ്പതുവർഷങ്ങൾക്കുമുമ്പ് സർ ജാൺ സീലി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജനവിശ്വാസം എങ്ങനെയിരുന്നാലും കഴിഞ്ഞകാലങ്ങളിൽ ശാസ്ത്രം ഇന്നത്തേതിൽനിന്നും എത്രയോ കൂടുതൽ സമരപ്രധാനമായിരുന്നു. യഥാർത്ഥത്തിൽ ആദിമകാലം മുതൽ വ്യവസായവിപ്ലവംവരെ ശാസ്ത്രത്തിന്റെ പരമപ്രധാനമായ ഉദ്ദേശം സമരാവശ്യങ്ങളെ തീർക്കുകയെന്നതായിരുന്നു. ഗണിതശാസ്ത്രത്തെ ഗ്രീക്കുകാർ അത്യാദരവോടെ കരുതിയിരുന്നതിന് കാരണം അതിനുണ്ടായിരുന്ന സൈനികപ്രാധാന്യമായിരുന്നു. ആർക്കിമിഡിസ് എന്ന പ്രസിദ്ധ ശാസ്ത്രജ്ഞൻ ഒരു സൈനിക ആവിഷ്കാരകൻ എന്ന നിലയിലാണ് വർത്തിച്ചതു്.

ശാസ്ത്രത്തിന് സൈനികഗവേഷണം നൽകിയിട്ടുള്ള സംഭാവനകൾക്ക് മകുടോദാഹരണമായി നിൽക്കുന്നതു് മദ്ധ്യയുഗത്തിലെ വെടിമരുന്നിന്റെ കണ്ടുപിടിത്തമാണ്. അതു് ദഹന (Combustion)ത്തിന്റെ രീതി, വാതകങ്ങളുടെ സ്വഭാവം, ലോഹങ്ങളുടെ യോഗം എന്നിവ സംബന്ധിച്ച പരീക്ഷണങ്ങളിലേക്ക് നയിച്ചു. ഇരുമ്പു അച്ചുയന്ത്രവും ആവിയന്ത്രവും അവയുടെ ആവിർഭാവത്തിന് സമരോപകരണങ്ങൾക്കായുള്ള ഗവേഷണങ്ങൾക്ക് കടപ്പെട്ടിരിക്കുന്നു. പ്രസിദ്ധ ശാസ്ത്രജ്ഞന്മാരെല്ലാംതന്നെ പരമവും പ്രധാനവുമായി സമരയന്ത്രജ്ഞന്മാരായിരുന്നു. അവരുടെ ശാസ്ത്രീയപ്രവൃത്തികളെല്ലാം അവയുടെ സമരോപയോഗത്തെ ആസ്പദമാക്കിയാണ് ന്യായീകരിക്കപ്പെട്ടതു്. ടെലസ്കോപ്പ് കണ്ടുപിടിച്ച ഗലീലിയോ ഒരു സൈനികശാസ്ത്ര പ്രൊഫസറും, ലവായിസിയർ സമരതന്ത്രശാലയുടെ ഡയറക്ടരും, ലാപ്ലേസ് പാരീസ് സൈനികപാഠശാലയുടെ അധിപനും ആയിരുന്നു.

ജീവശാസ്ത്രങ്ങൾ സൈനികകാര്യങ്ങളിൽനിന്നും വളരെ അകലെയാണെന്ന് ഓർക്കുന്നതിൽ തോന്നാമെങ്കിലും യുദ്ധങ്ങൾ പ്രദാനംചെയ്ത അവസരങ്ങളും ആവശ്യങ്ങളുമാണ് അവയുടെ പുരോഗതിയ്ക്കു നിദാനമായതു്. പെനിസിലിൻ, മലേറിയാനാശിനികൾ ഇവ ഇതിനുള്ള ആധുനിക ഉദാഹരണങ്ങളാണ്. ഇപ്രകാരമുള്ള മഹനീയമായ ഉദാഹരണങ്ങൾ ഭൂതകാലങ്ങളുടെ കലവറയ്ക്കുള്ളിൽ നിറഞ്ഞുകിടപ്പുണ്ട്. പൊതുജനാരോഗ്യം, നശീകരണൗഷധങ്ങൾ ഇവയെപ്പററി വിലയേറിയ അഭിപ്രായങ്ങൾ സൈനിക, നാവിക ഡാക്ടറന്മാരുടെ നിരീക്ഷണങ്ങളിൽനിന്നും സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അതിന് കാരണം, ആരോഗ്യദൃഢഗാത്രരായ സൈനികർ ആവശ്യമുള്ള ഗവമെന്റ് അവരുടെ ആരോഗ്യത്തിൽ നിഷ്കർഷമായ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് സൈനികനിയമങ്ങൾക്ക് വിധേയമായി നടത്തിയ നിയന്ത്രിതപരീക്ഷണങ്ങളായിരുന്നതിനാലാണ്. മലേറി, മഞ്ഞപ്പനി ഇവ സംബന്ധിച്ചുള്ള കണ്ടുപിടിത്തങ്ങൾ, സ്റ്റെതോസ്കോപ്പ് എന്ന യന്ത്രത്തിന്റെ ആവിഷ്കരണം ഇവയെല്ലാം ലാവെറാൻ, റോസ്സ്, വാൾട്ടർറീഡ്, ലേനേ എന്നീ സൈനികഡാക്ടറന്മാരാണ് കാരണഭൂതരെന്ന വാർത്ത ഇവിടെ സ്മരണീയമാണ്. ശസ്ത്രക്രിയയിലുള്ള പുരോഗതി യുദ്ധത്തിന്റെ ഞെരുക്കത്തിൽ ഏററവും ഉത്തേജിതപ്പെട്ടു. 'ചരിത്രത്തിലെ ആദ്യത്തെ ശസ്ത്രക്രിയാവിദഗ്ദ്ധന്മാരെല്ലാം സൈനികരാണ്. സമരരംഗം ശസ്ത്രക്രിയാവിദഗ്ദ്ധന്മാർക്ക് സദാ ഒരു പരിശീലനകേന്ദ്രമാണ്'! പതിനെട്ടാം ശതാബ്ദത്തിന്റെ അവസാനംവരെ ശാസ്ത്രത്തിന്റെ സാരമായ ഒരു ഭാഗം സൈനികഗവേഷണത്തിന്റെ ഫലമാണെന്നും യൂക്ലിഡ്. ഡെസ്കാർട്ടസ്, ന്യൂട്ടൺ ഇവരൊഴികെ പ്രസിദ്ധ ശാസ്ത്രജ്ഞന്മാരെല്ലാം പരമമായി സൈനികയന്ത്രജ്ഞന്മാരായിരുന്നെന്നും പറയുന്നതിലതിശയോക്തിയില്ല.

വ്യവസായവിപ്ലവത്തിന്റെ ആഗമനത്തോടുകൂടിമാത്രമേ ഈ സമ്പന്ധം ഉപേക്ഷിക്കാനും സാമുദായിക സാമ്പത്തിക പ്രാധാന്യം സ്വീകരിപ്പാനും ശാസ്ത്രത്തിന് കഴിഞ്ഞുള്ളു. ശാസ്ത്രീയപുരോഗതിയാൽ സാദ്ധ്യമാക്കിത്തീർത്ത വ്യവസായവിപ്ലവം ആ പുരോഗതിയെ ദ്രുതതരമാക്കുകയും തദ്വാരാ വ്യവസായവിപുലീകരണത്തെ ത്വരിപ്പിക്കുന്നതിന് സഹായകമാകുകയും ചെയ്തു. ഇപ്രകാരം ശാസ്ത്രവും വ്യവസായവും അന്യോന്യം ഉത്തേജിപ്പിച്ചുകൊണ്ടു മുന്നോട്ടു പാഞ്ഞു. വ്യവസായം സമരോപകരണങ്ങളുടെ ഉറവയാകുന്നതിനും വ്യവസായികശക്തി രാഷ്ട്രീയശക്തിയുടെ വിധിനിർണ്ണായകഘടകമാകുന്നതിനും ഏറെത്താമസിക്കേണ്ടിവന്നില്ല. വ്യവസായവിപുലീകരണം ശാസ്ത്രീയപുരോഗതിയെ അടിസ്ഥാനമാക്കിയിരിക്കുന്നതിനാൽ ശാസ്ത്രീയമായ കഴിവു് രാഷ്ട്രീയശക്തിയുടെ ഒരു തുണാംശിത്തീർന്നു. എന്നാൽ പത്തൊൻപതാംശതാബ്ദത്തിലെ രാജ്യതന്ത്രജ്ഞന്മാർ ഇതു് മനസ്സിലാക്കിയില്ല. വാട്ടർലൂ യുദ്ധത്തിനെതുടർന്നുള്ള നൂറുവർഷത്തേയ്ക്കു് മഹച്ഛക്തികൾതമ്മിൽ വലിയ യുദ്ധങ്ങൾ ഒന്നുംതന്നെ നടന്നില്ല. രാഷ്ട്രീയാധികാരവും വ്യവസായകോയ്മയും തമ്മിലുള്ള ബന്ധം അംഗീകരിക്കപ്പെടാതിരുന്നതുപോലെതന്നെ ശാസ്ത്രവും വ്യവസായവും തമ്മിലുള്ള പരസ്പരാശ്രയത്വവും അതിൽ വളരെ കുറച്ചുമാത്രമേ പ്രത്യേകിച്ചും ഫ്രാൻസിലും ബ്രിട്ടനിലും മനസ്സിലാക്കപ്പെട്ടിരുന്നുള്ളു. ആധുനികരാഷ്ട്രവ്യവസ്ഥയിൽ ശാസ്ത്രത്തിനുള്ള പ്രാധാന്യത്തെപ്പററി അല്പമെങ്കിലുംമനസ്സിലാക്കിയിരുന്നതു് ജർമ്മനി മാത്രമാണ്. ജർമ്മൻശാസ്ത്രജ്ഞന് അയാളുടെ ഇംഗ്ലീഷ് ഫ്രഞ്ചുപ്രവർത്തകരുടേതിൽനിന്നും എത്രയോ ഉപരിയായ ഒരു സ്ഥാനം സമുദായവ്യവസ്ഥിതിയിൽ നൽകപ്പെട്ടിരുന്നു. അയാൾ വ്യവസായങ്ങളുമായി അടുത്തു സഹകരിച്ചു പ്രവർത്തിക്കുകയും യാന്ത്രികപ്രയോഗങ്ങളിൽ ദൃഷ്ടിയുറപ്പിക്കുകയും ചെയ്തു. തൽഫലമായി [illegible]-നോടടുത്തപ്പോൾ മററതൊരു രാഷ്ട്രത്തെക്കാളും കൂടുതൽ ശാസ്ത്രജ്ഞന്മാർ ജർമ്മനിക്കുണ്ടായിരുന്നുവെന്നു മാത്രമല്ല ആധുനികവ്യവസായങ്ങളുടെ ആവശ്യങ്ങളെയും പരിമിതികളെയുംപററി അവരുടെ ശാസ്ത്രജ്ഞന്മാർക്ക് നല്ലവണ്ണം അറിവുമായിരുന്നു. യുദ്ധത്തിൽ ജർമ്മനിയുടെ നേട്ടങ്ങളായ അമോണിയവാതകത്തിന്റെ സംയോജനം, വിഷവാതകത്തിന്റെ ഉല്പാദനം എന്നിവ ആധുനികസമരതന്ത്രത്തിൽ ശാസ്ത്രത്തിനുള്ള മൗലികപ്രാധാന്യത്തെ ഓരോ രാജ്യത്തിനും ആദ്യമായി പ്രസ്പഷ്ടമാക്കികൊടുത്തു. ഐക്യകക്ഷികൾക്ക് സമരത്തിന് നടുവിൽ സംഭരിക്കേണ്ടിവന്നു. അങ്ങിനെയാണ് ബ്രിട്ടനിൽ ഡിപ്പാർട്ടുമെൻറ് ഓഫ് സയൻറിഫിക്ക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് എന്ന സ്ഥാപനവും അമേരിക്കയിൽ നാഷണൽ റിസർച്ച് കൌൺസിൽ എന്ന സ്ഥാപനവും സംജാതമായതു്.

എന്നാൽ ഒന്നാംലോകമഹായുദ്ധം പോലും ശാസ്ത്രീയത്തെക്കാൾ കൂടുതൽ ഒരു വ്യവസായികസമരമായിരുന്നു, ശാസ്ത്രജ്ഞന്മാരല്ല, യന്ത്രജ്ഞന്മാർ തമ്മിലായിരുന്നു മൽപിടിത്തം. രണ്ടാംലോകമഹായുദ്ധത്തിന്റെ ഉദയം ശാസ്ത്രത്തെ സംപൂർണ്ണമായും രംഗത്തേയ്ക്കു കൊണ്ടുവന്നു. ഈ പ്രാവശ്യം ആദ്യംമുതൽ ശാസ്ത്രജ്ഞന്മാരെ അവരുടെ പരീക്ഷണശാലകളിൽതന്നെ പ്രവൃത്തിനിരതരാക്കി, സയൻസ് ഒരു നിശ്ചിതപ്രാധാന്യം കൈക്കൊണ്ടു. റാഡാറിനെ (Radar) ക്കൂടാതെ അററ്ലാൻറിക്ക് സമരവും ബ്രിട്ടൻ സമരവും പരാജയത്തിൽ കലാശിച്ചേനെ. റേഡിയോ നിയന്ത്രിതറോക്കററുകളും, പൈലററില്ലാത്ത വിമാനസേനയും സ്വനവേഗതയുള്ള വിമാനങ്ങളും, ലക്ഷ്യത്തിൽ സ്വയം സമീപിക്കാൻ കഴിവുള്ള ററാർപിഡോകളും ഷെല്ലുകളും അവസാനമായി അണുബാംബും ഈ സമരത്തെ സമാപിപ്പിച്ചു. പണ്ട് ശാസ്ത്രത്തിന്റെ ഉദ്ദേശം കൂടുതൽ സമരപ്രധാനമായിരുന്നെങ്കിലും ഇന്നു് അതിന്റെ നശീകരണശക്തി ശതഗുണീഭവിച്ചിട്ടുണ്ട്. ശാസ്ത്രത്തിന്റെ പുരോഗതി പത്തൊൻപതാംനൂററാണ്ടിനുശേഷം മിന്നൽപിണർവേഗത്തിലായിത്തീർന്നു. ഇന്നു ഒരു നിസ്സാരമായ ശാസ്ത്രീയപരിഷ്കാരംപോലും അതിന്റെ യഥാർത്ഥവിലയെ കവിഞ്ഞ രാഷ്ട്രീയപ്രത്യാഘാതങ്ങൾ ഉളവാക്കാനിടയുണ്ട്. എന്നാൽ അണുശക്തിപോലെയുള്ള ഗൌരവമേറിയ കണ്ടുപിടിത്തങ്ങൾ സമരതന്ത്രത്തെയാകെ ഒരു അനിശ്ചിതാവസ്ഥയിലാക്കുകയും രാഷ്ട്രങ്ങളുടെ ജീവിതത്തിലാധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു.

രാഷ്ട്രങ്ങളുടെ ശാസ്ത്രീയമായ കഴിവു് അവയുടെ ശക്തിയുടെ ഒരു സുപ്രധാനഘടകമായിത്തീരുന്ന ഒരു അവസ്ഥയിൽ നാം എത്തിച്ചേർന്നിരിക്കുന്നു. ആൾസംഖ്യാബലത്തോടും വ്യവസായികശക്തിയോടും ഒപ്പം ശാസ്ത്രീയശക്തിയും കൂടിയുണ്ടെങ്കിൽമാത്രമേ ഒരു മഹച്ഛക്തിയാകുന്നതിന് ഇന്നത്തെ ലോകത്തിൽ സാദ്ധ്യമാകൂ.

ഇന്നത്തെ ലോകത്തിൽ ശാസ്ത്രീയശക്തിയുടെ കിടപ്പ് എങ്ങനെയാണെന്നറിയുന്നതു് ആവശ്യമായ ഒരു സംഗതിയാണ്. ഇതിന് രാഷ്ട്രീയശക്തിയുടെ അവലംബമായി നില്ക്കുന്ന ശാസ്ത്രവിഭാഗങ്ങളെ മാത്രം കണക്കാക്കിയാൽ മതിയാകും. വ്യവസായത്തിന്റെയും ആധുനികസമരസാമഗ്രികളുടെയും അടിസ്ഥാനമായുള്ള രസതന്ത്രവും ഊർജ്ജതന്ത്രവും ആണ്. ശാസ്ത്രീയമായ കഴിവുകളെ അളക്കുന്നതിന് ഒരു അളവുകോൽ കാണാൻ പ്രയാസമാണ്. ഒരു രാജ്യത്തിലെ ശാസ്ത്രജ്ഞന്മാരുടെയോ പരീക്ഷണശാലകളുടെയോ എണ്ണമോ, ശാസ്ത്രീയഗവേഷണത്തിനായുള്ള ചിലവോ ഇതിനെ അളക്കുന്നതിന് പര്യാപ്തമല്ല. ഓരോരാജ്യത്തിലെയും ശാസ്ത്രത്തിന് നോബൽസമ്മാനം ലഭിച്ചവരുടെ സംഖ്യ നോക്കിയാൽ അവയുടെ ശാസ്ത്രീയപുരോഗതിയെക്കുറിച്ച് ഏറെക്കുറെ നിർണ്ണയിക്കാൻ കഴിയും. അങ്ങനെ പരിശോധിച്ചതിൽ പാശ്ചാത്യസംസ്കാരത്തിന്റെ ഒരു കുത്തകയാണ് ഇന്നുവരെയുള്ള വലിയ ശാസ്ത്രീയനേട്ടങ്ങളെല്ലാമെന്ന് കാണുന്നു. റഷ്യയും ഇൻഡ്യയും വളരെ പിന്നണിയിലാണ്. അതിന് സാമൂഹ്യപരമായും ചരിത്രപരമായും കാരണങ്ങളുണ്ട്.

ആധുനികശാസ്ത്രം വ്യവസായികവുമായി ഉററ സമ്പർക്കത്തിലാണ്. പശ്ചിമയൂറോപ്പാണ് ആധുനികവ്യവസായത്തിന്റെ ജന്മദേശം. അവിടെ വ്യവസായവും സയൻസും ഒന്നിച്ചുവളർന്നു. അമേരിക്കയിൽ ആഭ്യന്തരസമരത്തിനുശേഷം മാത്രമേ വ്യവസായം വിപുലമാകാൻ തുടങ്ങിയുള്ളു. ശാസ്ത്രം വേഗം വളരുന്നുണ്ടെങ്കിലും ഇന്നും യൌവനദശയിലാണ്. ഇരുപതുവർഷങ്ങൾക്കുമുമ്പു വ്യവസായം വളരാൻ തുടങ്ങിയ റഷ്യയിൽ, ശാസ്ത്രം ഇന്നും ബാല്യദശയിലാണ്.

ഹിററ്ലരുടെ ആവിർഭാവത്തിനുമുമ്പുള്ള അമ്പതുവർഷങ്ങൾക്കുള്ളിൽ ജർമ്മനിയിലെ ശാസ്ത്രം ലോകത്തെ നയിച്ചു. ശാസ്ത്രത്തെ ദേശീയപ്രാധാന്യമുള്ള ഒന്നായി കരുതാനും പ്രവർത്തിക്കാനും മുതിർന്ന ആദ്യത്തെ രാജ്യം ജർമ്മനിയാണ്. ജർമ്മൻശാസ്ത്രം യഥാർത്ഥത്തിൽ ബ്രിട്ടീഷ് ഫ്രഞ്ചു ശാസ്ത്രങ്ങളെക്കാൾ വളരെ പിന്നീടാണുണ്ടായതു്. ആധുനികകണ്ടുപിടിത്തങ്ങളെല്ലാംതന്നെ ജർമ്മനിയുടെ നേട്ടങ്ങളാണ്. എന്നാൽ ഏറെക്കാലമായി ശാസ്ത്രത്തെ നയിച്ചുകൊണ്ടിരുന്ന തത്വങ്ങൾക്ക് വിരുദ്ധമായ ഒരു നില സ്വീകരിക്കുകമാത്രമല്ല, ഐൻസ്റ്റൈൻ, ഹേബർ, എന്നീ സുപ്രസിദ്ധ ശാസ്ത്രജ്ഞന്മാരെ രാജ്യത്തുനിന്നും ബഹിഷ്കരിക്കുകകൂടി ചെയ്തപ്പോൾ അവർക്കുണ്ടായിരുന്ന നേതൃത്വം പൊടുന്നനവെ നശിച്ചുതുടങ്ങി.

അതോടൊപ്പം അമേരിക്കൻ ശാസ്ത്രത്തിന്റെ ഉയർച്ചയും ദ്രുതതരമായി. ബ്രിട്ടനെയും ജർമ്മനിയെയും മാതൃകയായി സ്വീകരിച്ചുകൊണ്ട് അവർ പുരോഗമിച്ചു. എന്നാൽ അവിടെ ജർമ്മനിയിലുണ്ടായിരുന്നതിൽനിന്നും പൂർവാധികം ബലവത്തായ ബന്ധം വ്യവസായവും ശാസ്ത്രവും തമ്മിലുണ്ടായിരുന്നു. യുദ്ധത്തിനുമുമ്പ് ജർമ്മനിയെയും ബ്രിട്ടനെയുംകാൾ പത്തുമടങ്ങ് കൂടുതൽ പണം ശാസ്ത്രീയഗവേഷണത്തിനായി അമേരിക്ക ചിലവഴിച്ചു. റാക്ക്ഫെല്ലർ, കാർണെജി മുതലായവരുടെ സ്ഥാപനങ്ങൾ ഇതിന് സാക്ഷ്യംവഹിക്കുന്നു. ഈ ശാസ്ത്രീയപരിപോഷണം വിജയപ്രദമായ ഫലങ്ങളുളവാക്കി. കഴിഞ്ഞ പതിമൂന്നുവർഷങ്ങൾക്കുള്ളിൽ പന്ത്രണ്ട് നോബൽസമ്മാനങ്ങൾ അമേരിക്ക കരസ്ഥമാക്കി. ഇന്നു അമേരിക്കൻശാസ്ത്രം ലോകത്തെ നയിക്കുന്നു.

പത്തൊൻപതാം ശതാബ്ദത്തിലെ ഏററവും വലിയ ശാസ്ത്രജ്ഞനായ മെൻഡലേ(Mendeleyer)വുടെ മേൽ മററുള്ള രാജ്യങ്ങളും അനുമോദനങ്ങൾ കോരിച്ചൊരിഞ്ഞപ്പോൾ, സ്വന്തം നാടായ റഷ്യയിൽ അദ്ദേഹം തൃണവൽഗണിക്കപ്പെട്ടു. എന്നാൽ വിപ്ലവത്തോടുകൂടി, സാർ ഭരണത്തിന്റെ അവസാനത്തോടെ, ശാസ്ത്രത്തോടുണ്ടായിരുന്ന വിരോധമനോഭാവവും പാടെ നിർമ്മാർജ്ജനംചെയ്യപ്പെട്ടു. മാത്രമല്ല, സാമൂഹ്യസംഘടനയിൽ ശാസ്ത്രം നിർവഹിക്കേണ്ട പ്രധാനപങ്കിനെപ്പററി മാർക്സിസം ഉറപ്പിച്ചു ചൂണ്ടിക്കാണിച്ചിട്ടുള്ളതിനെ അവലംബിച്ച് ലെനിന്റെ ആദ്യത്തെ പ്രവൃത്തികളിലൊന്ന് ഒരു സോവിയററുശാസ്ത്രജ്ഞസംഘത്തിന്റെ നിർമ്മാണമായിരുന്നു. ഇന്നു റഷ്യയിൽ കാണുന്നതുപോലെ ശാസ്ത്രപരിപോഷണം മററെങ്ങും കാണുകയില്ല. റഷ്യൻ ശാസ്ത്രജ്ഞന്മാർക്ക് പലവിധത്തിലും അഭികാമ്യമായ ഒരു പദവി ലഭിച്ചിരിക്കുന്നു. വരവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏതൊരു രാജ്യത്തെക്കാളും കൂടുതൽ പണം ശാസ്ത്രീയഗവേഷണത്തിനായി റഷ്യ വിനിയോഗിക്കുന്നു. സോവിയററിലുള്ള സെക്കൻഡറി സ്കൂളുകളിലെല്ലാം ശാസ്ത്രീയവിദ്യാഭ്യാസത്തിന് മുൻഗണന നൽകപ്പെട്ടിട്ടുണ്ട്. ഇങ്ങനെയൊക്കെയിരുന്നാലും അമേരിക്കയ്ക്കു് വേണ്ടിവന്നതുപോലെ കുറഞ്ഞതു് രണ്ടുതലമുറകളെങ്കിലും പാശ്ചാത്യരുടേതിനൊപ്പം എത്താൻ റഷ്യൻ ശാസ്ത്രത്തിന് വേണ്ടിവരും:

ഇന്നത്തെ ശാസ്ത്രീയലോകം മുഖ്യമായും പശ്ചിമയൂറോപ്പും അമേരിക്കയും ഉൾപ്പെട്ട പരിധിയിലാണ്. ഗണനീയമായ കണ്ടുപിടിത്തങ്ങളെല്ലാം അവിടെനിന്നുമാണ് ഉണ്ടായിട്ടുള്ളതു്. ത്രിശക്തികളിൽ രണ്ടെണ്ണത്തിന് മാത്രമേ ശാസ്ത്രീയശക്തിയുള്ളു. റഷ്യൻ ശ്രമങ്ങൾ വിജയിക്കുന്നതുവരെ മററുവിധത്തിൽ ശക്തിമത്തായ ഒരു ശൃംഖലയിൽ ശാസ്ത്രം ക്ഷീണമായ ഒരു ബന്ധമായിരിക്കും.

ജർമ്മനിയുടെ അധഃപതനത്തോടുകൂടി പശ്ചിമയൂറോപ്പിന്, ശാസ്ത്രത്തിലുണ്ടായിരുന്ന കുത്തക, ഇനി വീണ്ടെടുക്കാൻ നിവൃത്തിയില്ലാത്തവണ്ണം നഷ്ടപ്പെട്ടുവെങ്കിലും ശാസ്ത്രീയലോകത്തിൽ ഏറെനാളത്തേയ്ക്കു് ഒരു സുപ്രധാനപദവി പുലർത്തിക്കൊണ്ടുപോകാൻ കഴിഞ്ഞേയ്ക്കും. ഇന്ന

(ശേഷം പത്താംപേജിൽ)

# എ. ഐ. സി. സി. യോഗം

—ം—

## ശ്രീ. എസ്. കെ. പട്ടീലിൻെറ പ്രസ്താവന

ബാംബെ, സെപ്തം: ൯—ബാംബെ സംസ്ഥാന കാൺഗ്രസ്സ് പ്രസിഡൻറ് ശ്രീ. എസ്. കെ. പട്ടീൽ ഇങ്ങനെ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—

സെപ്തംബർ ൨൦-ം ൨൮-ം തീയതികളിൽ നടക്കാൻ പോകുന്ന അഖിലേന്ത്യാ കാൺഗ്രസ്സ് കമ്മിററിയോഗത്തിൽ കാൺഗ്രസ്സ് കമ്മിററി അംഗങ്ങൾക്കും ഒരു ചെറിയ സംഘം പത്രപ്രതിനിധികൾക്കും മാത്രമേ പ്രവേശം അനുവദിക്കേണ്ടതുള്ളുവെന്ന്, രാഷ്ട്രപതി കല്പനയയച്ചതായും, തന്മൂലം എല്ലാ കമ്മിററി അംഗങ്ങളും ഈ കാര്യം നല്ലപോലെ ഓർത്ത് സന്ദർശകന്മാരെ ക്ഷണിക്കരുതെന്നും എല്ലാവർക്കും വെവ്വേറെ ഇതിനെപ്പററി അറിവുകൊടുക്കാൻ സാദ്ധ്യമല്ലെന്നുമാണ് അതിൽ പറഞ്ഞിരിക്കുന്നത്. അഖിലേന്ത്യാ കാൺഗ്രസ്സ് കമ്മിററി അംഗങ്ങളെ എല്ലാവരെയും യോഗകാലത്തെ ബാംബേ കാൺഗ്രസ്സ് കമ്മിററിയുടെ അതിഥികളായി ക്ഷണിക്കയും ചെയ്യുന്നുണ്ട്. (ഏ. പി)

—ം—

## തിരുവനന്തപുരം

ചിങ്ങം ൨൨—അഡ്വക്കേററ് ജനറൽ മി: കെ. ജി. കുഞ്ഞുകൃഷ്ണപിള്ള ഈ മാസം ൩൧-ാംനുമുതൽ രണ്ടുമാസത്തെ അവധിയിൽ പ്രവേശിക്കുന്നതും അവധികഴിഞ്ഞശേഷം ഉദ്യോഗം രാജിവയ്ക്കുന്നതുമാണെന്നറിയുന്നു. ഉദ്യോഗത്തിൽനിന്നു വിരമിച്ചശേഷം വീണ്ടും അഡ്വക്കേററായി ഇവിടെ പ്രാക്ടീസ് തുടങ്ങുമെന്നും അറിയുന്നു. മി. കെ. ജി.യുടെ ഉദ്യോഗകാലാവധി ൧൧൨൪ വൃശ്ചികംവരെയുണ്ടായിരുന്നതും പ്രസ്താവ്യമാണ്.

—ം—


## ടാക്കീസ്

മഹത്തായ 3-ാംവാരം

എസ്. എം. പി. പാലസ്സിൽ

### രാജകുമാരി

ററി. എസ്സ്. ബാലയ്യാ, എം. എസ്സ്. ഭാഗ്യ, മാലതി, എം. ആർ. സ്വാമിനാഥൻ തവമണിദേവി, എം. ജി. രാമചന്ദ്രൻ, മുതലായവർ അഭിനയിച്ചത്.

ദിവസം 2-കളികൾ 6-15 നും, 10-നും ഞായറാഴ്ച, മാററിനി 2-15-ന്.

കൊല്ലം ബേബിടാക്കീസിൽ

മഹത്തായ 3-ാംവാരം

### ജഗതലപ്രതാപൻ

പി. യു. ചിന്നപ്പാ, എം. എസ്സ്. സരോജം, യു. ആർ. ജീവരത്തിനം, സന്താനലക്ഷ്മി, എൻ. എസ്. കൃഷ്ണൻ ററി. എ. മധുരം അഭിനയിച്ചത്. ൧൧൨൩ ൨൩ തിങ്കളാഴ്ച അവസാനദിനം

കൊല്ലം ലക്ഷ്മിടാക്കീസിൽ

വി. എൻ. ജാനകി, എൻ. കൃഷ്ണമൂർത്തി, വി. എസ്. മണി, കൊളത്തുമണി, സേതുരാമൻ അഭിനയിച്ച

### — ത്യാഗി —

എന്ന നവീനചിത്രം

ചവറ കെ. സി. ടാക്കീസിൽ

പി. കണ്ണാംബ, എൻ. ആർ. ശകുന്തള, എസ്. പി. എൽ. ധനലക്ഷ്മി, വി. എം. ഏഴുമലൈ, എം. വി. മണി, ററി. എസ്. ദുരൈരാജ്, കളത്തുമണി മുതലായവർ അഭിനയിച്ച

### — ദൈവനീതി —


# മഹാരാജാവുതിരുമനസ്സിലേക്ക് അഭിനന്ദനം

## ഉത്തരവാദഭരണദാനത്തിൽ മദ്രാസ് പത്രങ്ങളുടെ പ്രശംസ

മദ്രാസ് സെപ്തം: ൫—തിരുവിതാംകൂറിലെ വിളംബരത്തെ പരാമർശിച്ച് ഹിന്ദുപത്രം ഇപ്രകാരം എഴുതുന്നു:—"ഉത്തരവാദിത്വഭരണം നൽകുവാനുള്ള തീരുമാനം പ്രഖ്യാപിച്ചുകൊണ്ട് തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു പുറപ്പെ



ടുവിച്ച വിളംബരത്തിന് സർവജനീനമായ സ്വാഗതം ലഭിക്കുകയും ജനങ്ങളുടെ ഇടയിൽ ഏകയോഗമമായ സന്തോഷകത്തിനും അത്യുന്നിമിത്തം ഉളവാകുകയും ചെയ്തിരിക്കുന്നു.

കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടും തിരു: മഹാരാജാവുതിരുമനസ്സുകൊണ്ടും നൽകിയിരിക്കുന്ന മാതൃക അധികകാലം ആകുന്നതിനുമുമ്പ് മിക്ക നാട്ടുരാജ്യങ്ങളിലും ജനകീയമന്ത്രിസഭ അധികാരത്തിൽ വരുമെന്ന ജനങ്ങളുടെ വിശ്വാസത്തെ സഫലീകരിക്കുന്നു.

മെയിൽപത്രം പ്രസ്താവിക്കുന്നതിങ്ങനെയാണ്. നിർദ്ദിഷ്ടമായ കൺസ്റ്റിററ്യൂവൻറ് അസംബ്ലി പ്രതീക്ഷപോലെ പ്രവർത്തിക്കുന്നപക്ഷം തിരുവിതാംകൂർ ഇൻഡ്യയിലെ പുരോഗമനോന്മുഖമായ നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽതന്നെ തുടരുന്നതാണ്.

തല്പരകക്ഷികളുടെ, പ്രകടനവിധ്യ ഭേദിച്ച യാഥാർത്ഥ്യങ്ങളിൽ കൈവച്ചതിൽ മഹാരാജാവുതിരുമനസ്സുകൊണ്ടും അഭിനന്ദനം അർഹിക്കുന്നു എന്നാണ് ഇൻഡ്യൻ എക്സ്പ്രസ്സ് പ്രസ്താവിക്കുന്നത്.

ഫ്രീപ്രസ്സ് പത്രം പറയുന്നത് തിരുവിതാംകൂർ മഹാരാജാവ് നൽകിയിരിക്കുന്ന മാതൃക മററു നാട്ടുരാജാക്കന്മാരുടെ ഭാവനയെ വശീകരിച്ച് അതിൽനിന്നു പ്രയോജനം ഉണ്ടാകുവാൻ അവരെ പ്രേരിപ്പിക്കും എന്നാണ്.

—ം—

## ഡെൽഹിയിലും ബാമ്പയിലും സിംലായിലും

—ം—

### ലഹളകൾ ചിലേടങ്ങളിൽ തുടങ്ങിയിരിക്കുന്നു

ന്യൂഡെൽഹി, സെപ്തംബർ ൫—വർഗ്ഗീയലഹളകളും കവർച്ചയും ഡെൽഹിയിൽ ചിലേടങ്ങളിൽ ഉണ്ടായതിനെത്തുടർന്നു ന്യൂഡെൽഹി മുനിസിപ്പാലിററിയിൽ കർഫ്യൂനിയമം നടപ്പിലാക്കിയിരിക്കുന്നു. ഇന്നത്തെ സംഭവങ്ങളുടെ ഫലമായി ൧൧ പേർ മരിക്കുകയും ൫൦ പേർക്ക് പരുക്കേൽക്കുകയുമുണ്ടായി. ഒരു ദിക്കിൽ പോലീസ് വെടിവെപ്പുനടത്തിയതിനെത്തുടർന്നു ഒരാൾ മരിക്കുകയുണ്ടായി.

സിംലായിലും ലഹളകളും കവർച്ചശ്രമങ്ങളും ഉണ്ടായതിൻെറ ഫലമായി പോലീസിനു വെടിവെപ്പു നടത്തേണ്ടിവന്നു. ലഹളകളുടെയും വെടിവെപ്പിൻെറയും ഫലമായി ൫൦ പേർക്ക് പരുക്കേററിട്ടുണ്ട്.

ബാംബെയിൽ കത്തിക്കുത്തുകേസുകൾ ഇപ്പോഴും അങ്ങിങ്ങു റിപ്പോർട്ടുചെയ്യപ്പെടുന്നു. ഒരാൾ മരിച്ചു. (ഏ-പി)

—ം—

## സ്വർണ്ണം വിതരണം ചെയ്യുന്നതിനെപ്പററി

—ം—

### മി. ബെവിൻെറ അഭിപ്രായത്തെ അമേരിക്ക പരിഹസിക്കുന്നു

ന്യൂയോർക്ക്, സെപ്തം: ൯—അമേരിക്ക ഫോർട്ടുനോക്സിൽ സൂക്ഷിച്ചിട്ടുള്ള സ്വർണ്ണം വിതരണംചെയ്യുകയാണു യുദ്ധംകാരണം നഷ്ടങ്ങളുണ്ടായിട്ടുള്ള പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിന് ഏററവും നല്ല മാർഗ്ഗമെന്ന മി. ബെവിൻെറ അഭിപ്രായത്തെ ന്യൂയോർക്ക്ടൈംസ് പരിഹസിക്കുന്നു. ഫോർട്ടുനോക്സിലെ സ്വർണ്ണം അമേരിക്കയുടെ സാമ്പത്തികഘടനയുടെമുഴുവൻ ആധാരമാണെന്നതിനാൽ അതു ദേശാന്തരവ്യാപാരത്തിൽ വലിയമാററം വരുത്തുമെന്നു നടക്കുന്നുണ്ടെന്നു പത്രം ചൂണ്ടിക്കാണിക്കുന്നു. യുദ്ധംകാരണമുണ്ടായിട്ടുള്ള നഷ്ടങ്ങൾ തീർക്കാൻ കൽക്കരിഖനികൾ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കയാണു വേണ്ടതെന്നു (ബ്രിട്ടനിൽ ഇന്നു കൽക്കരിതൊഴിലാളികൾ പണിമുടക്കുകൾ നടത്തുന്നുണ്ടെന്നുള്ളതു് ഇവിടെ ഓർക്കേണ്ടതാണ്) പത്രം അഭിപ്രായപ്പെടുന്നു.

മി. ബെവിൻെറ അഭിപ്രായം ഒന്നുകിൽ ഒരു പെരുംരാഷ്ട്രീയതന്ത്രമാണ്, അല്ലെങ്കിൽ ധനശാസ്ത്രത്തിലുള്ള അജ്ഞതയാണ് എന്നാണ് മററൊരു വൃത്തം അഭിപ്രായപ്പെടുന്നത്. (റായിട്ടർ)

## ഓം

### അഷ്ടമിരോഹിണി മഹോത്സവം

കൊല്ലം ചിങ്ങം, ൨൨.

കൊല്ലം വടയാററുകോട്ട ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള അഷ്ടമിരോഹിണിമഹോത്സവംസംബന്ധിച്ച് ഇന്നുരാവിലെ ഉഷഃപൂജ, ൧൦-മുതൽ ൧൧-വരെ ഓട്ടൻതുള്ളൽ, ൧൧ മണിക്കു കുംഭാഭിഷേകം, വൈകുന്നേരം ൫-മുതൽ ൯-വരെ മലബാർ രാമൻനായർ ആൻഡ് പാർട്ടിയുടെ ഓട്ടൻതുള്ളൽ, ൬-മണിക്കു ദീപാരാധന, എട്ടരമണിവരെ ആനന്ദവല്ലീശ്വരം കേശവപ്പണിക്കർ ആൻഡ് പാർട്ടിയുടെ നാഗസ്വരവായന, ൯-മുതൽ ൧൧വരെ കമലാഭായി, ഇന്ദിരാഭായിതങ്കച്ചി (മൃദംഗം) ആൻഡ് പാർട്ടിയുടെ ഹരികഥ, ൧൧-ൽ മണിക്കു ദീപാരാധന എന്നീ ചടങ്ങുകൾ നടക്കുകയുണ്ടായി. നാളെ; ഇന്നുരാവിലെമുതൽ രാത്രി ഒമ്പതുമണിവരെ നടന്നതുപോലെ പരിപാടികളുണ്ടായിരിക്കുന്നതും രാത്രി ൯-മണിമുതൽ ശ്രീ: ടി. പി. രാജലക്ഷ്മി ആൻഡ് പാർട്ടിയുടെ ഹരികഥയും ഉണ്ടായിരിക്കുന്നതാണ്.

## കൽക്കട്ടായിൽ

—ം—

### ഉപവാസദിനമാചരിച്ചു

കൽക്കട്ടാ, സെപ്തം: ൭ ഇന്ന് ഒരു ഉപവാസദിനമായും കൽക്കട്ടായിൽ പൊതുവേ ആചരിക്കപ്പെട്ടിരിക്കുന്നു. ഇത് ആചാര്യകൃപലാനി, ഡാ: പി. സി. ഘോഷ്, മി: എച്ച്. എസ്. സുഹ്രവർദി എന്നിവർ പുറപ്പെടുവിച്ചതും ഇന്നേദിവസം ആത്മശുദ്ധീകരണത്തിനുള്ള അവസരമായി ആചരിക്കണമെന്ന് അപേക്ഷിച്ചിരുന്നതുമായ ഒരു അഭ്യർത്ഥനയുടെ ഫലമാണ്.

# നം രാഷ്ട്രീയതടവുകാരെ ക്കൂടി മോചിപ്പിച്ചു

—ം—

തിരുവനന്തപുരം, ചിങ്ങം ൨൨—ഇന്നലെ മോചിപ്പിക്കപ്പെട്ട ൧൪ പേർക്കു പുറമേ സെൻട്രൽ ജയിലിൽനിന്നു ഇന്നു വൈകുന്നേരം നം രാഷ്ട്രീയതടവുകാരെക്കൂടി മോചിപ്പിച്ചിരിക്കുന്നു.

സെൻട്രൽജയിലിൽ തടവിൽപാർപ്പിക്കപ്പെട്ടിട്ടുള്ള സ്റ്റേററുകാൺഗ്രസ്സ് പ്രവർത്തകരിൽ ൧൪ പേരെ ഇന്നലെരാത്രി ൧൦ മണിയോടുകൂടി മോചിപ്പിക്കുകയുണ്ടായി. ബാക്കിയുള്ളവരുടെ കാര്യം ആലോചനയിലിരിക്കുന്നു. ഇന്നലെ മോചിപ്പിക്കപ്പെട്ടവരുടെ കൂട്ടത്തിൽ കരുനാഗപ്പള്ളിക്കാരായ ൧൧ പേരും ചിറയിൻകീഴു സ്വദേശികളായ മെ: സദാശിവൻ, സുധാകരൻ എന്നിവരും പാറശ്ശാലസ്വദേശികളായ മെ: കെ. എം. ചാണ്ടി, ചെറിയാൻകാപ്പൻ എന്നിവരും കോട്ടയം സ്വദേശിയായ മി: എം. സി. മാത്യുവും കാഞ്ഞിരപ്പള്ളി സ്വദേശിയായ മി: പി. വി. വർക്കിയും പുളിങ്കുന്ന് സ്വദേശിയായ മി: തോമസ്സ് ജോൺ എന്നിങ്ങനെ ൧൪ പേരും ഉൾപ്പെടുന്നു. (സ്വ-ലേ)

## മി: പട്ടം താണുപിള്ള കൊല്ലത്ത്

കൊല്ലം, ചിങ്ങം ൨൨—സ്റ്റേ: കാ: പ്രസിഡൻറ് മി: പട്ടം താണുപിള്ള, തിരുവനന്തപുരം കാർപ്പറേഷൻ മേയർ മി: പേട്ടുർക്കട ഗോപാലപിള്ള, മി: കൊച്ചീക്കൽ ബാലകൃഷ്ണൻതമ്പി, മി: എസ്സ്. ജെ. നായർ എന്നിവർ ഇന്നുച്ചയ്ക്കു ഇവിടെയെത്തി രാജ്യസേവനനിരതഃ കെ. ജി. പരമേശ്വരൻപിള്ള അവർകളുടെ കനിഷ്ഠസഹോദരനായ ശ്രീ: കെ. ജി. ശങ്കർ അവർകളെ സന്ദർശിച്ചശേഷം തിരുവനന്തപുരത്തേക്കു മടങ്ങിയിരിക്കുന്നു.

തടവുകാരുടെ മോചനം അതിവേഗം സാധിക്കുന്നതിനുവേണ്ടി താൻ യത്നിച്ചുകൊണ്ടിരിക്കയാണെന്നു മി: പട്ടം ഒരഭിമുഖസംഭാഷണമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി.

നാളെ തിരുവനന്തപുരത്തുവച്ച് സ്റ്റേററ് കാൺഗ്രസ്സിൻെറ പ്രവർത്തകസമിതി സമ്മേളിക്കുന്നതാണെന്നറിയുന്നു.

സെൻട്രൽജയിലിൽനിന്നു മോചിപ്പിക്കപ്പെട്ട ശ്രീ: കമ്പളത്തു ശങ്കുപ്പിള്ള, ശ്രീ: സി. കേശവൻ, എന്നിവരും ശ്രീ: കെ. ജി. ശങ്കറിനെ സന്ദർശിക്കുകയുണ്ടായി.

—ം—

## പാക്‌പഞ്ചാബിലെ പുതു ആർഡിനൻസ്

—ം—

### പാകിസ്ഥാൻ ഗവമ്മെൻറിൻെറ പ്രസ്താവന

കറാച്ചി, സെപ്തമ്പർ ൯—ആവശ്യപ്പെടുമ്പോൾ കൊടുക്കാമെന്ന വ്യവസ്ഥയിലും കാലാവധിവെച്ചും ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള പണം പശ്ചിമപഞ്ചാബിൽനിന്നു ബാങ്കുകൾ പുറത്തേക്കു കൊണ്ടുപോകുന്നതു തടയാൻ അധികാരം സ്വയം ഏറെറടുക്കുന്ന ഒരു ആർഡിനൻസ്, പശ്ചിമപഞ്ചാബിൽ പാസ്സായിട്ടുണ്ടെങ്കിലും അതുപ്രകാരം ഒരു നടപടിയുമെടുത്തിട്ടില്ലെന്ന് പാകിസ്ഥാൻഗവമ്മെൻറ് അറിയിക്കുന്നു. ഈ ആർഡിനൻസ് പണം പിൻവലിക്കാനുള്ള വ്യക്തികളുടെ സ്വാതന്ത്ര്യത്തെ സ്പർശിക്കുന്നില്ലെന്നും പ്രസ്താവിക്കുന്നു. (ഏ-പി)

—ം—

# ഹൈദ്രബാദ് ജയിലിൽ

പട്ടിണിനിമിത്തം രണ്ടു മരണം

ഹൈദ്രബാദ് സെ: ൯—ഇൻഡ്യൻപതാക ഉയർത്തിയതു സംബന്ധിച്ചും നിയമം ലംഘിച്ചതു സംബന്ധിച്ചും ഹൈദ്രബാദിൽ അനേകം അറസ്റ്റുകൾ പല സ്ഥലങ്ങളിലായി നടന്നിരിക്കുന്നുവെന്നു ഇന്നു ഹൈദ്രബാദ് സ്റ്റേററ് കാൺഗ്രസ്സ് പുറപ്പെടുവിച്ച ഒരു ബുള്ളററിനിൽ പറയുന്നു. അബൻഡ്ഡ ജയിലിൽവച്ചു പട്ടിണിമൂലം രണ്ടു കർഷകർ മരിച്ചുപോയതായി ബുള്ളററിനിൽ റിപ്പോർട്ടു ചെയ്യപ്പെടുന്നു. ഈ രണ്ടു കർഷകരും മററു പത്തുപേരുംകൂടിച്ചേർന്ന് ഒരു തഹശീൽദാരെ ആക്രമിച്ചതായി പറയപ്പെടുന്ന ഒരു കേസുസംബന്ധിച്ചാണ് ഇവരെ തടങ്കലിൽ വച്ചിരുന്നതു്. ബീഡാറിൽവച്ചു ഈ രാഷ്ട്രീയതടവുകാരോടു് അനാശാസ്യമായി പെരുമാറിയെന്നും അവരുടെ സ്വന്തം വസ്ത്രങ്ങൾപോലും ഉപയോഗിക്കുവാൻ അനുവദിച്ചിരുന്നില്ലെന്നു വർത്തമാനപ്പത്രങ്ങൾ വായിക്കുവാനോ വെളിസ്ഥലത്തു നടക്കുവാനോ പോലുമോ സമ്മതിച്ചിരുന്നില്ലെന്നും ബുള്ളററിനിൽ പറയുന്നു.

## സ്റ്റേ: കാ: പ്രസിഡൻറിൻെറ നിരാഹാരവ്രതം

ഹൈദ്രബാദ് സെ:—൧ ആഗസ്റ്റ് ൩൧-ാംനു അറസ്റ്റുചെയ്യപ്പെട്ട ഹൈദ്രബാദ് സ്റ്റേററ് കാൺഗ്രസ്സുപ്രസിഡൻറ സ്വാമി രാമാനന്ദതീർത്ഥൻ ഇന്നലെമുതൽ നിരാഹാരവ്രതം തുടങ്ങിയിരിക്കുന്ന സത്യഗ്രഹികളോടുള്ള സഹതാപസൂചകമായി ഇന്നലെമുതൽ ഹൈദ്രബാദ് സെൻട്രൽ ജയിലിൽ നിരാഹാരവ്രതം ആരംഭിച്ചിരിക്കുന്നു.

## പ്രത്യക്ഷസമരകമ്മിററി ചെയർമാൻെറ പ്രസ്താവന

ബാംബെ, സെപ്റ്റംബർ ൯—ഹൈദരബാദ് സ്റ്റേററ് കാൺഗ്രസ്സിൻെറ പ്രത്യക്ഷസമരകമ്മിററി പ്രസിഡൻറ് ശ്രീ: ദിഗംബരറാവുബിൻദു ഒരു പ്രസ്താവനയിൽ കഴിഞ്ഞ രണ്ടുമൂന്നുദിവസങ്ങളിലായി നൂററുകണക്കിനു് അറസ്റ്റുകൾ തുടർന്നുകൊണ്ടിരിക്കുന്നുവെന്നു് ബാംബെയിൽ റിപ്പോർട്ടു കിട്ടിക്കൊണ്ടിരിക്കുന്നു.

പ്രമുഖകാൺഗ്രസ്സ് നേതാക്കളെയും പ്രവർത്തകരെയും കൂട്ടംകൂട്ടമായി അറസ്റ്റുചെയ്തുകൊണ്ടുവരുന്നുവെന്നാണ് അറിയുന്നതു്. ൧൪൪-ാംവകുപ്പ് നടപ്പിലാക്കിയിരിക്കുന്നു. ഘോഷയാത്രകളും സമ്മേളനങ്ങളും നിരോധിച്ചിരിക്കുന്നു. സാമുദായികശത്രുശക്തികളെയെല്ലാം ഗവമെൻറ് സമരത്തിനെതിരായി പ്രവർത്തിപ്പിക്കുന്നു. ലഹളകൾ ഇളക്കിവിടുന്നു. ജനകീയസംഘടനയെ അടിച്ചമർത്താൻ ഗവമെൻറും സാമുദായശത്രുക്കളും സംയുക്തപരിശ്രമം നടത്തുകയാണിപ്പോൾ. ഇതന്മദ്ധ്യത്തിൽ, ഹൈദ്രബാദ്ഗവമെൻറ് സ്റ്റേററ് കാൺഗ്രസ്സ് പ്രസിഡൻറുമായി ജയിലിൽവച്ചു് സംഭാഷണങ്ങൾ തുടരാൻ ശ്രമിക്കുന്നു. ഇതല്ല ശരിയായ മാർഗ്ഗം. സ്റ്റേററ് കാൺഗ്രസ്സിൻെറ നില വ്യക്തമാണ്. ഗവമെൻറ സ്വാമിരാമാനന്ദതീർത്ഥ (സ്റ്റേററ് കാൺഗ്രസ് പ്രസിഡൻറ്)നെ വിട്ടു ഉത്തരവാദഭരണം സ്ഥാപിക്കണമെന്നും, ഇന്ത്യൻയൂണിയനിൽ ചേരണമെന്നുമുള്ള സ്റ്റേററ് കാൺഗ്രസ്സിൻെറ ആവശ്യങ്ങളെപ്പററി ഗവമെൻറിൻെറ നില വ്യക്തമാക്കിയശേഷം ആലോചന തുടങ്ങുകയാണ് വേണ്ടതു്. ഇങ്ങിനെയല്ല ചെയ്യുന്നതെങ്കിൽ കൂടിയാലോചനകൊണ്ടെന്തു പ്രയോജനമാണുണ്ടാകുക?

അതിനിടയിൽ സമരം കൂടുതൽകൂടുതൽ ശക്തിപ്പെടുത്തണം. ത്യാഗ—സമരമാർഗ്ഗങ്ങളിൽനിന്നു് പൊതുജനങ്ങൾ പിൻമാറിക്കൂടാ. അവർ ഏകോപിച്ചു് മുന്നോട്ടു പോകണം—സ്റ്റേററ് കാൺഗ്രസ്സിൻെറ നേതൃത്വത്തിൽ.

സെക്കണ്ടറബാദിൽ ലഹളയുണ്ടായ പ്രദേശങ്ങളിൽ ഹൈദരബാദ് പ്രധാനമ

# മഹാത്മജി പഞ്ചാബി ലേക്കു പുറപ്പെട്ടു

## കൽക്കട്ടായിൽ ഇനി സമാധാനഭംഗമുണ്ടായാൽ

### തനിക്കു മരണംവരെ ഉപവാസമെടുക്കേണ്ടിവരുമെന്നു് ഗാന്ധിജി

കല്ക്കട്ടാ, സെപ്റ്റംബർ, ൯ ഇന്നു വൈകുന്നേരം കല്ക്കട്ടാനിവാസികൾ ഗാന്ധിജിയെ പഞ്ചാബിലേക്കു് യാത്രയാക്കുന്നതിനു് ഗാന്ധിജിയുടെ പ്രാർത്ഥനയിൽ പങ്കെടുകൊണ്ടു. സമ്മേളനം തുടങ്ങുന്നതിനുമുമ്പു് മഴയുണ്ടായെങ്കിലും വലിയ ഒരു ജനക്കൂട്ടം ഹാജരുണ്ടായിരുന്നു. കല്ക്കട്ടായിലെ താൽക്കാലികമേയർ, ഗാന്ധിജിയെ സം



ബോധനചെയ്തുകൊണ്ടു് അദ്ദേഹത്തിൻെറ സമാധാനസന്ദേശം വലിയൊരു വിജയമായിത്തീർന്നിരിക്കുന്നുവെന്നു പറഞ്ഞു. അദ്ദേഹം തുടർന്നു പറഞ്ഞു:—"ഞങ്ങൾ അങ്ങയെ ഒരു വലിയ സ്വരാജ്യസ്നേഹിയായിക്കാണുകയുണ്ടായി— മർദ്ദിതരും അധഃകൃതരുമായവർക്കുവേണ്ടി സമരംചെയ്യുന്ന രാജ്യസ്നേഹി; വലിയ രാജ്യതന്ത്രജ്ഞനാണെങ്കിലും, അപമാനത്തോടും ദുർഗ്ഗുണങ്ങളോടും ഒരിക്കലും ഒരൊത്തുതീർപ്പുണ്ടാകാത്ത ദേഹമായും. എന്നാൽ അവയെയെല്ലാം താഴെത്തള്ളിക്കൊണ്ടു് അങ്ങു് ഞങ്ങളുടെ മുമ്പിൽ മനുഷ്യത്വത്തിൻെറ ഉന്നതമായ സേവനാദ്ധ്യക്ഷനായി നിലകൊള്ളുന്നു. ഈ തലമുറയിൽപ്പെട്ട ഞങ്ങൾ, അങ്ങു് ഞങ്ങളുടെ ലോകത്തിൽ ജനിച്ചതുകൊണ്ടു, ഭാഗ്യവാന്മാരായിരിക്കുന്നു."

ശനിയാഴ്ച മുഴുവനും കല്ക്കട്ടാ പ്രശാന്തമായിരുന്നുവെന്നു് ഗവമെൻറ് അറിയിച്ചിരിക്കുന്നു.

പ്രാർത്ഥനായോഗത്തിനുശേഷം ശ്രീ. സി. രാജഗോപാലാചാരിയും രാഷ്ട്രപതി കൃപലാനിയും ഗാന്ധിജിയുമായി കൂടിയാലോചിച്ചു.

ഗാന്ധിജി ഡെൽഹിവഴിക്കാണ് പഞ്ചാബിലേക്കു പോകുന്നതു്. മി: സുഹ്രവർദിയും അദ്ദേഹത്തെ അനുഗമിക്കുന്നുണ്ടു്.

രാഷ്ട്രപതി ഇന്നു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ മന്ത്രിസഭാ രൂപീകരണത്തിനെപ്പററി പ്രമേയം പാസാക്കാൻ ഒരു കാൺഗ്രസ്സ് വിഭാഗത്തിനും അവകാശമില്ലെന്നു് പറഞ്ഞിരിക്കുന്നു. കൂട്ടുത്തരവാദിത്വത്തിന്മേൽ 'മാത്രമാണ്' മന്ത്രിസഭകൾ സംഘടിക്കപ്പെടുന്നതു്. മന്ത്രിസഭയുടെ പ്രവർത്തനത്തിൽ ഇടപെടാൻ സംസ്ഥാനകാൺഗ്രസ്സ് കമ്മിററികൾക്കു അവകാശമില്ല.

ഹിന്ദു് ബങ്കാൾ കാൺഗ്രസ്സ് പാർട്ടിയെ സംബോധനചെയ്തുകൊണ്ടു, പാർട്ടിയോഗത്തിൽവെച്ചു് പൂർണ്ണ ഐക്യം പാലിക്കുവാൻ രാഷ്ട്രപതി അഭ്യർത്ഥിച്ചു.

പ്രാർത്ഥനക്കുശേഷം ഗാന്ധിജി കൽക്കട്ടയിലെ സമാധാനത്തിനു് "നിർഭാഗ്യവശാൽ" ഭംഗമുണ്ടായാൽ മരണംവരെ ഉപവസിക്കാൻ വ്രതമെടുക്കുകയല്ലാതെ തനിക്കു് മറെറാരു പോംവഴിയുണ്ടാകയില്ലെന്നു് സദസ്സരോടു പറഞ്ഞു. അവരുമായി ഒരു കൂട്ടിക്കളിയിൽ ഏർപ്പെടാൻ തനിക്കു സാദ്ധ്യമല്ലെന്നും, ഓരോരുത്തരും സമാധാനം സ്ഥാപിച്ചാൽ തൻെറ ഉപവാസം അവസാനിപ്പിക്കാമെന്നു് തനിക്കു വാക്കുതരാൻ കഴികയില്ലെന്നും അദ്ദേഹം ഒരു താക്കീതുകൊടുത്തു.

കൽക്കട്ടായിൽ ഇന്നത്തെപ്പോലെ സമാധാനം തുടരുകയാണെങ്കിൽ, ബങ്കാളിൽ മുഴുവനും, പാക്-ബങ്കാളും, ഹിന്ദു്-ബങ്കാളും അടക്കം, സമാധാനം തന്നിമിത്തം തന്നെ സ്ഥാപിക്കപ്പെടുമെന്നു് ഗാന്ധിജി തുടർന്നു സദസ്യരെ ഉൽബോധിപ്പിച്ചു.

(എ-പി)

മന്ത്രി പര്യടനം നടത്തി. ഭീതന്മാരുകൾ വിജനമായ നിലയിൽ കാണപ്പെട്ടു. പ്രധാനമന്ത്രി അതുകണ്ടു് ആശങ്ക പ്രകടിപ്പിച്ചുവത്രെ. ലയാക്കലിവാലാ, (ഹൈദ്രബാദ് പ്രധാനമന്ത്രി) നാളെ കൂടിയാലോചന തുടരാൻ ഡെൽഹിക്കു് വിമാനമാർഗ്ഗം പോകുന്നതായിരിക്കും.

൫൦ വിദ്യാർത്ഥികളെ പതാകസത്യഗ്രഹം നടത്തിയതിനു് അറസ്റ്റുചെയ്തിട്ടുണ്ടു് എന്നു് സ്റ്റേററ് കാൺഗ്രസ്സ് പ്രസ്താവിച്ചിരിക്കുന്നു. (എ-പി)

—o—

# ഡെൽഹി യിൽ ശാന്തത

ന്യൂഡെൽഹി, സെപ്റ്റ: ൧—ഇന്നരാവിലെ കൊണാട്ടുപ്ലേസിലുണ്ടായ അക്രമപരമായ പ്രവൃത്തികൾക്കുശേഷം ന്യൂഡെൽഹി ശാന്തമായിത്തീർന്നു. നഗരത്തിൽ എല്ലായിടത്തും പട്ടാളം കാവൽ ഉണ്ടു്. ന്യൂനപക്ഷസമുദായാംഗങ്ങൾ ഭൂരിപക്ഷസമുദായങ്ങളെവിട്ടു് സ്ഥലംമാറുവാനുള്ള ശ്രമം തുടർന്നുവരുന്നു. പണ്ഡിതജവഹർലാൽ നെഹ്റുവും ഡിഫൻസ് മന്ത്രി സർദാർ ബലദേവസിങ്ങും ഇന്നരാവിലെ ലഹളപ്രദേശങ്ങൾ സന്ദർശിച്ചു.

(എ. പി.)

—o—

## ഊട്ടിസന്ദർശനം

—o—

### ഗവർണർജനറൽ റദ്ദുചെയ്തു

ഉദകമണ്ഡ് സെ ൧—അടുത്ത ആഴ്ച ഉദകമണ്ഡ് സന്ദർശിക്കുവാനിരുന്ന ഗവർണർജനറലും പത്നിയും പഞ്ചാബിലെ സ്ഥിതിഗതികൾ പ്രമാണിച്ചു് ഗവർണർ ജനറൽ ഡെൽഹിയിൽതന്നെ ഉണ്ടായിരിക്കേണ്ടതുകൊണ്ടു് ഈ പരിപാടി റദ്ദുചെയ്യുകയാണുണ്ടായിട്ടുള്ളതു്. (എ-പി)

# പണ്ഡിതജി

ന്യൂഡെൽഹി, സെ. ൯—പണ്ഡിതനെഹ്റു ഇന്നു് ഡെൽഹിയിൽ ലഹളബാധിച്ച സ്ഥലങ്ങൾ ഡെപ്യൂട്ടികമ്മിഷണരോടുകൂടി സന്ദർശിക്കയുണ്ടായി.

ഡെൽഹിയിൽ ഇന്നുമുണ്ടായ ലഹളകളെത്തുടർന്നു് പോലീസിനു് വെടിവെപ്പും കണ്ണീർവാതപ്രയോഗവും നടത്തേണ്ടിവന്നു. (എ-പി)

—:*:—

# പോലീസിനെയും ഗവ: ഉദ്യോഗസ്ഥരെയും ആക്രമിച്ചു

## ൮൦൦൦ റെയിൽവേതൊഴിലാളികൾ പണിമുടക്കി—മൈസൂറിലെ നില വഷളാകുന്നു

ബാംഗ്ളൂർ സെപ്റ്റംബർ ൯—റെയിൽവെ പണിമുടക്കവസാനിപ്പിക്കാനുള്ള അവസാനശ്രമവും പരാജയപ്പെട്ടു ഒരൊത്തുതീർപ്പിനു സൌകര്യമുള്ള യാതൊരു വ്യവസ്ഥകളും പുതുതായി കൊണ്ടുവന്നിരുന്നില്ല എന്നതാണതിനുകാരണം. തുടർന്നു ഇന്നലെ അർദ്ധരാത്രിമുതൽ ൮൦൦൦-മൈസൂർ സ്റ്റേററ് റെയിൽവെതൊഴിലാളികൾ പണിമുടക്കിലേർപ്പെട്ടു. പന്ത്രണ്ടുമണി അടിക്കാനാരംഭിച്ചതോടുകൂടി -ബാംഗ്ളൂർ റെയിൽവെസ്റ്റേഷൻജോലിക്കാർ സ്റ്റേഷനിൽനിന്നു് പുറത്തിറങ്ങി. ഉദ്ദേശം പതിനൊന്നുമണിക്കു പണിമുടക്കിൻെറ ഡിക്റേറററർ മി: ആർ. ഡി. രാജ് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ സ്ട്രൈക്ക് ആരംഭിക്കുന്നതിനുമുമ്പുതന്നെ ഗവമെൻറ് ഒരു ലോക്കൌട്ടു് തുടങ്ങിയെന്നാണു്. (മി. രാജ് മൈസൂർസ്റ്റേററ് റെയിൽവെമെൻസ് അസോസിയേഷൻ പ്രസിഡൻറാണ്) "മൈസൂർ, ബാംഗ്ളൂർ, യെസ്വൻപൂർ എന്നീ സ്റ്റേഷനുകളൊഴിച്ചെല്ലാം റെയിൽവെഭരണാധികാരികൾ മുദ്രവെച്ചിരിക്കുന്നു. എല്ലാ ജീവനക്കാരും നിർത്തിയിരിക്കുന്നു. പന്ത്രണ്ടുമണിക്കു ഇന്നു പണിമുടക്കു തുടങ്ങുമെന്നു മുന്നറിവു കൊടുത്തിരുന്നു എന്നദ്ദേഹം പ്രസ്താവിച്ചു.

### മൈസൂർ റെയിൽവേതൊഴിലാളികൾക്കു ശമ്പളക്കൂടുതൽ

ബാംഗ്ളൂർ സെപ്റ്റംബർ ൮—൧൯൪൭ ജനുവരി ൧-ാംതീയതിമുതൽ സംസ്ഥാനത്തെ റെയിൽവേതൊഴിലാളികൾക്കുള്ള ശമ്പളത്തോതു വർദ്ധിപ്പിക്കുവാൻ മൈസൂർ ഗവമെൻറ അനുവദിച്ചിരിക്കുന്നു. തന്മൂലം പ്രതിവർഷം പതിനെട്ടരലക്ഷം രൂപായുടെ ചിലവു വരുമെന്നു കണക്കാക്കപ്പെടുന്നു. റെയിൽവേതൊഴിലാളികളുടെ പണിമുടക്കു ഒഴിവാക്കുവാനായിട്ടാണ് ഈ ശമ്പളത്തോതു വർദ്ധിപ്പിച്ചതു്.

- സെപ്റ്റംബർ ൭—ശമ്പളത്തോതു വർദ്ധിപ്പിച്ചുവെങ്കിലും റെയിൽവേതൊഴിലാളികൾ ഇന്നു പണിമുടക്കാരംഭിച്ചിരിക്കുന്നു.

ബാംഗ്ളൂർ, സെപ്റ്റംബർ ൯—ഇന്നു ശ്രീരാമപുരത്തു് പോലീസ് സ്റ്റേഷനുനേരെ ഒരാക്രമണം നടന്നതൊഴിച്ചു് മററനാശാസ്യസംഭവങ്ങൾ ബാംഗ്ളൂരിൽ ഉണ്ടായിട്ടില്ല. ഇന്നു വൈകിട്ടു് ആശുപത്രിയിൽ പരിശോധന നടത്തിയതിൽ കഴിഞ്ഞ മൂന്നുദിവസങ്ങളിലെ പ്രകടനങ്ങളുടെ ഫലമായി ഏഴുപേർ മരിച്ചിട്ടുണ്ടെന്നും മുന്നൂറുപേർക്കു മുറിവേററിട്ടുണ്ടെന്നും അറിയുന്നു. പോലീസിനെയും ഗവമെൻറുദ്യോഗസ്ഥന്മാരെയും ആക്രമിക്കുക, ഗതാഗതത്തിനു തടസ്സംചെയ്യുക എന്നതാണ് നഗരത്തിൽ ഇപ്പോൾ നടക്കുന്ന സാധാരണ പ്രകടനങ്ങൾ.

ഹൈദരാബാദ് സ്റ്റേററ് റെയിൽവേസ്റ്റേഷനുകളിൽനിന്നു് മൈസൂറിലേക്കു സാമാനങ്ങൾ അയക്കുന്നതു് തടഞ്ഞിരിക്കുന്നു.

—o—

## മി: എച്ച്. പി. മോഡി

### ആക്ടിംഗ് ബാംബേഗവർണ്ണർ

ബാംബെ, സെ: ൧—ബാംബേഗവർണ്ണറായ സർ ജാൺകാൾവിൽ അവധിയെടുത്തിരിക്കുന്നതിനാൽ പകരം സർ എച്ച്. പി. മോഡിയെ ബാംബേഗവർണ്ണരായി അത്രയുംകാലത്തേക്കു് ഗവർണ്ണർ ജനറൽ നിയമിച്ചിരിക്കുന്നു. (എ-പി)

# ബംഗാളിലെ, വിസ്മൃതയായ ഒരു വീരവനിത

ആർ. നീലകണ്ഠപ്പിള്ള (ആലുവാ കാളേജ്)

ബംഗാളം രണവീരന്മാരുടെ ജന്മഭൂവല്ലെന്ന് ചിലർ പറയുന്നുണ്ട്; മററു ചിലർ തെളിയിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അതു തികച്ചും ചരിത്രപരമല്ല. പേരും പെരുമയുംകെട്ട, കെടാർറായ്, പ്രതാപാദിത്യൻ, തുടങ്ങിയ വീരശൂരന്മാർ ബംഗാളിന്റെ ഭൂതകാലചരിത്രത്തിലെ കെടാവിളക്കുകളാണ്. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവരിൽ സ്ത്രീകൾക്കും അഗണ്യവും അനിഷേധ്യവുമായ സ്ഥാനമുണ്ട്. ബംഗാളിലെ പുരുഷന്മാരോടൊപ്പം ധൈര്യത്തിലും സ്ഥൈര്യത്തിലും അവിടത്തെ വനിതമാർ അല്പംപോലും പിന്നോക്കമായിരുന്നില്ല. അവരുടെ ചരിത്രം പുരാണകഥകൾപോലെ ആദരിച്ചു സ്മരിക്കപ്പെടുന്നു. രാജ്ഞി 'ബൊാഡേഷ്യാ' (Boadecia) 'ജോൺ അഫ് ആർക്ക്' (Joan of Arc) റാണി അഹല്യാഭായി തുടങ്ങിയ വീരവനിതകളുടെ ഒട്ടും പിറകിലല്ല, എന്തുകൊണ്ടും ബംഗാളിൽ 'ഹൂഗ്ലി' പ്രദേശത്തു പിറന്ന റാണി 'ഭവശങ്കരി'യുടെ മഹനീയസ്ഥാനം.

പതിനാറാംശതകത്തിന്റെ അന്തിമദശയിലാണ് രാജ്ഞിയുടെ പ്രതാപഭരണകാലം. സംഗ്രാമധീരനായിരുന്ന 'ദീനനാഥചൗധരി'യുടെ ഏക സന്താനവല്ലരിയായി പിറന്ന 'ഭവശങ്കരി'യെ പിതാവു തന്നെ വേണ്ടവിധത്തിൽ യുദ്ധമുറകൾ അഭ്യസിപ്പിച്ചു.

അക്ബർചക്രവർത്തി 'ഡില്ലി' ഭരിക്കുന്ന കാലമാണത്. പത്താൻമാരുടെ ശക്തി ബംഗാളം, ബീഹാർ, ഒറീസാ, തുടങ്ങിയ രാജ്യങ്ങളുടെ പൂർവ്വദേശങ്ങളിൽ ഗണനീയമാംവണ്ണം നിലയുറച്ചിട്ടുണ്ട്. അപ്രാപ്തരും ഭ്രഷ്ടപ്രഭുക്കളായിരുന്ന 'ഷർഷാ' പാദഷായുടെ പിന്മുറക്കാരിൽനിന്നും 'ഹുമയൂൺ' ചക്രവർത്തി, ഡില്ലീസിംഹാസനം അനായാസേന വീണ്ടെടുത്തെങ്കിലും ശാന്തമായ ഭരണരീതി രൂപീകരിക്കുവാൻ അദ്ദേഹത്തിനസാദ്ധ്യമായിത്തീർന്നു. ആ വമ്പിച്ച ഭാരം തലയിലേറ്റതു് സുശക്തനായ അക്ബർ പാദുഷായിലായിരുന്നു.

ഒരു പുത്രികാരാജ്യമായിരുന്ന 'ബൂർസട്ട്' ധീരനും സുസമ്മതനുമായിരുന്ന 'രുദ്രനാരായൻ' എന്ന ബ്രാഹ്മണകുലജാതനായ രാജാവിന്റെ ഭരണാധികാരത്തിൽ അത്ഭുതപൂർവ്വമായ അഭിവൃദ്ധിയെ പ്രാപിച്ചു. അക്ബറാൽ നിയുക്തനായി 'മനിംഖാൻ' പത്താനിരാജാവായിരുന്ന 'ദാവൂദ്ഖാനെ' തോല്പിച്ചു കീഴടക്കുവാൻ ഒരു വമ്പിച്ച പടയുമായി പുറപ്പെട്ടപ്പോൾ അനന്യശരണനായിത്തീർന്ന രാജാവു് രുദ്രനാരായണനെ അഭയംപ്രാപിച്ചു. എന്നാൽ സ്വരക്ഷാർത്ഥം അഭയാർത്ഥിയെ ത്യജിച്ചതുകൂടാതെ ഡില്ലീചക്രവർത്തിയ്ക്കുവേണ്ടി യുദ്ധംചെയ്തു പത്താനിയെ പരാജിതനാക്കുകകൂടി ചെയ്തു. പ്രകൃത്യാ തന്നെ രുദ്രനാരായൻ ഒരു തികഞ്ഞ മതവിശ്വാസിയായിരുന്നു. അതിന്റെ ബാഹ്യാവതാരമെന്നോണം ഒരു വലിയ ശിവക്ഷേത്രം 'അമരാ' എന്ന സ്ഥലത്തിനുസമീപം അദ്ദേഹം പണികഴിപ്പിച്ചു.

രുദ്രനാരായണന്റെ പട്ടമഹിഷീപദമലങ്കരിച്ചതു ചാതുര്യവതിയായ ഭവശങ്കരിയാണ്. സ്വഭർത്താവിനെ രാജ്യകാര്യങ്ങളിലും ഭരണരൂപീകരണത്തിലും അതിരററു സഹായിച്ചു. ആപത്തു കാലേക്കൂട്ടി കണ്ട ബുദ്ധിമതി, ജാതിമതഭേദമോ സ്ത്രീപുരുഷഭേദമോ ഗണിക്കാതെ എല്ലാവർക്കും സൈന്യസേവനം നിർബന്ധിതമാക്കി. കോട്ടകൊത്തളങ്ങൾ ആവശ്യാനുസരണം ഉറപ്പിച്ചു. നാടു സുരക്ഷിതമാക്കി ജനങ്ങളുടെ സർവ്വശ്രേഷ്ഠമായ സമാദരവിനു പാത്രീഭൂതയായ രാജ്ഞി പ്രജകളുടെ വാത്സല്യനിധിയായ മാതാവായി മാനിക്കപ്പെട്ടു. രാജ്യം പ്രബുദ്ധമായി. നാട്ടുകാർ സംതൃപ്തരായി. ആ ചെറിയ രാജ്യത്തിന്റെ കഴിവുകൾ അസൂയാർഹമാംവണ്ണം വളർന്നു. ഈയവസരത്തിൽ രുദ്രനാരായൻ അവിചാരിതമായി അകാലചരമം പ്രാപിച്ചു. ഹതഭാഗ്യയായ രാജ്ഞി ക്ഷതവിഭ്രമയാകാതെ ഭരണഭാരം കൈകാര്യം നടത്തി. ആപത്തു കൂട്ടത്തോടെ വന്നുതുടങ്ങി. പ്രതികാരേച്ഛുക്കളായ പത്താൻമാർ നിരന്തരം ആക്രമണം തുടങ്ങി. രാജ്ഞിയുടെ ഭരണകാലം ഈവിധത്തിൽ വിവിധവ്യഥാവ്യാമിശ്രമായിത്തീർന്നു. ധീരനും പത്താൻസേനാനായകനുമായ ഓസ്മാൻ (Osman) ഈ സന്ദർഭം സ്വാഭിലാഷപ്രാപ്തിക്കും സ്വവംശഭരണോദ്ധാരണത്തിനുംവേണ്ടി വിനിയോഗിക്കുവാൻ നിശ്ചയിച്ചു. ബൂർസട്ടിനെ അവിചാരിതമായി ആക്രമിക്കുന്നതിനും, കാട്ശങ്കായി (Katsankara ലെ ക്ഷേത്രാന്തർഭാഗത്തു ഭജനാർത്ഥം എഴുന്നള്ളിയിരിക്കാറുള്ള രാജ്ഞിയെ തക്കസമയം വലയംചെയ്തു ബലാൽ കൈക്കലാക്കുന്നതിനും ആ നേതാവു് അഭിലാഷപരിപാടി രൂപീകരിച്ചു. ഈ ഗൂഢതന്ത്രം രുദ്രനാരായണന്റെ ഉററമിത്രമായ ഹരിദേവഭട്ടാചാര്യൻ എങ്ങനെയോ അറിയുവാൻ ഇടയായി. അദ്ദേഹം തൽക്ഷണം വിവരം രാജ്ഞിയെ അറിയിക്കുകയും, പരന്മാർക്കു കീഴടങ്ങാതെ രാജ്യത്തിനുവേണ്ടി വേണ്ടിവന്നാൽ മരണത്തെ സ്വാഗതം ചെയ്യുവാൻ തയ്യാറായിക്കൊള്ളണമെന്നു് ഉൽബോധിപ്പിക്കുകയും ചെയ്തു. ചാരന്മാരിൽനിന്നും ഈ വാർത്ത അറിഞ്ഞതു് തന്റെ അനുചാരികളോടും അംഗരക്ഷകന്മാരോടും സായുധരായി ഒരുങ്ങിക്കൊള്ളുവാൻ ആജ്ഞ കൊടുത്തു. റാണി പതിവനുസരിച്ചുള്ള പ്രാർത്ഥനയ്ക്കായി ഉപവിഷ്ടയായി. അണിനിരത്തിയ ഒരു പടത്തലവിയായിട്ടാണ് ഇന്നു ഭവശങ്കരി ധ്യാനനിമഗ്നയായിരിക്കുന്നതു്. രാത്രി വളരെ രാച്ചെന്നു. എങ്ങും നിറഞ്ഞ ശാന്തത. രാത്രിയുടെ ഏകാന്തതയെ ചോദ്യംചെയ്തുകൊണ്ടുള്ള സമരകാഹളധ്വനി കേട്ടുതുടങ്ങി. ഉത്തരക്ഷണത്തിൽ ഓസ്മാൻ ക്ഷേത്രത്തെ വലയംചെയ്തു. സായുധരായ പ്രതിയോഗികളെക്കണ്ട പത്താൻനേതാവും അത്ഭുതസ്തബ്ധനായി. താൻ നില്ക്കുന്നതു് ഭാവനയിൽക്കണ്ട നന്ദനോദ്യാനത്തിലല്ലെന്നും രക്തംചൊരിയുന്ന പടക്കളത്തിലാണെന്നും ഓസ്മാൻ മനസ്സിലാക്കി. തന്റെ അനുചരന്മാർ അധികംപേരും തങ്ങളുടെ നീളം യഥാക്രമം ഭൂതലത്തിൽ രേഖപ്പെടുത്തി. സമരഭീരുവല്ലെങ്കിലും പത്താൻനേതാവു്-അഭിമാനത്തെക്കാളും പരാജയത്തെക്കാളും വിലയേറിയ വസ്തു തന്റെ അരുമയായ ജീവനാണെന്നു തെളിയിച്ചു.

ഓസ്മാന്റെ പരാജയം അസഹ്യമായിത്തോന്നി. വീണ്ടും ബൂർസട്ടിനെ ആക്രമിച്ചു. രാജ്ഞിയുടെ പടത്തലവനെ സ്വാധീനപ്പെടുത്തി സ്ഥാനമാനങ്ങൾ ലോഭമില്ലാതെ വർഷിച്ചു. ഭാവിരാജാവായി അയാളെ സങ്കല്പസിംഹാസനത്തിൽ അനല്പാഘോഷത്തോടുകൂടി വാഴിച്ചു.

എന്നാൽ ധീരയായ രാജ്ഞി ഇതുകൊണ്ടൊന്നും കുലുങ്ങിയില്ല. അശ്വാരൂഢയായി താൻ നേരിട്ടു പോർക്കളത്തിലിറങ്ങി തന്റെ സൈന്യത്തെ ധൈര്യസമന്വിതം നയിച്ചു. സ്ത്രീപുരുഷഭേദമെന്യേ ജനങ്ങൾ രാജ്യത്തിനും ഗുണവതിയായ രാജ്ഞിയ്ക്കുംവേണ്ടി അണിനിരന്നു. ചരിത്രം പുനരാവർത്തിച്ചു. പത്താൻനേതാവു വീണ്ടും പരാജിതനായി. ഓസ്മാൻ വേഷപ്രച്ഛന്നനായി ഒരു ഫക്കീറിനെപ്പോലെ ഒറീസായിൽനിന്നു ക്ഷണമാത്രകൊണ്ടപ്രത്യക്ഷനായി. ഈ പരാജയം പത്താൻശക്തിയ്ക്കു നികത്തുവാൻ കഴിയാത്ത ഒരു പ്രത്യാഘാതമായിരുന്നു. ഇങ്ങനെ ബംഗാളം നിഷ്ഠുരവിദേശീയാക്രമണത്തിൽനിന്നു വിമോചിപ്പിക്കപ്പെട്ടു. ഭവശങ്കരി ബംഗാളിന്റെ ആശാകേന്ദ്രവും അഭിമാനസ്തംഭവുമായി പരിലസിച്ചു. അക്ബർപാദുഷായ്ക്കു പത്താന്മാരുടെ ഈ പരാജയം സ്വശക്തിരൂപവല്ക്കരണത്തിനു സഹായകമായിത്തീർന്നു. "മഹത് ബാംഘിനി" (മഹതിയായ വ്യാഘ്രി) എന്നു ബഹുമതി നൽകി അക്ബർ ഭവശങ്കരിയെ അനുമോദിക്കുകകൂടിച്ചെയ്തു. അതിനുശേഷമുള്ള ചരിത്രം അജ്ഞാതമാണ്. ചരിത്രശേഷം എന്തുതന്നെയായാലും ഇന്ത്യൻചരിത്രത്തിൽ ഭവശങ്കരിയ്ക്കും സമാദരണീയമായ സ്ഥാനമുണ്ടെന്നുള്ളതു് നിർമ്മത്സരന്മാരായ രാജ്യസ്നേഹികൾ എല്ലാവരും സമ്മതിക്കുകതന്നെചെയ്യും. ഒരു ജോൺ അഫ് ആർക്കോ ഒരു 'ബൊാഡീഷിയാ'യോ ഭാരതീയരെ അമ്പരപ്പിക്കുകയില്ല: അവരുടെ ധീരചരിത്രങ്ങൾ ഭാരതീയരുടെ കണ്ണുകൾക്കു അത്ഭുതാവഹമായ ചരിത്രങ്ങളല്ല. എന്നാൽ റാണി അഹല്യാഭായിയുടെയും രാജ്ഞി ഭവശങ്കരിയുടെയും വീരകൃത്യങ്ങൾ എത്ര പാശ്ചാത്യരെയാണ് അധീരരാക്കാത്തതു്! ഇൻഡ്യാചരിത്രത്തിന്റെ ഇരുളടഞ്ഞവശങ്ങളിൽ പരമാർത്ഥത്തിന്റെ പരവശതയിൽ ചതഞ്ഞുടഞ്ഞു സ്വാർത്ഥലാഭത്തിന്റെയും കൗടില്യത്തിന്റെയും പരാഭവത്തിൽപ്പെട്ടു ശ്വാസംമുട്ടി മുങ്ങിമറഞ്ഞിട്ടുള്ള എത്ര വീരവിഗ്രഹങ്ങൾ ഇല്ലെന്നാരുകണ്ടു? സ്വതന്ത്രഭാരതത്തിലെ രാജ്യസ്നേഹികളായ ചരിത്രകർത്താക്കളുടെ മുൻപിൽ ഇതൊരു പ്രധാനപ്രശ്നമായിത്തീരാതിരിക്കയില്ല.

—o—

(ഏഴാംപേജിൽനിന്നും തുടർച്ച)

വധി തലമുറകൾകൊണ്ടു് കെട്ടിപ്പടുത്ത അവരുടെ സംസ്കാരവും പരിശീലനവും വിഭവസംബന്ധമായ കുറവുകളെ നികത്തുന്നതിന് വളരെ സഹായകമായിരിക്കും. എന്നാൽ ഒരുകാര്യം അംഗീകരിക്കേണ്ടതായുണ്ട്. അതായതു് ഒരു ചെറിയസംഘം ശാസ്ത്രജ്ഞന്മാരുടെയും ഉദാരശീലരായ കുറെ രക്ഷാധികാരികളുടെയും മാത്രം കുത്തകയാണെന്ന അവസ്ഥവിട്ടു്, ജീവൽപ്രാധാന്യമുള്ള ഒരു ദേശീയകാര്യമാണ് ശാസ്ത്രമെന്നതു്. മഹത്തായ ശാസ്ത്രീയനേട്ടങ്ങൾ ഇന്നു വ്യക്തികളുടെ പ്രവൃത്തിഫലമല്ല കൂടുതൽകൂടുതൽ സുസംഘടിതഗവേഷണങ്ങളുടെ ഫലമാണു്; ശാസ്ത്രീയസംഘടനയുടെ വിജയമാണു്. സംഘടനയുടെ ബലത്തെ ബുദ്ധിയുടെ സൃഷ്ടിപരമായ ശക്തിയുമായി കൂട്ടിയിണക്കുകയെന്നതാണ് ശാസ്ത്രീയപുരോഗതിയുടെ മർമ്മപ്രശ്നം. അന്ധനായ വിധി, ചിലർക്കുമാത്രം നൽകി അനുഗ്രഹിക്കുന്നതും മററുചില രാഷ്ട്രങ്ങൾക്കു നിഷേധിക്കുന്നതുമായ ഒരു ദാനമല്ല ശാസ്ത്രം എന്നതോർമ്മിക്കേണ്ടതാണ്. വേരൂന്നാൻ താമസിച്ചേക്കാമെങ്കിലും അതു് ഏതു ശീതോഷ്ണാവസ്ഥയിലും വളരും. ശരിയായി പാലിച്ചാൽ അതു് വികസിക്കും. വിഗണിച്ചാൽ അതു നശിക്കും.

ഭാവിഭാരതം രൂപമെടുക്കുന്ന ഇന്നു ശാസ്ത്രത്തെ വിസ്മരിക്കുന്നതിനു ആർക്കും കഴിയുന്നതല്ല. സ്വതന്ത്രഭാരതത്തിന്റെ മന്ത്രിസത്തമൻ ജവഹർലാൽനെഹ്റു കഴിഞ്ഞ സയൻസ്കോൺഗ്രസ്സിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് പ്രസ്താവിച്ചതു് ഭാവിയിലെ ഇൻഡ്യാഗവമ്മെന്റ് ശാസ്ത്രത്തിന്റെ പ്രാധാന്യത്തെ ഒരിക്കലും വിഗണിക്കയില്ലെന്നും അതിന്റെ പരിപോഷണത്തിനായി സർവ്വാത്മനാ പ്രയത്നിക്കുന്നതാണെന്നുമാണ്. ലോകത്തിലെ മഹച്ഛക്തികളിലൊന്നായിത്തീരുന്നതിനു് ഭാരതത്തിനു് സകല യോഗ്യതകളുമുണ്ട്. വിഭവസമൃദ്ധിയുണ്ട്. സുപ്രസിദ്ധ ശാസ്ത്രജ്ഞന്മാരുണ്ട്. എന്നാൽ ഗവേഷണങ്ങളിൽ പങ്കെടുക്കാൻ വേണ്ടത്ര ആളുകളെ ലഭിക്കുന്നില്ല. ഈ കുറവു് നികത്താൻ വേണ്ട ശ്രമങ്ങൾ നടക്കുന്നുണ്ട്. സകലകുറവുകളും പരിഹരിച്ചു ഒരു ഇൻഡ്യൻശാസ്ത്രജ്ഞസംഘം സൃഷ്ടിച്ചു്, ഭാവിലോകത്തിൽ ഒരു രാഷ്ട്രീയശക്തിയായി പരിണമിച്ചു്, പരിപൂർണ്ണശാന്തിയും സമാധാനവും സംസ്ഥാപിക്കുന്നതിനു് സമാധാനപ്രിയയായ ഭാരതത്തിനും അതിന്റെ അഹിംസാവാദികളായ നേതാക്കന്മാർക്കും താമസംവിനാ സാധിക്കുമെന്നു നമുക്കു ആശിക്കാം.

—o—

## ഐക്യകേരളം സ്ഥാപിക്കണം

മദ്രാസ്, സെപ്തം: ൨—മദ്രാസ് കൃഷിവകുപ്പുമന്ത്രി ശ്രീ. കെ. മാധവമേനോൻ തൃശ്ശിനാപ്പള്ളി കേരളാക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓണദിനാഘോഷം ഉൽഘാടനംചെയ്തുകൊണ്ടു് നടത്തിയ പ്രസംഗത്തിൽ മലയാളികൾ ഐക്യകേരളം സാധിതപ്രായമാക്കുന്നതിനായി സകലകഴിവുകളും ഉപയോഗിച്ചു് ഉദ്യമിക്കേണ്ടതാണെന്നു ശക്തിപൂർവ്വം ഉൽബോധിപ്പിച്ചു. സമീപകാലത്തുതന്നെ ആന്ധ്രപ്രവിശ്യ രൂപീകൃതമാകുമെന്നും, ഐക്യകേരളം സ്ഥാപിക്കുന്നതിനു് ഉദ്യമിക്കുന്നതിനും ഇതുതന്നെ പററിയ അവസരമെന്നും അദ്ദേഹം വിശദമാക്കി.

തിരുവിതാംകൂർ, കൊച്ചി, ബ്രി: മലബാർ ഈ വിഭാഗങ്ങളിൽപെട്ട മലയാളികളെല്ലാം സർവ്വാത്മനാ സഹകരിച്ചു് പ്രവർത്തിക്കേണ്ട ഈ സന്ദർഭം പാഴാക്കരുതെന്നു് അദ്ദേഹം ഉണർത്തിപ്പറഞ്ഞു.

(കേരളാ പ്രസ്സ്)

—o—

## കേരളവൈമാനിക സമാജം അമ്പാല

—o—

കൈരളീസന്താനങ്ങളായ ഏതാനും വൈമാനികരുടെ ഒരു ചെറിയ സംഘടനയാണിതു്. ദേശസേവനാർത്ഥം നാടും നാട്ടാരേയും വിട്ടു് വിദേശത്തിൽ-അമ്പാലയിൽ-താമസിക്കുന്ന മലയാളികളുടെ ഇടയിൽ സമത്വവും സാഹോദര്യവും പുലർത്തുക, കായികമായും സാഹിത്യപരമായും വേണ്ട പോഷണം നൽകുക എന്നിവയാണ് ഞങ്ങളുടെ പ്രധാനലക്ഷ്യങ്ങൾ.

ഈ സംഘടനയ്ക്കു് സാഹിത്യം വിനോദം, ക്ഷേമം, കായികം എന്നീ നാലു വകുപ്പുകളുണ്ട്. സാഹിത്യവകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു വായനശാല-൨൦൦-ൽപരം പുസ്തകങ്ങൾ, നാരദൻ മാസിക, മലയാളരാജ്യം വാരികയും ദിനപത്രവും മലബാർമെയിൽ, മാതൃഭൂമി, എന്നപ്രതിദിനപത്രവും-'വിമാനകൈരളി' എന്ന ഞങ്ങളുടെ കയ്യെഴുത്തുമാസിക, സാഹിത്യമത്സരങ്ങൾ എന്നിവ നടത്തിവരുന്നു.

വിനോദവകുപ്പ്:—ഈ ചുരുങ്ങിയ കാലത്തിനിടയിൽ 'മിന്നൽപ്രണയം' 'ലഫ്റ്റനന്റ നാണി' എന്നീ നാടകങ്ങൾ നടത്തിയിട്ടുണ്ട്.

ക്ഷേമവകുപ്പ്:—പൊതുവേ മലയാളികളുടെ ക്ഷേമാന്വേഷണകർമ്മം നിർവ്വഹിക്കുന്നു. ഇക്കഴിഞ്ഞ വിപ്ലവകാലത്തു് ബോംബെയിൽനിന്നും കൽക്കത്തായിൽനിന്നും ആത്മരക്ഷാർത്ഥം ഓടി സ്ഥലത്തെത്തിയ രണ്ടു മലയാളിസഹോദരന്മാർക്കു് ധനാപരമായുംമററും വേണ്ട സഹായങ്ങൾ ചെയ്തിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ സ്വദേശിയും ഞങ്ങളുടെ ഉത്സാഹപ്രവർത്തകനുമായിരുന്ന മ: ജോണിന്റെ അകാലനിര്യാണത്തിൽ ഞങ്ങൾ അനുശോചിക്കയും, സംസ്കാരകർമ്മം ആവുംവിധം മോടിയിൽ നിർവ്വഹിക്കയും ചെയ്തിട്ടുണ്ട്.

കായികവകുപ്പ്:-പ്രതിമാസം കായികമത്സരങ്ങൾ നടത്തി ഉത്സാഹികളെ പ്രോത്സാഹിപ്പിച്ചുവരുന്നു.

ഇക്കഴിഞ്ഞ മേ ൨൫-ാംതീയതി സമാജത്തിന്റെ അർദ്ധവാർഷികംകൊണ്ടാടി. സാഹിത്യസമ്മേളനത്തിൽ മി: എം. പി. ബി. നായർ M. A. (Asst. Military Accountant General) അവർകൾ അദ്ധ്യക്ഷം വഹിച്ചു. രാത്രിയിൽ 'ലഫ്റ്റനന്റ നാണി' എന്ന നാടകവുമഭിനയിച്ചു.

മാസംതോറും നടത്തിവരാറുള്ള സാഹിത്യസമ്മേളനത്തിൽ ഉപന്യാസങ്ങൾ, പ്രസംഗങ്ങൾ, വാദപ്രതിവാദങ്ങൾ, സാഹിത്യമത്സരങ്ങൾ, മാസികാസമർപ്പണം (പുതിയലക്കം വിമാനകൈരളി) എന്നീ ചട്ടങ്ങൾ വിശിഷ്യാ ഉണ്ടായിരിക്കും:

അടുത്ത ഡിസംബറിൽ വാർഷികം ആവുംവിധം മോടിയിൽ കൊണ്ടാടണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

ഇൻഡ്യയിലുള്ള മററു വിമാനസങ്കേതങ്ങളിലും ഞങ്ങളുടെ സമാജത്തിന്റെ പൈതങ്ങൾ ജനിച്ചിട്ടുണ്ട്. അടുത്ത ഭാവിയിൽ ഇവയെല്ലാംചേർത്തു ഒരേ ഒരു സംഘടനയാക്കിത്തീർക്കുന്നതിനാണ് ഞങ്ങളുടെ ശ്രമം. അതിലേക്കായി ഓരോ കേരളീയന്റെയും സഹായസഹകരണങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(പ്രസിഡന്റ്)

—o—

## നോട്ടീസ്സ്

—൦—

കൊല്ലം ജില്ലാക്കോർട്ടിൽ

൧൧൨൨—ഐ. പി. ൨൨

ഹർജിക്കാരൻ. അടൂർപകുതി കണ്ണംകോട്ടുമുറിയിൽ ചെടിയാംവീട്ടുമേലതിൽനിന്നും പത്തനാപുരംപകുതി എലിക്കാട്ടുമുറിയിൽ നെല്ലിവിളവീട്ടിൽ താമസം ചാക്കോ യോഹന്നാൻ.

എതൃകക്ഷികൾ ൧—ടി കണ്ണംകോട്ടുമുറിയിൽ നെല്ലിമൂട്ടിൽ പിലിപ്പോസുമത്തായി മുതലാളി (എൻ. പി. മത്തായി മുതലാളി)

൨. അടൂർ മുൻസിഫ്കോടതിവക്കീൽ എം. കെ. നീലകണ്ഠൻ.

൩. അടൂർപകുതി പാറക്കോട്ടുമുറിയിൽ നെടുമല പുതിയവീട്ടിൽ ഗോവിന്ദപ്പിള്ള നാരായണപിള്ള.

ടി എതൃകക്ഷികളെ തെര്യപ്പെടുത്തുന്നതു്.

ഹർജിക്കാരൻ ഫയൽചെയ്തിട്ടുള്ള നിർദ്ധനഹർജി സമരിയായി വിചാരണചെയ്തു ഉത്തരവുണ്ടാകണമെന്നും മറ്റും ടിയാൻ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨—ൽ ഐ. പി. ൨൨-ാംനമ്പരിലെ ഹർജിസംഗതി ൧൧൨൩ ചിങ്ങം ൨൫-ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു എതൃകക്ഷികളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം അപ്രകാരം ചെയ്യാത്തപക്ഷം ടി എതൃകക്ഷികളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൧൨൩ ചിങ്ങം ൬-ാംനു-

—൦—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്

—൦—

പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ

൧൧൨൭-ാമാണ്ടു സിവിൽ ൫൮-ാംനമ്പർ.

വാദി—(മരിച്ചു) അവകാശി കൂട്ടതൽ ൨. വേങ്ങൂർപകുതി മുടക്കുഴ കരയിൽ ഞെരിഞ്ഞാമ്പിള്ളി ഇല്ലത്തു് ദാമോദരൻ വാസുദേവൻ ഇളയതു്.

പ്രതികൾ—൧. കൊച്ചി തൃശ്ശിവപേരൂർതാലൂക്ക് കിഴപ്പിള്ളിക്കരവില്ലേജ് വെളുത്തേടത്തു തരണനല്ലൂർപടിഞ്ഞാറേമനയ്ക്കൽ പരമേശ്വരൻ ശങ്കരൻനമ്പൂരിപ്പാട്ടു്. ൩. ടിയിൽ പരമേശ്വരൻ രാമൻ നമ്പൂരിപ്പാട്ടു്. ൪. ടിയിൽ പരമേശ്വരൻനമ്പൂരിപ്പാട്ടിലെ ഭാര്യ ശ്രീദേവിഅന്തർജ്ജനം. ൫. ടിയിൽ പരമേശ്വരൻ നമ്പൂരിപ്പാട്ടിലെ ഭാര്യ സാവിത്രിഅന്തർജ്ജനം. ൬. ടിയിൽ പരമേശ്വരൻ പത്മനാഭൻനമ്പൂരിപ്പാട്ടിലെ ഭാര്യ കാളി അന്തർജ്ജനം. ൭. വേങ്ങൂർപകുതി മുടക്കുഴകര മണ്ണൂരാന്തോട്ടത്തുവീട്ടിൽ കൊച്ചുപിള്ള നാരായണപിള്ള.

വിധി തീർക്കാരൻ—വേങ്ങൂർ പകുതി മുടക്കുഴകരയിൽ കിഴക്കേപെരിയപ്പിള്ളി വീട്ടിൽ കൊച്ചുപിള്ള രാമപ്പണിക്കർ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദിയുടെ അവകാശിയെ കൂട്ടതൽ ൨-ാംവാദിയായി കക്ഷിചേർക്കാൻ അനുവദിച്ചു് ഉത്തരവുണ്ടാകണമെന്നും മറ്റും തീർവാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു ഇ. പി. ൭൦-ാംനമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ടു ചിങ്ങമാസം ൨൬-ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ടു കർക്കടകമാസം ൨൰-ാംനു-

—൦—

## പ്രതിസമൻസ്

—൦—

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ

൧൰—സി—൬൩.

വാദി—വഞ്ഞിപ്പുഴമഠം എസ്റ്റേററ് മാനേജർ.

പ്രതി—൨. ആലാപകുതിയിൽ ആലാ തെക്കുംമുറിയിൽ വല്യതറയിൽവീട്ടിൽനിന്നും കരുനാഗപ്പള്ളിതാലൂക്കിൽ കരുനാഗപ്പള്ളി പോലീസ്സ്റ്റേഷന പടിഞ്ഞാറുവശം കുതിക്കാട്ടുവീട്ടിൽ താമസം ഗോവിന്ദപ്പിള്ള കൃഷ്ണപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദി ടി പ്രതിയുടെ മേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു് ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ ൧൧൨൩ ചിങ്ങം ൨൬-ാംനു- പകൽ ൧൧ മണിക്കു് ഈ കോർട്ടുമുമ്പാകെ ഹാജരായിക്കൊള്ളേണ്ടതാകുന്നു. അപ്രകാരം ചെയ്യാത്തപക്ഷം ടി പ്രതിയെക്കൂടാതെ ടി നമ്പർ തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ ആടി ൨൰-ാംനു-

—൦—

## പരസ്യനോട്ടീസ്സ്

—൦—

സിവിൽ നടപടി നിയമത്തിൻെറ ആഡർ ൨൧—റൂൾ ൬൬.

ലക്കപ്പ്.

ഏററുമാനൂർ മുൻസിഫ്കോർട്ടിൽ

വൈക്കം മുൻസിഫ്കോർട്ടിൽ

൧൧൨൦-ാമാണ്ടു് ൨൧൰-ാംനമ്പർ ആദ്യവ്യവഹാരം

൧൧൨൫—ൽ വിധിനടത്തു ഹർജി നമ്പർ ൫൯

വാദി:—സർക്കാർ.

പ്രതി:— ൩. കടുത്തുരുത്തിപകുതി പാറമ്പുറം കരയിൽ കുഴിവേലിൽനിന്നും മൂവാററുപുഴതാലൂക്കിൽ കുട്ടമംഗലംപകുതിയിൽ കവളങ്ങാട്ടുകര താമസിച്ചശേഷം ഇപ്പോൾ കൊച്ചി സ്റ്റേററിൽ ഒല്ലൂർ അഞ്ചലാഫീസിനുസമീപം തേലേക്കാടൻ തൊമ്മൻെറകൂടെ താമസം ചെപലോ തെപലോ

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടിനമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ ചേർക്കേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൩-ാമാണ്ടു് കന്നിമാസം ൪-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതു ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൩-ാമാണ്ടു് ചിങ്ങമാസം ൫-ാംനു-

—൦—

## പരസ്യനോട്ടീസ്

സിവിൽ നടപടിനിയമത്തിൻെറ ആഡർ ൨൧—റൂൾ ൬൬.

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ

൧൧൪-ാമാണ്ടു സ്സ്രാം ൪൰൨-ാംനമ്പർ

ആദ്യവ്യവഹാരം

൧൧൨൨-ൽ വധിനടത്തു ഹർജി നമ്പർ ൪൰൨.

വാദി—കോയിപ്രം പകുതിയിൽ തട്ടക്കാട്ടുമുറിയിൽ നെല്ലിമല തുണ്ടിയിൽ വറുഗീസ് തോമ്മാ.

പ്രതി—തോട്ടപ്പുഴശേരി പകുതിയിൽ കുറിയന്നൂർമുറിയിൽ കാവുപാറമ്പിൽവീട്ടിൽ ചാക്കോ മത്തായി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിയുടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിന് ൧൧൨൩-ാമാണ്ടു കന്നിമാസം ൩-ാംനു-ക്കു് അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൩-ാമാണ്ടു ചിങ്ങമാസം ൩-ാംനു-

—൦—

## പരസ്യം

ചേർത്തല പ്രി-മു-കോടതിയിൽ

൧൧൰-ൽ സിവിൽനമ്പ്ര ൬൧.

വാദി—തുറവൂർ പടിഞ്ഞാറുംകര വടക്കുംമുറിയിൽ കാക്കരേഴത്തുമഠത്തിൽ കൃഷ്ണമ്മത്തി രാമചന്ദ്രക്കമ്മത്തി.

പ്രതികൾ—൧. തുറവൂർ പടിഞ്ഞാറുംകര തെക്കുംമുറിയിൽ കളത്തിത്തറയിൽ പാക്കം തയ്യിൽപറമ്പിൽ കണ്ടൻ ശ്രീധരൻ. ൨. ടിയിൽ കണ്ടൻ രാമചന്ദ്രൻ. ൩. ടിയിൽ കണ്ടൻ സോമച്യുതൻ. ൪. ടിയിൽ പാർവ്വതിയമ്മ ഇന്ദ്രാണിയമ്മ. ൫. ടിയിൽ മൈനർ ശ്രീധരൻ രാമചന്ദ്രതിലകൻ. ൬. ടിയിൽ മൈനർ ശ്രീധരൻ ശ്രദ്ധാനന്ദൻ. ൭. ടിയിൽ മൈനർ ശ്രീധരൻ രാജേന്ദ്രബാബു. ൮. ടിയിൽ ചീരമ്മ പാർവ്വതിയമ്മ. ൯. വയലാർ പട്ടണക്കാട്ടുമുറിയിൽ പടിഞ്ഞാറെ ഈച്ചരേഴത്തു താമസിക്കും മാക്കി പപ്പു. ൫ മുതൽ ൭ വരെ മൈനർപ്രതികളുടെ രക്ഷകർത്താവു ഈ കോടതിയിൽ ക്ലാർക്ക് മി: ശേഷയ്യരാകുന്നു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പര ഡിക്രിയിൽപെട്ട വസ്തുക്കൾ വാദിക്കു ൧൧൨൩-ാമാണ്ടു് ചിങ്ങമാസം ൨൯-ാംനു- നടത്തി കൈവശപ്പെടുത്തികൊടുക്കുന്നതിനു ആമ്യന ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ടു് ആടിമാസം ൨൰-ാംനു-

—൦—

## തിരുവനന്തപുരം ജില്ലാക്കോർട്ടിൽ

—൦—

൧൧൨൨ അപ്പീൽനമ്പ്ര ൪൨൫

അപ്പീൽവാദി—വെയിലൂർ പകുതിയിൽ ഇടവിളാകത്തുമുറിയിൽ വലിയവിളാകത്തു പുത്തൻവീട്ടിൽ അബ്രാഹിമാൻ ഇബ്രാഹിംകുഞ്ഞു.

അപ്പീൽപ്രതികൾ—൫. വെയിലൂർ പകുതിയിൽ ഇടവിളാകത്തു മുറിയിൽ വലിയ വിളാകത്തു പുത്തൻവീട്ടിൽ അബ്രാഹിമാൻ ഇസ്മായിൽപിള്ള, ൬. ടിയിൽ അബ്രാഹിമാൻ അബ്ദുൾക്കാദർ.

ടി നമ്പരിൽ അപ്പീൽവാദി അപ്പീൽ ബോധിപ്പിച്ചിരിക്കുന്നതും ടി അപ്പീൽ സംഗതിക്കുള്ള നോട്ടീസു ഒന്നിലധികം പ്രാവശ്യം അയച്ചതിൽ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണതീയതിയായ ൧൧൨൩ ചിങ്ങം ൨൯-ാംനു- ടി കേസ്സിലെ കക്ഷികളോ അധികാരമുള്ള അഡ്വക്കേററാ ഹാജരാകാത്തപക്ഷം ടി പ്രതികളെ കൂടാതെ അപ്പീൽ തീർച്ചചെയ്യുന്നതായിരിക്കും.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൧൨൩-ാമാണ്ടു ചിങ്ങം ൭-ാംനു-

—൦—

## ചേർത്തല പ്രിൻസിപ്പാൽ മുൻസിഫ് കോർട്ടിൽ

൧൧൨൨-ൽ സിവിൽ നമ്പ്ര ൫൭

വാദി—തുറവൂർ കോടത്തുരുത്തുമുറിയിൽ നികത്തിൽ താമസിക്കും മാപ്പിളകൾ മാണി പാപ്പി.

പ്രതികൾ—൧. തുറവൂർ പടിഞ്ഞാറുംകര വടക്കുംമുറിയിൽ കോട്ടപ്പള്ളിൽ താമസിക്കും ആററുൻ രാമുണ്ണിനായർ, ൬. അയിരൂർപകുതി വെളിയത്തുനാട്ടു കരയിൽ വട്ടപ്പൻമനയ്ക്കൽ ഇരവി കൃഷ്ണൻ നമ്പൂതിരിപ്പാട്ടു്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

പാട്ടപ്പണയാധാരപ്രകാരം വസ്തു ഒഴിപ്പിക്കുന്നതിനായി വാദി മേൽനമ്പ്ര അന്യായം ബോധിപ്പിച്ചിരിക്കുന്നതിനാൽ അതിനുത്തരം പറവാനായി ടി പ്രതികളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കോർട്ടുവക്കീലോ വിചാരണദിവസമായ ൧൧൨൩-ാമാണ്ടു ചിങ്ങമാസം ൨൯-ാംനു- പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിക്കാത്തപക്ഷം ടി പ്രതികളെ കൂടാതെ കേസു തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൩-ാമാണ്ടു ചിങ്ങമാസം ൯-ാംനു-

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്

—൦—

കരുനാഗപ്പള്ളി മുൻസിഫ്കോർട്ടിൽ

൧൧൨൩-ാമാണ്ടു സി. ൫൯.

വാദി—ചേപ്പാട്ടുപകുതി ടി കിഴക്കുംമുറി ചേമത്തുനിന്നും കരുനാഗപ്പള്ളിപകുതി പടനായർകുളങ്ങര തെക്കുംമുറി പനമൂട്ടിൽ ഗീവർഗ്ഗീസ് ഉമ്മൻ.

പ്രതികൾ—൨. അമ്പലപ്പുഴ പ്രക്കാട്ടു പകുതി ടി മുറിയിൽ പട്ടരുകളത്തിൽ എമ്പ്രസിൻ നെറോണ്ണു്. ൩. ടിയിൽ ലിയോണ്ണു് നെറോണ്ണു്. ൪. ടിയിൽ ഹെൻറിനെറോണ്ണു്. ൫. ടിയിൽ മാത്യൂനെറോണ്ണു്. ൬. ടിയിൽ വിൽസൻറ നെറോണ്ണു്. ൭. ടിയിൽ വിറോറിനെറോണ്ണു്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

കേസ് ആലപ്പുഴ മുൻസിഫ്കോർട്ടിലയയ്ക്കാൻ ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧ -ാമാണ്ടു് ഇ. പി. ൩൧-ാംനമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ടു കന്നിമാസം ൯-ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൯—൧—൧൧൨൩.

—൦—

## പ്രതിസമൻസ്

—൦—

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ

൧൧൨൧—സി—൯൭൫.

വാദി—മുണ്ടൻകാവുമുറിയിൽ വഞ്ഞിപ്പുഴമഠത്തിൽ ഉഴത്തിരരു ഉഴത്തിരക്കുവേണ്ടി വഞ്ഞിപ്പുഴമഠം എസ്റ്റേററ മാനേജർ.

പ്രതി—൨. പുത്തൻകാവുപകുതിയിൽ കരേയ്ക്കാട്ടു മുറിയിൽ കളീക്കൽവീട്ടിൽ നാരായണപിള്ള ഗോവിന്ദപ്പിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ വാദി ടി പ്രതിയുടെ മേൽ വ്യവഹാരപ്പെട്ടിരിക്കയാൽ ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ ൧൧൨൩ കന്നിമാസം ൪-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായിക്കൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെക്കൂടാതെ ടി നമ്പർ തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ ആടി ൨൩-ാംനു-

—൦—

## പ്രതിസമൻസ്

—൦—

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ

൧൧൨൭ സി ൯൫.

വാദി—വടക്കേക്കരപകുതിയിൽ മുണ്ടൻകാവു മുറിയിൽ വഞ്ഞിപ്പുഴമഠത്തിൽ ഉഴത്തിരരു ഉഴത്തിരക്കുവേണ്ടി മാനേജർ.

കൂട്ടതൽ ൪-ാംപ്രതി—തിരുവല്ലാ ഇരുവള്ളിപ്രാമുറിയിൽ കയ്യാലക്കകത്തായ പുത്തൻപറമ്പിൽ തൊമ്മി ശോശാ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പരിൽ വാദി ടി പ്രതിയുടെ മേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ ൧൧൨൩ കന്നിമാസം ൪-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി കൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പർ കേസു തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ ആടി ൨൯-ാംനു-

—൦—

## പരസ്യം

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
൧൧൨൦-ൽ സി. ൧൫൨.

വാദി—കൊല്ലംപകുതിയിൽ തേവള്ളി ചേരിയിൽ പുത്തൻവീട്ടിൽ ജനാർദ്ദനൻ പിള്ള രാഘവൻപിള്ള.

കൂട്ടതൽ ൭-ാംപ്രതി—അമ്പലപ്പുഴതാലൂക്കിൽ കോഴിമുക്കപകുതിയിൽ പുളുക്കരി മുറിയിൽ ചെമ്പിലായിൽവീട്ടിൽ കാർത്ത്യായനിഅമ്മ പൊന്നമ്മ.

കൂട്ടതൽ ൯-ാംപ്രതി—ടിയിൽ കാർത്ത്യായനിഅമ്മ ദേവകിഅമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്:

മേൽപറഞ്ഞ പ്രതികൾക്കു പലതവണയും സമൻസ് അയച്ചതിൽ കണ്ടുകിട്ടിയിട്ടില്ലാത്തതും കേസ് വിചാരണയ്ക്കായി ൧൧൨൩ ചിങ്ങം ൩൦-ാം൹-ക്കു അവധി കൊടുത്തിരിക്കുന്നതും ഈ കേസ്സിനെപ്പറ്റി വല്ല തർക്കങ്ങളും ഉണ്ടെങ്കിൽ ടി പ്രതികളോ അധികാരം സിദ്ധിച്ച വക്കീലോ അന്നേതീയതി പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം ടി പ്രതികളെ കൂടാതെ കേസ്സു തീരുമാനിക്കുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
൩-൧-൧൨൩. ഹെഡ്ഗുമസ്തം (ഒപ്പ്)

—০—

## പരസ്യം

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ
൧൨൨ സിവിൽ നമ്പർ ൩൨൮

കൂട്ടതൽവാദി—കാഞ്ഞിരപ്പള്ളി വടക്കപകുതിയിൽ ടി മുറിയിൽ പടന്നാംമാക്കൽ ചാക്കോ കൊച്ചുചാക്കോ.

വക്കീൽ പി. കെ. പത്മനാഭപിള്ള

൨-ാംപ്രതി—ബ്രിട്ടീഷു മലബാർജില്ലാ ചിറക്കൽ താലൂക്ക് ക്രോദോം അംശം കനായിദേശത്തു ചെറൂർ ഇല്ലത്തു നാരായണൻ ദാമോദരൻനമ്പൂതിരി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

മേൽ നമ്പർ അന്യായസംഗതി സംബന്ധിച്ച ടി പ്രതിക്കു പല പ്രാവശ്യവും സമൻസ് അയച്ചതിൽ മനഃപൂർവം കൈപ്പറ്റാതെ മടങ്ങിവന്നിട്ടുള്ളതും ഇനിയും കേസു വിചാരണക്കു ൧൧൨൩ ചിങ്ങം ൨൮-ാം൹-ക്കു വച്ചിരിക്കുന്നതും ആകയാൽ ഈ നമ്പർ സംഗതിസംബന്ധിച്ച് ടി പ്രതിക്കു എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അന്നേദിവസം പകൽ ൧൧ മണിക്കു ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെക്കൂടാതെ കേസു തീരുമാനിക്കുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
൧൨൨ ആടി ൨൮-ാം൹

—০—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

കോട്ടയം ജില്ലാകോർട്ടിൽ
൧൨൧-ൽ ഐ പി നമ്പർ ൧൭.

ഹർജിക്കാരൻ:—വാഴപ്പള്ളികിഴക്കുംഭാഗംപകുതി ടിമുറിയിൽ നെത്തപ്പുരയ്ക്കലായ മൂലയിൽ അവുസേപ്പു തൊമ്മസ്സു മുതൽപേർ.

എതൃഹർജിക്കാരൻ:—മാമ്പള്ളിപകുതി തുരുക്കാടിത്താനംമുറിയിൽ വാല്യകണ്ടത്തിൽ പുളുപ്പറമ്പിൽ കിട്ടൻ കിട്ടൻ.

ടി എതൃഹർജിക്കാരനെ തെര്യപ്പെടുത്തുന്നത്.

ടിനമ്പരിൽ എതൃഹർജിക്കാരനെ നിർധനനായി സ്ഥാപിച്ചു ഉത്തരവുണ്ടാകണമെന്നും മറ്റും ഹർജിക്കാർ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ടു ഐ. പി. ൧൭-ാംനമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ടു ചിങ്ങമാസം ൩൧-ാം൹ വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൨൩ മാണ്ടു ചിങ്ങമാസം ൬-ാം൹

## ലേലപ്പരസ്യം

—০—

നെയ്യാററിൻകര പ്രിൻസിപ്പാൾ മുൻസിഫ് കോർട്ടിൽ
൧൧൨൩ സിവിൽ ൪൩൬.

൩-ാംവാദി—പൂവാർദേശത്തു വലിയവീട്ടിൽ കാതർപാത്തുമ്മാൾ മുഹമ്മദ്‌വീപാത്തുമ്മാൾ.

൭-ാംപ്രതി—പൂവാർദേശത്തു ചെട്ടിവിളാകത്തുവീടും ഉള്ള വാണിയക്കുടിവിളാകത്തുവീട്ടിൽ മീരാൻപിള്ള കുഞ്ഞുമൂസാകുഞ്ഞു.

(൧) ടി നമ്പർ വിധിക്കടത്തിനായി ൭-ാംപ്രതിയുടെവക തിരുപുറംപകുതിയിൽ പൂവാർദേശത്തു പണ്ടാരവകയും പുതുവൽപാട്ടവും സർവെ ൨൯൩-ൽ ൧൭. ൧൦ ഏക്കർ ൧൦ സെൻറുള്ള വാരിയവിളാകത്തുപുരയിടവും വൃക്ഷങ്ങളിലും ൭-ാംപ്രതിക്കവകാശപ്പെട്ട ൧൩-ം ൪൮-ൽ ൩ സെൻറു പുരയിടവും വൃക്ഷങ്ങളും. (൨) ടിയിൽ തെങ്ങുത്തറവും ടി കഴുക്കോലും പച്ചക്കട്ടച്ചുവരും ഓലമേച്ചിലുമായുള്ള കെട്ടിടത്തിൽ ൪൮-ൽ ൬ ഭാഗം. (൩) ടിയിൽ പണ്ടാരപ്പാട്ടം സർവെ ൨൯൩-ൽ ൧ ഏ. ൯൪ സെൻറുള്ള വരവിളാകത്തുപുരയിടത്തിലും വൃക്ഷങ്ങളിലും ൭-ാംപ്രതിക്കവകാശപ്പെട്ട ൧൪-ം ൨൨-ൽ ൨൧ സെൻറു പുരയിടവും വൃക്ഷങ്ങളും. (൪) ടിയിൽ പണ്ടാരപ്പാട്ടം സർവെ ൨൯൬-ൽ ൭ ഏ. ൮൩ സെൻറുള്ള കല്ലാഞ്ചിപുരയിടവും വൃക്ഷങ്ങളിലും ൭-ാംപ്രതിക്കവകാശപ്പെട്ട ൧൩-ം ൪൮-ൽ ൯ സെൻറു പുരയിടവും വൃക്ഷങ്ങളും. (൫) ടി വസ്തുവിൽ തെങ്ങുത്തറവും ടി കഴുക്കോലും ഒരുകൂട്ട ജന്നലും ഒരുകൂട്ട വാതലുമായിരിപ്പുള്ള കെട്ടിടത്തിൽ ൭-ാംപ്രതിയുടെ വീതം ൪൮-ൽ ൬ ഭാഗം. (൬) ടിയിൽ പുതുവൽ സർവെ ൨൯൬-ൽ ൭ ബി ൬-ൽ ൩൭ സെൻറുള്ള കല്ലാഞ്ചി പുതുവൽപുരയിടവും വൃക്ഷങ്ങളിലും ൭-ാംപ്രതിയുടെവീതം ൭-ം ൪൮-ൽ ൨൭ സെൻറു പുരയിടവും വൃക്ഷങ്ങളും. (൭) ടി വസ്തുവിൽ തെങ്ങുത്തറവും തെങ്ങും മുളയും കഴുക്കോലും തട്ടും തുലാവും ഒരുകൂട്ട ജന്നലും ഓലമേച്ചിലുമായുള്ള കെട്ടിടത്തിൽ ൭-ാംപ്രതിയുടെ വീതം ൪൮-ൽ ൬ ഭാഗം. (൮) ടിയിൽ പണ്ടാരപ്പാട്ടം സർവെ ൨൬൭-ൽ ൩-ൽ ൪ ഏക്കർ ൬൦ സെൻറുള്ള വലിയവിളപ്പുരയിടവും വൃക്ഷങ്ങളിലും ൭-ാംപ്രതിയുടെ വീതം ൭൮-ം ൨൨-ൽ ൭ സെൻറു പുരയിടവും വൃക്ഷങ്ങളും. (൯) ടി വസ്തുവിൽ തെങ്ങിൻകൂട്ടം ടി കഴുക്കോലും തട്ടും തുലാവും ആയിരിപ്പുള്ള കെട്ടിടത്തിൽ ൭-ാംപ്രതിയുടെ വീതം ൪൮-ൽ ൬ ഭാഗം. (൧൦) ടിയിൽ പണ്ടാരപ്പാട്ടം സർവെ ൨൯൬-ൽ ൭൩-ം ൨൯൬-ൽ ൭ ബി-യും നമ്പ്രകളിൽ ൧ ഏക്കർ ൬൭ സെൻറുള്ള വരവിളാകത്തേപ്പും വാരിയവിളയുംപുരയിടത്തിൽ ൭-ാംപ്രതിയുടെ വീതം ൨൮ സെൻറു പുരയിടവും വൃക്ഷങ്ങളും. (൧൧) ടി വസ്തുവിൽ തെങ്ങുത്തറവും ടി കഴുക്കോലും ഓലമേച്ചിലുമായുള്ള കെട്ടിടത്തിൽ ൭-ാംപ്രതിയുടെ വീതം ൪൮-ൽ ൬ ഭാഗവും കൂടി ൧൧൨൩-ാമാണ്ടു കന്നിമാസം ൮-ാം തീയതി പകൽ പന്ത്രണ്ടുമുതൽ മണിക്കു ഈ കോർട്ടിൽവച്ചു ലേലം ചെയ്യപ്പെടുമെന്നുള്ള വിവരം ഇതിനാൽ പരസ്യംചെയ്യുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
൧൦—൧—൨൩.

—০—

## പരസ്യം

—০—

ചങ്ങനാശ്ശേരി മുൻസിഫ് കോർട്ടിൽ
൧൨൨-ൽ സ്മാൾ നമ്പ്ര ൨൮

വാദി—ദി കേരളസർവീസ് ബാങ്ക് ക്ലിപ്തം, ചങ്ങനാശേരി.

പ്രതികൾ: ൧. ചങ്ങനാശേരി പകുതിയിൽ പെരുന്നയിൽ കിഴക്കുംമുറിയിൽ ആലയിൽ പുത്തൻവീട്ടിൽ രാവുത്തരു മഹമ്മദാലിരാവുത്തർ. ൪. ടി മുറിയിൽ കപ്പപറമ്പിൽ സെയ്തുമഹമ്മദുരാവുത്തർ അബ്ദുൽഖാതിരരാവുത്തർ.

മേൽ നമ്പരിൽ ൧-ം ൪-ം പ്രതികളുടെ സമൻസു പല തവണയും മടങ്ങിവന്നിട്ടുള്ളതിനാൽ വിചാരണ ദിവസമായ ൧൧൨൩-ാമാണ്ടു ചിങ്ങമാസം ൨൮-ാം൹ പകൽ ൧൧ മണിക്കു ടി പ്രതികൾ നേരിട്ടോ അധികാരപ്പെടുത്തപ്പെട്ട വക്കീൽ

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച എതൃകക്ഷിക്കു നോട്ടീസ്

—০—

Order XXI R. 20

മാവേലിക്കര മുൻസിഫ് കോർട്ടിൽ
൧൧൨-ാമാണ്ടു സി ൨൩൬

വാദി—൨. മാവേലിക്കരപകുതിയിൽ കണ്ടിയൂർമുറിയിൽ ഗ്രേസ്‌കാട്ടേജിൽ ചെറിയാൻ ജോസഫ്.

പ്രതികൾ—൧. മാവേലിക്കരപകുതിയിൽ കണ്ടിയൂർമുറിയിൽ കൈതവിളവീട്ടിൽ ചൊക്കലിംഗംപിള്ള മധുരനായകംപിള്ള, ൨. ടിയിൽ ചൊക്കലിംഗംപിള്ള ശങ്കരനാരായണപിള്ള, ൩. ടിയിൽ ചൊക്കലിംഗംപിള്ള ഗോപാലപിള്ള, ൭. ടിയിൽ ചൊക്കലിംഗംപിള്ള അനന്തൻപിള്ള, ൯. ടിയിൽ ചൊക്കലിംഗംപിള്ള ദാമോദരൻപിള്ള, ൬. ടിയിൽ ലക്ഷ്മിപ്പിള്ള പൊന്നമ്മപ്പിള്ള, ൮. ടിയിൽ മതിലിപ്പിള്ള ഗൌരിപ്പിള്ള, ൯. ടിയിൽ മാധവൻപിള്ള രാഘവൻപിള്ള, ൧൩. ടിയിൽ പൊന്നമ്മപ്പിള്ള കമലമ്മാൾ, ൧൪. ടിയിൽ പൊന്നമ്മപ്പിള്ള രാജമ്മാൾ ൧൭. ടിയിൽ പൊന്നമ്മപ്പിള്ള ശാരദമ്മാൾ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

ടി നമ്പ്ര വിധിനടത്താൻ അനുവദിച്ചുത്തരവുണ്ടാകണമെന്നു ൨-ാംവാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൦-ാമാണ്ടു Exn Petn ൨൨-ാംനമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ടു ചിങ്ങമാസം ൨൮-ാം൹ വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
൧൧൨൨-ാമാണ്ടു ആടിമാസം ൨൯

—০—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

—০—

നെയ്യാററിൻകര അഡീഷണൽ മുൻസിഫ് കോർട്ടിൽ
൧൧൦൯-മാണ്ടു സ്മാൾ ൨൧൪.

വാദി—മുകുന്ദപുരംതാലൂക്ക് കാരളം വില്ലേജു കീഴ്ത്താനിദേശത്തു നെടുമ്പിള്ളിതാഴണനല്ലൂർഇല്ലത്തു പത്മനാഭരു ഗോവിന്ദരുനമ്പൂരിപ്പാട്.

പ്രതികൾ—൧൩, വീരണകാവുപകുതി ആനാകോട്ടുമുറിയിൽ കളിവിളാകത്തുവീട്ടിൽ ജാനകിഅമ്മ തങ്കമ്മപ്പിള്ള. ൧൪, ടിയിൽ ചെല്ലമ്മ ചന്ദ്രമതിഅമ്മ. ൧൭, ടിയിൽ നാരായണപിള്ള ബാലചന്ദ്രൻപിള്ള. ൧൯, ടിയിൽ ചെല്ലമ്മ രത്നകുമാരിഅമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

ടി നമ്പരിൽ വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന സിവിൽ പലവക ഹർജി സംഗതി ൧൧൨൩ ചിങ്ങമാസം ൩൧-ാം൹ വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
൧൧൨൩-മാണ്ടു ചിങ്ങമാസം ൧൦-ാം൹.

—০—

മുഖാന്തിരമോ ഈ കോടതി മുമ്പാകെ ഹാജരായി തർക്കം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
൧൨൨ കർക്കടകമാസം ൨൮-ാം൹

—০—

## പ്രതിസമൻസ്

ആററുങ്ങൽ മു: കോർട്ടിൽ
൧൧൨൧-ൽ സിവിൽ ൪൭൧

വാദി—ഇടവാ പകുതിയിൽ ഓടേററി ദേശത്തു കണ്ണങ്കരവീട്ടിൽ ശങ്കരപ്പിള്ള അയ്യപ്പൻപിള്ള.

പ്രതി—൬. ഇടവാപകുതി ഓടേററിദേശത്തു കണ്ണങ്കരവീട്ടിൽനിന്നും വക്കംപകുതിയിൽ കരയ്ക്കുന്നിദേശത്തു അറപ്പുര വീട്ടിൽ നമ്പർ കൃഷ്ണ ൨൮ വയസ്സുവരുന്ന പരമേശ്വരൻപിള്ള ശിവരാമപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

ടിനമ്പരിൽ ടി പ്രതിക്കു ഈ കോടതിയിൽനിന്നും പലതവണയും സമൻസയച്ചതിൽ കണ്ടുകിട്ടിയില്ലാത്തതിനാൽ ടി കേസ്സിന്റെ വിചാരണദിവസമായ ൧൧൨൩ ചിങ്ങം ൩൦-ാം൹ പകൽ ൧൧ മണിക്കു ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീൽ മുഖേനയോ ഹാജരായി വേണ്ടതു ചെയ്യാതിരുന്നാൽ ടി നമ്പർ സംഗതി ടി പ്രതിയെക്കൂടാതെ തീർച്ചചെയ്യുമെന്നുള്ളതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
൧൧൨൨ ആടിമാസം ൨൯-ാം൹

—০—

## പരസ്യനോട്ടീസ്

സിവിൽനടപടിനിയമത്തിന്റെ
ആഡർ ൨൧—റൂൾ ൬൪
ചെങ്ങന്നൂർ മുൻസിഫ് കോർട്ടിൽ
൧൧൦൮-ാമാണ്ടു സിവിൽ ൨൧൭-ാംനമ്പർ
അന്യായവ്യവഹാരം
൧൧൨൧-ൽ വിധിനടത്തു
ഹർജിനമ്പർ ൪൬൭.

വാദി—വടക്കേക്കരപകുതിയിൽ മുണ്ടങ്കാവുമുറിയിൽ പാലക്കപ്പുള്ളിൽവെള്ളിയോട്ടില്ലത്തു മാധവൻ ശങ്കരൻ നമ്പൂതിരി.

പ്രതികൾ—൯. ടിപകുതിയിൽ മഴുക്കീറമേൽ മുറിയിൽ താമരപ്പള്ളിൽമേടയിൽ കരുവിള തോമസ്സ്. ൬. ടിമുറിയിൽ കയ്യാലയ്ക്കകത്തു താമരപ്പള്ളിൽ ഉണ്ണിട്ടൻ പിലിപ്പോസ്.

൯-ം ൬-ം പ്രതികളെ
തെര്യപ്പെടുത്തുന്നത്.

ടിനമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപ്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയുംമററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൩-ാമാണ്ടു ചിങ്ങമാസം ൩൧-ാം൹-യ്ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
൧൧൨൨-മാണ്ടു കർക്കടകമാസം ൨൦-ാം൹

—০—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

നാഗർകോവിൽ അഡീഷണൽ മുൻസിഫ് കോർട്ടിൽ
൧൧൨൨-മാണ്ടു സിവിൽ നമ്പ്ര ൧൭൦൦

വാദി:—ശുചീന്ദ്ര പകുതി ശുചീന്ദ്രം തെക്കു മൺതാണ്ടവിലാസു ബംഗ്ലാവിൽ ആനന്ദപ്പിള്ള ശാരദഅമ്മ.

പ്രതി:—വഞ്ചിയൂരധികാരത്തിൽ പുന്നപുരത്തിൽപടിഞ്ഞാററത്തിൽ വേലായുധൻതമ്പി നാരായണൻതമ്പിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പ്ര വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും ടി വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൽ പലവക ഇ. പി. ൪൩൭-ാംനമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ടു ചിങ്ങമാസം ൩൧-ാം൹ വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
൧൧൨൩-മാണ്ടു ചിങ്ങമാസം ൬-ാം൹

—০—

സ്വാതന്ത്ര്യം പുലർന്നു. നാടെങ്ങും അതിന്റെ പ്രകാശം പരന്നു. ഇന്നലെ വരെ ഇരുളിൽ മയങ്ങിക്കിടന്നിരുന്ന ജീവചൈതന്യം ഇന്നിപ്പോൾ തെളിഞ്ഞുനിന്നു. സ്വാതന്ത്ര്യസമരത്തിന് ഊന്നുപിടിച്ച ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. ആ ലക്ഷ്യം കൈവന്നു. ഇപ്പോഴിതാ അനേകമനേകം പ്രശ്നങ്ങൾ പൊന്തിവന്നിരിക്കുന്നു. അവ ഗുരുതരമല്ലെങ്കിലും താൽക്കാലികമായ കുഴപ്പത്തിനും ബഹളത്തിനും ധാരാളം മതിയാവുന്നവയാണ്. യുദ്ധകാലപ്രശ്നങ്ങൾക്ക് എളുപ്പം പരിഹാരമുണ്ടാകും. ഏറ്റു നമുക്ക് അതിനു വേണ്ട ഒത്താശകൾ ചെയ്യുതന്നെ. പക്ഷേ സമാധാനകാലത്തെ പ്രശ്നങ്ങൾക്ക് പോംവഴി കാണാനാണ് വിഷമം.

ഇന്ത്യ പങ്കിട്ടതുകൊണ്ട് പല പ്രശ്നങ്ങൾക്കും ലാഘവമുണ്ടായിട്ടുണ്ട്. പാകിസ്ഥാന്റെയും ഇന്ത്യൻ യൂണിയന്റെയും സാംസ്കാരികമായ പശ്ചാത്തലങ്ങൾ നിയതമായും നിശിതമായും വേർതിരിഞ്ഞുപോയി. അതൊരനുഗ്രഹംതന്നെ! അല്ലായിരുന്നെങ്കിൽ ഹിന്ദു-മുസ്ലീം താല്പര്യങ്ങളുടെ സംഘട്ടനം എന്നേയ്ക്കുമൊരു മഹാസ്വസ്ഥകാരണമായി കലാശിക്കുമായിരുന്നു. ഏകീകരണശ്രമത്തിന്റെ ഫലമായി ഉണ്ടാകേണ്ട സൗഹാർദ്ദത്തിനും അത്യാഹിതകരമാകുമായിരുന്നു. രാഷ്ട്രഭാഷാധിപത്യത്തിന്റെ പേരിൽ ഹിന്ദിയും ഉറുദുവും തമ്മിലുണ്ടായിരുന്ന വാശിയും ഇതോടെ തീർന്നല്ലോ. ഹിന്ദുസ്ഥാൻ ഹിന്ദിക്കും പാകിസ്ഥാൻ ഉറുദുവിനും സമ്മതദാനം ചെയ്യുവാൻ ഇതാ തെയ്യാറായിനിൽക്കുന്നു.

### നമ്മുടെ ഭാഷാപ്രശ്നം

പക്ഷേ, അത്ര പെട്ടെന്നു തീരുന്ന ഒന്നല്ല ഇന്ത്യയിലെ സാമാന്യ ഭാഷാപ്രശ്നം. രണ്ടു രാഷ്ട്രഭാഷകൾ—ഹിന്ദിയും ഉറുദുവും—രണ്ടു രാഷ്ട്രങ്ങളിലായി ഇപ്പോൾ സ്ഥാനമുറപ്പിച്ചെങ്കിലും, മററനേകം പ്രധാന ഭാഷകൾ അംഗീകാരസിദ്ധിക്ക് തലയുയർത്തിത്തുടങ്ങിയിരിക്കുന്നു. അവയുടെ ബാഹുല്യംതന്നെ ആരെയും അമ്പരപ്പിക്കുന്ന ഒരു പ്രശ്നമാണ്; ഒരു രാഷ്ട്രീയചിന്തകനോ ഭരണാധികാരിക്കോ ഇക്കാര്യം അവഗണിക്കാവുന്നതല്ല. വടക്ക് പത്തും തെക്ക് അഞ്ചും ഭാഷകൾ ഭാഷാവിദഗ്ദ്ധർ തിട്ടപ്പെടുത്തിയിട്ടുണ്ട്. പിന്നെ കണക്കിൽപ്പെടുത്താതെ പ്രാകൃതാവസ്ഥയിൽ ആദിവാസികളുടേതായി ഒട്ടനേകം ഭാഷകൾ സുലഭമായുണ്ട്. ഓരോ പ്രധാനഭാഷയ്ക്കും പതിപ്പത്ത് വാമൊഴിയെന്ന തോതിൽ കണക്കെടുത്താൽ നൂററമ്പതോളം ഭാഷകൾ ഈ നാട്ടിലുണ്ടാകും. ഓരോ ഭാഷയും ഓരോ പ്രത്യേകസംസ്കാരത്തെ പ്രതിനിധീകരിക്കുന്നു; ഓരോന്നും അതതിന്റെ സവിശേഷസ്വഭാവങ്ങളെ വളർത്താനും പരത്താനും ബദ്ധപ്പെടുന്നു. ഭാഷാശാസ്ത്രജ്ഞന്മാർ വർഗ്ഗീകരണം ചെയ്തിട്ടുള്ള എല്ലാ ഭാഷാകുടുംബങ്ങളുടേയും—ഇന്തോ-ആര്യൻ, ഇന്തോ-ഇറാനിയൻ, മംഗോളിയൻ, സിഥിയൻ, ദ്രാവിഡം—ശാഖകളും ഉപശാഖകളും ഇവിടെയുണ്ട്. ഒന്നുകൂടി ഓർക്കണം; ഭാരതം പ്രാചീനസംസ്കാരങ്ങളുടെ കലവറയാണ്; അടുത്തും അകലത്തുമുള്ള അനേകമനേകം രാജ്യങ്ങളിൽനിന്നും അക്കാലത്തും പിൽക്കാലത്തും ഭാരതം വിചിത്രങ്ങളും വിഭിന്നങ്ങളുമായ സംസ്കാരസമ്പത്ത് ആകർഷിച്ചെടുത്തിട്ടുണ്ട്. ആകർഷണം ആനുകൂല്യത്തിലും ആനുകൂല്യം ആക്രമണത്തിലും കലാശിച്ച കഥ നമുക്കിന്ന് അനുഭവമാണ്. മദ്ധ്യകാലത്തുണ്ടായ മുസ്ലീം ആധിപത്യത്തിനുപോലും—ഇന്ത്യയിൽ ഒന്നാകെയൊരു പരിവർത്തനം വരുത്തിയ അതിനുപോലും ഈ വൈരുദ്ധ്യങ്ങളേയും വൈചിത്ര്യങ്ങളേയും പാടേ വിപാടനംചെയ്യുവാൻ കഴിഞ്ഞില്ല. അങ്ങിങ്ങ് അംഗഭംഗംവന്നെങ്കിലും എല്ലാം ഒടുവിൽ അതിജീവിക്കുകയാണുണ്ടായത്. അടിക്കടിയുള്ള ആക്രമണങ്ങൾ അഭിമുഖീകരിക്കുന്തോറും ഭാരതീയസംസ്കാരത്തിന് അടിയുറപ്പും, അനന്തരാക്രമണങ്ങളെ ചെറുക്കാനുള്ള കരുത്തും കൂടിക്കൂടിവന്നു. ജേതാക്കൾ ആയുധന്യാസംചെയ്ത്, ജിതരുടെ മുന്നിൽ ജ്ഞാനോപദേശം കേൾക്കാൻ ചമ്രം പടിഞ്ഞിരിക്കുകയെന്നത് ഇന്ത്യാചരിത്രത്തിലെ ഒരപൂർവസംഭവമല്ല. അലക്സാണ്ടറുടെ ആക്രമണം കഴിഞ്ഞ്

# പുതിയ ഭരണവ്യവസ്ഥയിൽ നാട്ടുഭാഷകളുടെ നില

[ഇന്ത്യ പങ്കിട്ടതോടെ, പുതിയ ഭരണവ്യവസ്ഥ വന്നതോടെ രാഷ്ട്രഭാഷാപ്രശ്നം അപ്രധാനമായി. നാട്ടുഭാഷകളുടെ നിലയെപ്പററിയാണ് ഇനി പരിഗണിക്കേണ്ടത്.]

ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ ബി. ഏ., പി. എച്ച്ഡി. (ലണ്ടൻ)

കുറെ കൊല്ലങ്ങൾക്കുശേഷം ഒരു ഭാരതീയരാജാവും യവനരാജനിയുമായുള്ള വൈവാഹികോത്സവം നടക്കുകയുണ്ടായി. രാഷ്ട്രീയനയമാണ് ആ വിവാഹത്തിനുപിന്നിൽ നമുക്കിന്നു കാണാവുന്നത്. ഏറെ ശതവർഷങ്ങൾക്കുമുമ്പ് സോളമൻ ദക്ഷിണേന്ത്യയുമായി ചില ബന്ധങ്ങൾ പുലർത്തിയിരുന്നു. കോഴിക്കോടിനു തെക്കുള്ള ബേപ്പൂരിൽനിന്ന് സ്വർണ്ണവും മയൂരവും പിന്നെ പല വിശിഷ്ടവസ്തുക്കളും അദ്ദേഹം അതുമൂലം സമ്പാദിച്ചിരുന്നു. മഹാനായ അക്ബറുടെ ലക്ഷ്യം ഹിന്ദുമുസ്ലീംമൈത്രി ആയിരുന്നല്ലോ. ഭാരതീയസംസ്കാരത്തിന്റെ സർവംഗ്രാസമായ ഈ നയവും സംസൃഷ്ടഭാവവുമാണ് ഇവിടത്തെ നാനാഭാഷകളിലുമായി വിവിധസംസ്കാരങ്ങൾ അലിഞ്ഞുകൂടാൻ കാരണമായത്. ഭൂമിശാസ്ത്രപരമായ കാരണങ്ങൾക്കും ഇതിൽ പങ്കുണ്ട്.

### പൊതുഭാഷ

ഈ പശ്ചാത്തലത്തിൽ നിന്നുവേണം ഭാഷാപ്രശ്നം നമുക്ക് അഭിമുഖീകരിക്കാൻ. ഒരു പൊതുഭാഷ ഐക്യഭാരതസങ്കല്പത്തെ ഉൾക്കൊള്ളുന്നു. ഹിന്ദിയെ രാഷ്ട്രഭാഷയായി പ്രഖ്യാപിച്ചത് ഈ ഉദ്ദേശ്യത്തോടുകൂടിയായിരുന്നു. ദക്ഷിണേന്ത്യയിൽനിന്ന് ആദ്യംതന്നെ ഇതിനു എതിർപ്പുണ്ടായിട്ടുണ്ട്. എങ്ങനെ എതിർക്കാതിരിക്കും? ഉത്തരഭാഷകളും ദാക്ഷിണാത്യഭാഷകളുമായി എന്തടുപ്പമാണുള്ളത്? ഉത്തരഭാഷകളെല്ലാം സംസ്കൃതത്തിൽനിന്നുണ്ടായ (?) പ്രാകൃതഭാഷാവകുപ്പിൽപെടുന്നു. ദാക്ഷിണാത്യഭാഷകളാകട്ടെ, വ്യാകരണപരമായും മററും തീരെ വിഭിന്നമായ ഒരു കുടുംബത്തിലാണു പിറന്നത്: തെലുങ്ക്, കന്നടം, മലയാളം എന്നീ ഭാഷാത്രയം സംസ്കൃതസമ്പർക്കംകൊണ്ട് ഒട്ടൊക്കെ മാറിയിട്ടുണ്ടെങ്കിലും അവയിന്നും തറവാട്ടുപാരമ്പര്യം മറന്നിട്ടില്ല. സംസ്കൃതത്തിന്റെ ശബ്ദകോശം കുറെ കടം വാങ്ങിയെന്നല്ലാതെ ദ്രാവിഡത്തിന്റെ അന്തരാവകാശം ആ ഭാഷകൾ നിഷേധിച്ചിട്ടില്ലെന്നു സാരം. ആ ഭാഷകളിലെ ഒരു നല്ല പണ്ഡിതനു പ്രത്യേകശിക്ഷണമില്ലാതെതന്നെ സംസ്കൃതഭാഷ സുഗ്രഹമാണ്. മറിച്ച് സംസ്കൃതം മാത്രം അഭ്യസിച്ചിട്ടുള്ള ഒരു മഹാപണ്ഡിതനു ടി ഭാഷകൾ തീരെ ദുർഗ്രാഹ്യമായിരിക്കും. ഇതിൽനിന്നു വ്യക്തമാണ്, സംസ്കൃതം ആ വക ഭാഷകളുടെ ശബ്ദശരീരത്തെയല്ലാതെ വ്യാകരണചൈതന്യത്തെ സ്പർശിച്ചിട്ടില്ലെന്ന്. എന്നാൽ ദ്രാവിഡകുടുംബത്തിലെ പ്രമുഖാംഗമായ തമിഴാകട്ടെ ഇന്നും അതിന്റെ വ്യക്തിത്വം പുലർത്തി വ്യസ്തമായി നിൽക്കുന്നു. ആ ഭാഷ കൈക്കൊണ്ടിട്ടുള്ള ഗീർവാണപദങ്ങൾ വിരലിലെണ്ണാനേ ഉള്ളു. ഉള്ള പദങ്ങൾതന്നെ രൂപം മാറിക്കൊണ്ടാണ് തമിഴിനോട് ഒട്ടിച്ചേർന്നത്. അങ്ങനെ തമിഴർക്കു പൊതുവെ ഹിന്ദിഭാഷാഭ്യസനത്തിൽ വന്ന ക്ലേശം, ആദ്യത്തെ കോൺഗ്രസ്മന്ത്രിസഭാകാലത്തുണ്ടായ ഹിന്ദിപ്രചരണാരംഭത്തെ എതിർക്കാനും കൂടെ കാരണമായി. ഒരു ഉത്തരേന്ത്യക്കാരനു തമിഴരുടെ ഈ ഭാഷാവിഷമം മനസ്സിലാക്കാൻ പ്രയാസമുണ്ടാവും. ബംഗാളിക്കും മറാത്തിക്കും ഹിന്ദിയുമായി സാമ്യം പ്രാപിക്കാൻ എളുപ്പമാണ്. തമിഴിനോ? തമിഴർക്ക് ഹിന്ദിഭാഷാഭ്യസനത്തിനു മുതിരുമ്പോൾ, അവർ മാതൃഭാഷാഭ്യാസംകൊണ്ടു നേടിയ ഭാഷാശാസ്ത്രനിയമങ്ങളും—പദനിഷ്പാദനസമ്പ്രദായം, ലിംഗം, വചനം, വിഭക്തി തുടങ്ങിയവ പാടേ മറക്കണം. മഹാപ്രാണാക്ഷരങ്ങൾ തമിഴിലില്ല; ഉത്തരേന്ത്യാ ഭാഷകളിലുണ്ടുതാനും. ഹിന്ദി പഠിക്കുന്ന തമിഴൻ അത്തരം അക്ഷരങ്ങളെക്കൊണ്ടുള്ള പദങ്ങൾ ഉച്ചരിക്കാൻ എത്ര സാഹസപ്പെടണം? എന്നാൽ തന്നെ ഫലിക്കുമോ?

### നാട്ടുഭാഷകൾ

ഭാരതവിഭജനം ഇന്നു സുനിശ്ചിതമായനിലയ്ക്ക് ഇനി രാഷ്ട്രഭാഷാപ്രശ്നം അപ്രധാനമായി. ശ്രദ്ധ പാടേ ദേശീയഭാഷകളിലേക്കായി. മദിരാശിമന്ത്രിസഭ (രണ്ടാമത്തെ) ഇവിടത്തെ വിദ്യാസ്ഥാപനങ്ങളിൽ മാതൃഭാഷ വഴിയായി ശിക്ഷണം നടത്തണമെന്നു നിർദ്ദേശിച്ചിരിക്കുന്നതിൽനിന്നും ഇതു നടപ്പായെന്നും കരുതാം. മദിരാശി പോലുള്ള ഒരു മഹാനഗരത്തിൽ ഇതൊരു കുഴപ്പമുണ്ടാക്കി. പല ഭാഷക്കാരുടേയും സമ്മേളനരംഗം മാത്രമല്ല, സ്ഥിരവാസസ്ഥലം കൂടെയാണ് മദിരാശി. ഇതുവരെ ഇംഗ്ലീഷായിരുന്നല്ലോ ഇവിടത്തെ പൊതുഭാഷ. മാതൃഭാഷയിലൂടെ ഭാഷയല്ലാത്ത വിഷയങ്ങൾ പഠിപ്പിക്കാൻ പററിയ ആളില്ലെന്ന കഥ നിൽക്കട്ടെ. ഇവിടത്തെ ദേശീയഭാഷ തമിഴോ തെലുങ്കോ എന്നതിനെപ്പററി വിവാദം പണ്ടേ മുതലുണ്ടായിരുന്നു. ചരിത്രപാരമ്പര്യം തെലുങ്കിന്റെ പക്ഷം പിടിക്കുമ്പോൾ ജനസംഖ്യാബലം തമിഴിനെ അനുകൂലിക്കുന്നു. കൂടാതെ, മദിരാശി വിവിധ ഭാഷാവ്യവഹാരികൾക്കും വിവിധദേശവാസികൾക്കും പല കാരണങ്ങളെക്കൊണ്ടും ഒരു സങ്കേതരംഗമായി തീർന്നിട്ടുണ്ട്. നഗരത്തിന്റെ അന്തസ്സ് പാലിക്കാൻതന്നെ ചില താല്പര്യങ്ങളെ പരിഗണിക്കേണ്ടതായിരിക്കെ ഔദ്യോഗികമായും അല്ലാതെയും ഏതു സംഘത്തിന്റെ ഏതാവശ്യവും—അതിന്റെ പ്രാധാന്യം നീതീകരിക്കുന്നതാണെങ്കിൽ നിറവേററാനുള്ള സൗകര്യങ്ങൾ അനുവദിക്കേണ്ടത് ആവശ്യമാണ്. ഒരു പൊതുഭാഷ ഐക്യഭാരതത്തിനു പോഷകമെങ്കിൽ അനേകം നാട്ടുഭാഷകൾ അതിനു തികച്ചും വിപരീതമായിരിക്കുമല്ലോ. ഈ പരിവർത്തനഘട്ടത്തിൽ എല്ലാവരുടേയും ഐക്യവും സഹകരണവും സ്വാതന്ത്ര്യസംസ്ഥാപനത്തിന് ആവശ്യമായ ഈ അവസരത്തിൽ, അസൂയയും ദ്വേഷവുമുള്ള അയൽക്കാരിൽനിന്നും ആപത്തു ഭയപ്പെടേണ്ട ഈ വേളയിൽ, സ്വതന്ത്രഭാരതം സ്വന്തം കാലിൽ നിലയുറപ്പിക്കേണ്ട ഈ മുഹൂർത്തത്തിൽ ഇത്തരമൊരു ദേശീയഭാഷാവാദം ആപൽക്കരമല്ലേ?

### ഔദ്യോഗികഭാഷ

അങ്ങനെ ഭാഷാപ്രശ്നം പല ക്ലേശങ്ങളും കുഴപ്പങ്ങളും ഉള്ളതാണ്. സൂക്ഷിച്ചുവേണം ഇതിൽ കൈകാര്യം ചെയ്യാൻ. ഹിന്ദുസ്ഥാൻ ഒരു പ്രത്യേക രാഷ്ട്രമായി; അതിന്റെ ഐക്യം പുലർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഔദ്യോഗികഭാഷ ഒന്നാവണം. ഇംഗ്ലീഷിതാ യാത്രപറയുന്നു. അതോ അതിനോടു നാം യാത്രപറയേണ്ടതുണ്ടോ? ബ്രിട്ടനുമായി നമുക്ക് കാലാകാലത്തേക്കുകൂടെ ബന്ധം വേണം; ഇംഗ്ലീഷ് വിശ്വഭാഷയാവുകയും ചെയ്തു, രണ്ടുകൊണ്ടും നമുക്ക് അതിനെ അങ്ങനെതന്നെ പുറന്തള്ളാവുന്നതല്ല. ദേശീയവും സാർവദേശീയവുമായ ലക്ഷ്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ നമുക്ക് ആ വിശ്വഭാഷയെ ഇനിയും ഇവിടെ പുലർത്താമെന്നോ? നമ്മുടെ ദേശാഭിമാനവും, നമ്മുടെ സംസ്കാരത്തിൽ നമുക്കുള്ള അടിയുറച്ച വിശ്വാസവും, അവയുടെ ഭാവിരൂപത്തിലും വളർച്ചയിലും നമുക്കുള്ള പ്രത്യാശകളും ഏകോപിച്ച് ഉൽഘോഷിക്കുന്നു: 'വേണ്ടാ, ഇംഗ്ലീഷ് ഇനി വേണ്ടാ' എന്ന്. അടുത്ത അവകാശം, പിന്നെ ഹിന്ദുസ്ഥാനിലെ ഭൂരിപക്ഷം ജനതയുടെ ഭാഷയ്ക്കാണ്. ഇന്ത്യാവിഭജനവും അതിന്റെ ഫലമായി ഒരിടത്തുനിന്നു മറെറാരിടത്തേക്കുണ്ടാകുന്ന ജനതാസംക്രമണവും സാരമായി കാനേഷുമാരിക്കണക്കിനെ ബാധിച്ചില്ലെങ്കിൽ, ഞാൻ തീർത്തുപറയുന്നു ഹിന്ദിതന്നെ ഭൂരിപക്ഷബലത്തോടുകൂടി രാഷ്ട്രഭാഷാപദവി കൈക്കലാക്കുമെന്ന്. ദേശീയമായ ഐക്യത്തിനും ഐശ്വര്യത്തിനുംവേണ്ടി വടക്കരും തെക്കരും മററെല്ലാം മറന്ന് ഹിന്ദി ഭാഷാവിജയത്തെ അനുകൂലിക്കണം. ഇന്ന് ഇംഗ്ലീഷ് പഠിക്കുന്ന സ്ഥാനത്ത് ഹിന്ദി പഠിക്കണം. ഇംഗ്ലീഷ് ഐച്ഛികമാക്കി, അതിൽ നേടുന്ന വിജ്ഞാനം വിദേശീയബന്ധം പുലർത്താനുള്ള തുറകളിൽ നിയമനത്തിന് അത്യാവശ്യമെന്നാക്കണം.

(ശേഷം പതിനാലാംപേജിൽ)

ആനന്ദമയമായ ജീവിതത്തിന് ഹൃദ്യമായ വാസനയുള്ള
"3001" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
സുഖജീവിതത്തിന പരിമളം നിറഞ്ഞ
"301" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
ഹൃദ്യമായ പരിമളത്തിന പേരുകേട്ട
"31" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
ആരോഗ്യകരമായ ജീവിതത്തിന
ആസാദ് അഗർ ബത്തികൾ ഉപയോഗിക്കുക
S. V. MURUGESAN & BROS.,
No 39, Lakshmipuram 6th Street, MADURA
Branch: No. 4, Appaji Rao Lane, BANGALORE CITY.
Trivandrum Stockists: Sri B. K. Ganapathi Pillai, Chalai;
Janab S. M. M. A. Khader & Bros., Chalai;
Sri. R. Manickam Pillai, Chalai.
Quilon Division Agent: P. K. Kasim Sahib, Kaikulanagar.

ഗ്രന്ഥവിഹാരം

# ൧൯-ാം അഖിലേന്ത്യാ വനിതാസമ്മേളനറിപ്പോർട്ട്

(പ്രസാധിക:—ശ്രീമതി ഇന്ദിരാബായ് മേദേവ്, ജ: സിക്രട്ടറി, അഖിലേന്ത്യാവനിതാസമ്മേളനം, പൂനാ ൪.) വില ൨ ക.

അഖിലേന്ത്യാ വനിതാസമ്മേളനത്തിന്റെ ൧൯-ാം വാർഷികറിപ്പോർട്ട് അഭിപ്രായത്തിനയച്ചു കിട്ടി, നന്ദിപറയുന്നു. ൧൯൪൬-മുതൽക്ക തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സമ്മേളനാദ്ധ്യക്ഷകളുടെ പട്ടികകണ്ട്, അഭ്യസ്തവിദ്യകളും ധനികകളുമായ മഹിളകളുടെ 'ഉയർന്ന' ലോകത്തിൽനിന്ന് അഖിലേന്ത്യാ വനിതാസമ്മേളനം പൊതുജനലോകത്തിലേക്കിറങ്ങിവന്നിട്ടുണ്ടെന്നറിഞ്ഞു ഞങ്ങൾ വളരെ സന്തോഷിക്കുന്നു. ഈക്കാര്യത്തിൽ ഞങ്ങൾ സമ്മേളനത്തെ അഭിനന്ദിക്കയും മേലിലും കൂടുതൽ കാര്യക്ഷമമായവിധം ഈ പാരമ്പര്യം തുടരുമെന്നു പ്രത്യാശിക്കയും ചെയ്യുന്നു.

ഈയാണ്ടിലെ അദ്ധ്യക്ഷയായ ശ്രീ: ധനവന്തിരാമറാവു (ലേഡി) വിന്റെ തരിപ്പിച്ച പ്രായപൂർത്തി വിദ്യാഭ്യാസപ്രമേയം ചിന്താർഹമാണെന്ന് എടുത്തുപറയാൻ തോന്നുന്നു. അഭ്യസ്തവിദ്യകളായ ഈ സമ്മേളനാംഗങ്ങൾ രാജ്യത്തിലെങ്ങും ഈ പ്രമേയത്തിലെ തത്വം പ്രായോഗികമാക്കാൻ യത്നിച്ചാൽ, മിസ് സ്വസ്സാം മന്ത്രവിന്റെ ...ഈ



അഖിലേന്ത്യാ വനിതാസമ്മേളനാദ്ധ്യക്ഷ ലേഡി ധനവന്തി രാമറാവു



ലേഡി മിഴ്സാഇസ്സെയിൽ. വനിതാസമ്മേളനത്തിന്റെ ഒരു പ്രധാന പ്രവർത്തക.

മിസ്സിസ് ഹംസാ മേത്താ



വനിതാസമ്മേളനത്തിന്റെ ഒരു പ്രധാന പ്രവർത്തക. കാൺസ്റ്റിററവൻറ് അസംബ്ലിയിൽ ദേശീയപതാക സമർപ്പിച്ചതു് ദേശീയസമരത്തിൽ നിസ്തുല്യമായ ഒരു പങ്ക് വഹിച്ചിട്ടുള്ള ഈ മഹതിയാണ്.

റാണി ലക്ഷ്മീഭായി രാജ്‌വാഡേ



റാണി ലക്ഷ്മീഭായി രാജ്‌വാഡേ. വനിതാസമ്മേളനത്തിലെ ഒരു അദ്ധ്യക്ഷയായിരുന്ന ഈ മഹതി ഏഷ്യൻ കാൺഫറൻസു നിയമിച്ച കമ്മിററിയിലെ ഒരംഗമാണ്.

പ്രമേയത്തിന് വല്ല ചരിതാർത്ഥ്യവുമുണ്ടാകയുള്ളു. സമ്മേളനാംഗങ്ങളുടെയും വനിതാലോകത്തിന്റെയും ശ്രദ്ധ ഈ പ്രമേയത്തിലേക്ക ക്ഷണിച്ചുകൊള്ളുന്നു.

പ്രസംഗവും, സ്വീകരണസംഘാദ്ധ്യക്ഷയായ ശ്രീ: ഗോവക്കയുടെ പ്രസംഗവും സമ്മേളനത്തിന്റെ ഇരുപത്തഞ്ചുകൊല്ലത്തെ പ്രവർത്തനചരിത്രസംഗ്രഹവും, സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയങ്ങളുടെ പട്ടികയും, ചിന്താർഹവും രസകരങ്ങളുമാണ്. എന്നാൽ ഞങ്ങൾക്ക് എടുത്തുകാട്ടാൻ തോന്നുന്നതു് സമ്മേളനമുഖപത്രമായ ഇംഗ്ലീഷ്മാസിക 'റോഷ്നി'യുടെ പത്രാധിപ, മിസിസ് ലക്ഷ്മീമേനോന്റെ റിപ്പോർട്ടാണ്. ഈ റിപ്പോർട്ടുകൊണ്ടു കാണുന്നതു്, ഈ സമ്മേളനം ഇനിയും വേണ്ടത്ര പൊതുജനശ്രദ്ധയെ ആകർഷിച്ചിട്ടില്ലെന്നാണ്. അല്ലെങ്കിൽ എണ്ണായിരം പ്രതികൾമാത്രം അടിക്കുന്ന ഈ മാസികക്ക് ഇനിയും ഒരു കടംവീട്ടുകയാണെന്നമട്ടിൽ വരിസംഖ്യയടയ്ക്കുന്ന ൩൦൦ വരിക്കാരിലധികമില്ലെന്ന വസ്തുത എങ്ങിനെ സംഭവിക്കും? ശ്രീമതി ലക്ഷ്മിയുടെ പത്രാധിപത്യത്തിൽ നടക്കുന്ന ഈ മാസികയ്ക്കു് കൂടുതൽ വരിക്കാരെ കിട്ടുന്ന കാലത്തേ, വനിതാസമ്മേളനത്തിന് എന്തെങ്കിലുംവിധം പ്രാതിനിധ്യമുണ്ടെന്ന് അഭിമാനിക്കാനാകയുള്ളുവെന്നു ഞങ്ങൾക്കു തോന്നുന്നു.

സമ്മേളനത്തിൽ പാസ്സായ നിരവധി പ്രമേയങ്ങളിൽ കാര്യമാത്ര അവ...

വ്യ—പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കിക്കാണുന്നു. പ്രമേയലോകത്തിൽനിന്നു് പ്രവർത്തനപരിപാടികളിലേക്ക് സ്ത്രീലോകം ഉണർന്നുവരണമെന്ന് പ്രതീക്ഷിക്കാനാണ് ഇതുകണ്ട് ഞങ്ങൾക്ക തോന്നുന്നതു്.

വനിതാലോകത്തെ ഉദ്ധരിക്കാൻ, നിരാശപ്പെടാതെ ൧൯ കൊല്ലമായി ഭഗീരഥപ്രയത്നം ചെയ്യുന്ന ഈ സമ്മേളനത്തെ എത്രകണ്ടഭിനന്ദിച്ചാലും മതിയാകുന്നതല്ല.

അതോടെ, ഈ സമ്മേളനറിപ്പോർട്ടു വാങ്ങി, അതിൽ പാസ്സായതായി പ്രസ്താവിക്കപ്പെട്ട വ്യ പ്രമേയങ്ങൾ വായിച്ചു്, അവ ...ലൊന്നെങ്കിലും പ്രവർത്തനത്തിലെത്തിക്കാൻ ഭഗീരഥപ്രയത്നം ചെയ്യണമെന്ന് സ്ത്രീലോകത്തോടു പൊതുവിൽ ഞങ്ങൾ ശുപാർശചെയ്യുന്നു.

ഡബിൾക്രൗൺ വലിപ്പത്തിൽ ൧൯൨ പുറമുള്ള ഈ പുസ്തകത്തിന് ൨ ക വില കൂട്ടം അധികമല്ല. ഈ പുസ്തകം ഇത്ര ഭംഗിയിൽ അടിച്ചു പ്രസിദ്ധപ്പെടുത്തിയ പ്രസാധികയ്ക്കും ഞങ്ങളുടെ അനുമോദനങ്ങൾ രേഖപ്പെടുത്തട്ടെ.

ശ്രീ. രമാമേനോൻ

—o—

(പതിമൂന്നാംപേജിൽനിന്നും തുടർച്ച)

ഇനി ദേശീയഭാഷകളിലേക്ക് ഒന്നുകൂടെ തിരിഞ്ഞുനോക്കട്ടെ. നാട്ടുഭാഷകളിൽ പ്രധാനപ്പെട്ടവ ചിലതുണ്ടല്ലോ. അവയുടെ വളർച്ചയ്ക്കു വേണ്ടുന്നതെല്ലാം ചെയ്യണം. പ്രോത്സാഹനക്കുറവും, പരമ്പരാനിക ഭാഷാഭ്യസനത്തിൽ കാണിച്ച അനർഹവും അനാവശ്യവുമായ ഭ്രമവും ദേശീയഭാഷകളുടെ പുരോഗതിക്ക് ഏറെക്കുറെ ഹാനികരമായിട്ടുണ്ട്. എല്ലാ ഭാഷയും അതിന്റെ പ്രഭാവവും പോഷണശക്തിയും അതിലെ പ്രമാണഗ്രന്ഥത്തിൽകൂടെ പ്രകടിപ്പിച്ചിട്ടുണ്ട്. ഇംഗ്ലീഷ്‌വിദ്യാഭ്യാസം കൊണ്ടു നാട്ടുഭാഷകളെ ഉണർത്താനും ഉജ്ജീവിപ്പിക്കാനും നമുക്കു കഴിഞ്ഞു. പുതിയ പുതിയ സാഹിത്യപ്രസ്ഥാനങ്ങളെ സ്വാഗതം ചെയ്യാൻ അവയ്ക്കുള്ള സന്നദ്ധതയും ഇന്നു സ്പഷ്ടമായി കാണാം. പ്രചരണത്തിനുവേണ്ടി ഇക്കഴിഞ്ഞ യുദ്ധത്തിൽ ആ ഭാഷകൾ ഉപയോഗിച്ചു കഴിഞ്ഞതിനാൽ അവയ്ക്കു് ആവിധത്തിലും ഒരു ജീവസ്സുണ്ടായിട്ടുണ്ട്. എങ്കിലും ആ പൗരാണിക പാരമ്പര്യത്തിന് ഇപ്പോഴുമുണ്ട് ഒരു വാസ്യം. നാട്ടുഭാഷാകവികൾക്കും പണ്ഡിതന്മാർക്കും അവർ അർഹിക്കുന്ന ബഹുമതി ഇന്നും കിട്ടേണ്ടിയിരിക്കുന്നു. ബംഗാളിലും ബൊംബേയിലും ഒഴിച്ചു മററുള്ള ദിക്കുകളിലെ നാട്ടുഭാഷാപ്രഫസാന്മാർക്ക്, പഠിപ്പിലും പാണ്ഡിത്യത്തിലും അവർക്ക് തുല്യരായ മററു പ്രഫസാന്മാരുടെ അന്തസ്സോ ആഭിജാത്യമോ വകവച്ചു കിട്ടുന്നില്ല. വാസ്തവത്തിൽ ഈ നാട്ടുഭാഷാപ്രഫസാന്മാർ മററുള്ളവരെക്കാൾ കൂടുതൽ ജോലിയെടുത്തു കുറഞ്ഞ ശമ്പളം പററുന്ന വിനയസമ്പന്നരാണ്. രാജ്യത്തിന്റെ ഒരററംമുതൽ മറേറഅററംവരെ സഞ്ചാരം നടത്തി പഴക്കവും തഴക്കവും നേടിക്കഴിഞ്ഞ നമ്മുടെ നേതാക്കന്മാർ, ജനതയുടെ മേൽ നാട്ടുഭാഷയ്ക്കുള്ള സ്വാധീനശക്തി കുറേയെങ്കിലും ഗ്രഹിച്ചുകാണണം. അതിനാൽ ഇന്നത്തെ ചുററുപാടിൽ ഇന്ത്യയിലെ നാട്ടുഭാഷകൾക്ക ഒരു ശോഭനഭാവിയുണ്ടാകുമെന്നു അനുമാനിക്കാം. ദേശഭാഷാ പണ്ഡിതന്മാരോടും ലേഖകന്മാരോടും നാട്ടുകാർ ബഹുമാനാദരങ്ങൾ കാണിക്കാൻ തുടങ്ങിയിരിക്കുന്നു. പക്ഷെ അവരുടെ സഹായം മാത്രം പോരാ. ഭരണകൂടത്തിന്റെ രക്ഷാധികാരിത്വം കൂടാതെ ഇക്കാര്യത്തിനു പരിപൂർണ്ണത വരില്ല. മാതൃഭൂമിയെ സമുദ്ധരിച്ച നമ്മുടെ നേതാക്കൾ മാതൃഭാഷയെക്കൂടെ ഉദ്ധരിക്കുമെന്നു നമുക്ക ആശിക്കാം.]

—o—

## കാമബാണരസായനം

എല്ലാവിധ ഗുഹ്യരോഗങ്ങളെയും നിശ്ശേഷം മാററി ശരീരപുഷ്ടി, അംഗസൗഷ്ഠവം മുതലായവയെ പ്രദാനം ചെയ്യുന്ന ഒന്നാന്തരം സിദ്ധൗഷധം.

അരപൌണ്ടു് ഡപ്പി1-ക്കു് 2-രൂ. 8-ണ.

ബാംബേമെഡിക്കൽഹാൾ കൊല്ലം

## ലഫ്റ്റനൻറ് മൗണ്ട്ബാററൻ



ലഫ്: മൗണ്ട്ബാററനും എലിസബത്തു രാജകുമാരിയുമായുള്ള വിവാഹത്തിനു കൗൺസിൽകൂടി രാജകീയാനുവാദം നൽകുന്ന അവസരത്തിൽ സൈനികപാഠശാലയിലെ ഉദ്യോഗസ്ഥവിദ്യാർത്ഥികൾക്ക മൗണ്ട്ബാററൻ ഒരു ഭൂപടത്തിന്റെ സഹായത്തോടുകൂടി അഭ്യസനം നൽകുന്നതു്.

# * ചരമചതുഷ്ടയം

കെ. വേലായുധക്കുറുപ്പ്.

1 2 3
"ധർമ്മജ്ഞോയം" സമാസന്നഃ കോളംബേ 'കെരപ്പി'മാസികഃ
4 5
"മൈത്ര്യേ"ഭിനേ "ഭൂത" വയോവൃത്തോ സുചരിതം ചരൻ (പ്ര
6 7
"ഗാത്രം കഷ്ട"മിതി സ്മൃത്വാ "ഗോത്രപോയം" ച'വർഷ'യൻ
8 9
മലയക്ഷത്രിയാഖ്യാനാം നായകാനാം മഹാഗുണഃ (പ്ര
10 11 12
'സിംഹേ'മാസി 'ത്രയീ' പൂർണ്ണേ ദിനേ ഗോവിന്ദതാരകേ
'ശുക്ലത്രയോദശീ'കാലേ യോഗേ 'സൌഭാഗ്യ'നാമകേ (പ്ര
13 14
വിദേഹമുക്തോ "ജൂതമേ" ധിഷണേ ച സുപുണ്യദേ
"പരമേശ്വര"നാമായം ജഗാമ പരമം പദം. (ർ

1. ഉദ്ധരണികളുള്ളത് കടപയാദി സംഖ്യപ്രകാരം 1059-മാണ്ടു ജനനം. 2. കൊല്ലവർഷം, കൊല്ലം നഗരം; എന്നും. 3. കെരപ്പ്=വൃശ്ചികമാസം. 4. മൈത്ര്യം=അനിഴംനക്ഷത്രം; 2 അക്ഷരസംഖ്യപ്രകാരം 15-ാം എന്നുകൂടി അർത്ഥം. 5. ഭൂത=64 (കഴിഞ്ഞ വയസ്സുവരെയുള്ള ചരിത്രത്തിൽ എന്നും) 6-ം 7-ം അക്ഷരസംഖ്യപ്രകാരം 1123 എന്നു മരിച്ച ആണ്ടുതന്നെ. 8. മലയക്ഷത്രിയന്മാർ എന്നു അനേകം പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി ചട്ടമ്പിസ്വാമിതിരുവടികൾ മുതലായവർ അവിതർക്കിതം സ്ഥാപിച്ചിട്ടുള്ള. 9. നായന്മാ(രിൽവച്ചു)ക്ക്. 10. ചിങ്ങമാസത്തിൽ. 11. ത്രയീ=12 ാംനു. 12. ഗോവിന്ദൻ=വിഷ്ണുദേവതയായ നക്ഷത്രം—തിരുവോണം നക്ഷത്രം തുടങ്ങിയശേഷമാണ് ഇഹലോകവാസം വെടിഞ്ഞതു്. 13. ജൂതം=മിഥുനരാശിസമയം അന്നു അസ്തമിച്ച 16 നാഴിക 45 വിനാഴികയ്ക്കു്— ഒരുമണി പതിനെട്ടു മിനിട്ടിനു്) ഇടവരാശി കഴിഞ്ഞശേഷം 3 മണി 29 മിനിട്ടുവരെ മിഥുനരാശി സമയമാണ്. 14. വ്യാഴം സൌഭാഗ്യകർമ്മാധിപത്യം വഹിച്ചു് ചന്ദ്രകേന്ദ്രത്തിൽ അഞ്ചാംഭാവത്തിൽ (പൂർവ്വപുണ്യസ്ഥാനത്തു് — "ഭവിഷ്യജ്ജനനം സൂതശാൻ" എന്ന ആചാര്യപക്ഷപ്രകാരം ഭാവിജന്മസ്ഥാനത്തു) നില്ക്കുന്നു.

* രാജ്യസേവാനിരതഃ കെ. ജി. പരമേശ്വരൻപിള്ള അവർകളുടെ ചരമത്തെപ്പറ്റി.

# കേ. ജി.

മുത്തൂർ, രാഘവൻനായർ

(കാകളി)

കേ. ജി — ഇശ്ശബ്ദം മുഴങ്ങുന്നവായുവിൽ
കേരളംപാടിയമന്ത്രാക്ഷരദ്വയം
സുന്ദരോദാരമാം ഭാരതക്ഷോണിക്കു
നന്ദനാരാമമാം ഭാർഗ്ഗവക്ഷേത്രമേ
എന്തിനുകണ്ണീർപൊഴിപ്പൂ നീ? ആശ്രിത-
സന്താനമാഹന്ത! ചോടററുവീണ തോ!
നീളുംകഴുത്തിൽ സുധതൂവിയശ്ശുഭ-
നീലാബ്ദകന്ദളം മാഞ്ഞുപൊട്ടുന്നനെ!
ശ്രീവന്നുതുപ്പുടം സേവിയ്ക്കു; രാജ്യസം_
സേവാരതൻവിട്ട ഭൗമാനുഭൂതികൾ
ഈവിശ്വവശ്യമാം ഇന്ദ്രജാലങ്ങളാൽ
നീ വിധേ, സാധിപ്പതെന്തി?--റിഞ്ഞീലഞാൻ!
പൊന്നുഷസ്സില്ലാത്തപാതിരാവല്ലയോ
വന്നുചേർന്നുനിനക്കെൻനായർവംശമോ
കേ. ജി—ഈശബ്ദം മുഴങ്ങുന്നുപിന്നെയും
കേരളംപാടിയമന്ത്രാക്ഷരദ്വയം.

# * ആരോഗ്യസംരക്ഷണത്തിൽ പഴങ്ങൾക്കുള്ള സ്ഥാനം

ജി. ഫാബേൽ

"Take an apple a day
And drive the doctor away"

പഴവർഗ്ഗങ്ങളുടെ ഉപയോഗത്തെക്കുറിച്ചും, അവയിൽ അടങ്ങിയിട്ടുള്ള ശരീരപോഷകങ്ങളായ വിവിധ ജീവകാംശങ്ങളെക്കുറിച്ചും മനുഷ്യർക്കുള്ള അറിവു് ഇന്നു വളർച്ചപ്പെട്ടിട്ടുണ്ടെങ്കിലും, അവ തങ്ങളുടെ പ്രതിദിനാഹാരത്തിൽ ഉൾപ്പെടുത്തുവാൻ പ്രായേണ നിഷ്കർഷിക്കാതിരിക്കുന്നതു് വളരെ പരിതാപകരമാണ്. ആരോഗ്യസംരക്ഷണത്തിനു് അത്യുത്തമമെന്നു ഘോഷിച്ചുകൊണ്ടു പല സംജ്ഞകളിലായി പുറത്തുവരാറുള്ള കൃത്രിമാഹാരങ്ങളോടും ഔഷധങ്ങളോടും അവർക്കുള്ള പ്രതിപത്തി വർദ്ധിച്ചുകൊണ്ടേയിരിക്കുന്നെങ്കിലും പൂർവ്വന്മാരിൽ കണ്ട കായബലമോ, ധിഷണാവൈഭവമോ, സഹനശക്തിയോ ഇന്നത്തെ ജനങ്ങളിൽ കാണുന്നില്ല. പ്രകൃതിദത്തമായ ഫലമൂലാദികൾ ധാരാളം ഭക്ഷിപ്പാൻ പൗരാണികന്മാർക്കു സാധ്യമായിരുന്നുള്ളതും, അധുനാതനർ അവയെ തങ്ങളുടെ ആഹാരചര്യകളിൽ വേണ്ടപോലെ ഉൾപ്പെടുത്തുന്നില്ല എന്നുള്ളതുമാണ് ഈ വ്യത്യാസത്തിനു കാരണം. പഴവർഗ്ഗങ്ങളിൽ അടങ്ങിയിട്ടുള്ള സാരാംശങ്ങൾ ഏതെല്ലാമെന്നു പൂർവ്വന്മാർ ശാസ്ത്രീയമായി അപഗ്രഥിച്ചു് അറിഞ്ഞിട്ടില്ലെല്ലോ എന്നു ആരെങ്കിലും കരുതുന്നതു മൗഢ്യമാണ്. അനുഭവം, പരീക്ഷണനിരീക്ഷണങ്ങൾ ഇവമൂലം ഓരോ പഴങ്ങളും ഇന്നിന്ന ഗുണങ്ങളോടുകൂടിയതാണെന്നു കണ്ടുപിടിച്ചു വിധികല്പിച്ചിട്ടുള്ള പ്രാചീനശാസ്ത്രഗ്രന്ഥങ്ങൾ ഇന്നും സുലഭങ്ങളാണ്. സുഖസാധകം, യോഗരത്നാകരം, അഷ്ടാംഗഹൃദയം തുടങ്ങിയ ഗ്രന്ഥങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. എല്ലാ രാജ്യങ്ങളിലുമുള്ള പൗരാണികഗ്രന്ഥങ്ങൾ പരിശോധിച്ചാൽ പഴാഹാരം സർവ്വപ്രധാനമായിരുന്നു എന്നു ഗ്രഹിക്കുവാൻ പ്രയാസമില്ല. നിരവധി ശാസ്ത്രഗ്രന്ഥങ്ങളും, സംഹിതകളും, വൈദ്യപുസ്തകങ്ങളും നിർമ്മിച്ച പുരാതനപണ്ഡിതന്മാരിൽ ഭൂരിഭാഗവും ഫലമൂലാദികൾ ഭുജിച്ചു ജീവിതം നയിച്ച മഹർഷിപുംഗവന്മാരായിരുന്നില്ലേ? ക്രൈസ്തവവേദങ്ങളിൽ പറദീസയും, ഹിന്ദുപുരാണങ്ങളിൽ നന്ദനം, ചൈത്രരഥം ഇത്യാദി ദിവ്യോദ്യാനങ്ങളും ഏതൊരു തത്വത്തെയാണ് ഇന്നും ലോകത്തോടു് ഉദ്ഘോഷിക്കുന്നതു്? പറദീസയിലെ വൃക്ഷഫലങ്ങൾക്കു് മനുഷ്യരെ ചിരഞ്ജീവികളായി സൂക്ഷിക്കുവാൻ ശക്തിയുണ്ടായിരുന്നത്രെ. ഇതിൽനിന്നെല്ലാം നമുക്കു ഗ്രഹിക്കാവുന്നതു് പഴങ്ങളിൽ ആരോഗ്യസംരക്ഷണത്തിനുള്ള അലൗകികശക്തി അന്തർലീനമായിട്ടുണ്ടെന്നാണ്.

ഇനിയും പഴവർഗ്ഗങ്ങളുടെ ഗുണോൽക്കർഷങ്ങളെക്കുറിച്ചു് അല്പമായി പരിചിന്തിക്കാം. ശരീരപോഷണത്തിനു പലതരത്തിലുള്ള ജീവികാംശങ്ങളുടെ (Vitamins) സമ്മേളിയ പ്രക്രിയകൾ അപരിത്യാജ്യങ്ങളാണ്. ഇവയുടെ അഭാവവും കുറവുംനിമിത്തം പോഷണം വേണ്ടതുപോലെ ലഭ്യമാകാതെ വരികയുംതൻമൂലം ചിലപ്രത്യേകരോഗങ്ങൾ ബാധിക്കയും ചെയ്യുന്നു. പാണ്ഡുരോഗം (Beri beri), ഒരുതരംരക്തപിത്തം, കണ (Rickets) നെഞ്ചുകൂട്ടുകെട്ടൽ, മാലക്കണ്ണ് (Night blindness), ദന്തവ്യാധി മുതലായ വിവിധരോഗങ്ങളും ൻ് രസാംശങ്ങൾ വേണ്ടത്ര അടങ്ങിയിട്ടില്ലാത്ത ആഹാരസാധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടു് സാധാരണ ഉണ്ടാകാറുള്ളതു്. ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ആറുതരം ജീവികാംശങ്ങളും ഓരോതരം പഴങ്ങളിൽ സുലഭമായി അടങ്ങിയിട്ടുള്ളതിനാൽ പഴവർഗ്ഗങ്ങൾ ധാരാളം ഉപയോഗിക്കുന്നതു് ആരോഗ്യസംരക്ഷണത്തിനു് അപരിത്യാജ്യമാണ്.

പഴങ്ങൾ ശരീരത്തിന്റെ കൃത്യങ്ങളെ ക്രമീകരിക്കയും, നിയന്ത്രിക്കയും ചെയ്യുന്നു. പതിവായി പഴങ്ങൾ ഉപയോഗിക്കുന്നവർ ആരോഗ്യവും മനസ്സന്തുഷ്ടിയും ഉള്ളവരായിരിക്കുമെന്നു് ഒരു വൈദ്യശാസ്ത്രജ്ഞൻ പ്രസ്താവിച്ചിട്ടുണ്ടു്. പഴങ്ങൾ ശരീരത്തിലുള്ള ദുർമ്മേദസ്സുകളെ നശിപ്പിക്കയും, രക്തത്തെ ശുദ്ധീകരിക്കയും ചെയ്യുന്നു. ആമാശയത്തെ ഉദ്ദീപിതപ്പെടുത്തുന്നതിനും, രുചിയെ വർദ്ധിപ്പിക്കുന്നതിനും, ദന്തങ്ങളെ കാര്യക്ഷമമാക്കുന്നതിനും പഴങ്ങൾക്കു ശക്തിയുണ്ടു്. ദന്തസംരക്ഷണത്തിനു് ഉപയോഗിക്കുന്ന വിററമിൻ 'സി' പഴങ്ങളിലാണ് ധാരാളം കാണുന്നതു്. ഒരു കുട്ടിക്കു് ഒന്നരവയസ്സുകഴിഞ്ഞാൽ നിശ്ചയമായും ആഹാരത്തോടൊന്നിച്ചു് പഴങ്ങൾ കൊടുക്കേണ്ടതാണ്. കുട്ടികളിൽ ദന്തസംബന്ധമായി കാണുന്ന പല ന്യൂനതകൾക്കും പ്രധാനകാരണം പഴങ്ങളുടെ അഭാവമത്രെ. പഴാഹാരംമൂലം പല്ലിന്റെ കവിടി ഉറപ്പുള്ളതായിത്തീരുമെന്നുള്ളതും, ആഹാരശേഷം പഴങ്ങൾ ഭക്ഷിക്കുന്നവരുടെ പല്ലുകൾ പ്രായേണ ശുചിയായിരിക്കുമെന്നുള്ളതും അനുഭവംകൊണ്ടു് ബോദ്ധ്യമായിട്ടുള്ള സംഗതികളാകുന്നു. കുട്ടികളെ സംബന്ധിക്കുന്ന ഈ തത്വം ഇനിയെങ്കിലും മാതാപിതാക്കന്മാർ ഗൗനിച്ചിരിക്കേണ്ടതാണ്.

ഇൻഡ്യാചക്രവർത്തിയായിരുന്ന ജോർജ്ജ് പഞ്ചമൻ തിരുമനസ്സിലേക്കു സാധാരണ നേരിട്ടുകൊണ്ടിരുന്ന ഒരു സുഖക്കേടായിരുന്നു പല്ലുവേദന. ശക്തിനിപുണതാഭ്യാസങ്ങൾ തികഞ്ഞ പ്രസിദ്ധഡാക്ടർമാർ എത്രതന്നെ ശ്രമിച്ചിട്ടും ഇതിനു് ഒരു പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. എന്നാൽ രാജകീയദന്തചികിത്സകനായ ഹെൻറി ബാംഡിന്റെ നിർദ്ദേശാനുസരണം ആഹാരാനന്തരം പഴങ്ങൾ ധാരാളം ഭക്ഷിച്ചതിന്റെ ഫലമായി ദന്തരോഗം നിശ്ശേഷം മാറിയതായി രേഖപ്പെടുത്തിക്കാണുന്നു.

പഴങ്ങൾക്കുള്ള ഗുണങ്ങൾ വളരെയാണ്. മലശോധനയില്ലാത്തവർ പലവിധ മരുന്നുകളുപയോഗിച്ചു് നിരവധി അന്യരോഗങ്ങൾ വരുത്തിവയ്ക്കുന്നതു് എത്ര അബദ്ധം! പ്രതിദിനം കുറെ നല്ല പഴങ്ങൾ ഉപയോഗിക്കയും ശുദ്ധജലം ധാരാളം കുടിക്കയും ചെയ്താൽ ഈ അസുഖം ക്രമേണ ഇല്ലാതാകുന്നതാണ്. പഴങ്ങളിൽ അടങ്ങിയിട്ടുള്ള ലവണാംശങ്ങൾ ബുദ്ധിശക്തിയെ വർദ്ധിപ്പിക്കുന്നതിനാൽ വിദ്യാർത്ഥികളും, ചിന്തകന്മാരും പഴങ്ങൾ ധാരാളം ഉപയോഗിക്കേണ്ടതാകുന്നു. ഗർഭിണികൾ പതിവായി പഴങ്ങൾ ഭക്ഷിക്കുന്നതായാൽ രക്തത്തിലും മാംസപേശികളിലും ചില സാരമായ വ്യതിയാനങ്ങൾ ഉണ്ടാകുന്നതിനും തന്മൂലം ആരോഗ്യവർദ്ധനവും സുഖപ്രസവവും സാധിതപ്രായമാകുന്നതിനും ഇടയാകുമെന്നു ഒരു വലിയ ഡാക്ടർ പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. പഴങ്ങൾ രക്തത്തിലുള്ള ശീതോഷ്ണസ്ഥിതിയെ സമീകരിച്ചു അതിലെ കൊഴുപ്പും നൈർമ്മല്യവുമുള്ളതാക്കിത്തീർക്കുന്നു. മൂത്രച്ചൂട്, വയറെരിച്ചിൽ തലയിലെ ഉഷ്ണസംബന്ധമായ വികാരങ്ങളെ പരിഹരിക്കുന്നതിനും, കുടലിലുള്ള മാലിന്യങ്ങളെയും കോഷ്ഠത്തെയും ശുദ്ധമാക്കുന്നതിനും പഴാഹാരം അത്യ

(ശേഷം പതിനാറാംപേജിൽ)

* സഹകരണോപന്യാസമത്സരാംസംബന്ധിച്ചു ര ചിച്ചപ്രബന്ധത്തിൽനിന്നു്.

# ബൃഹൽസംഹിത
## അഥവാ
# വാരാഹിസംഹിത

വില രൂ. 1 ണ 8.
ശ്രീരാമവിലാസം ബുക്ക്ഡിപ്പോ, കൊല്ലം.



പാക്കിസ്ഥാൻ സർവ്വസൈന്യാധിപൻ ആയി നിയമിക്കപ്പെട്ടിരിക്കുന്ന ജനറൽ സർ ഫ്രാങ്ക് മെസ്സർവി



## ഉണ്ണിത്താൻ - പട്ടം സംഭാഷണങ്ങൾ

സ്റ്റേററ കാൺഗ്രസ്സും ഗവമ്മെൻറും തമ്മിൽ നടന്ന സംഭാഷണങ്ങളുടെഫലമായി പ്രായപൂത്തിവോട്ടവകാശാധിഷ്ഠാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രതിനിധിസഭ തിരുവിതാംകൂറിൻെറ ഭരണഘടന തയ്യാറാക്കുന്നതിനു വ്യവസ്ഥചെയ്തുകൊണ്ടുള്ള ഒരു തിരുവെഴുത്തു വിളംബരം പ്രഖ്യാപിതമായിട്ടുള്ള കാൎയ്യം ഇവിടെ സ്മരണീയമാണ്.



(പതിനഞ്ചാം പേജിൽനിന്നും തുടൎച്ച)

ന്താം പ്രയോജനപ്രദമാണ്. ചെറുനാരങ്ങാ മുതലായവ കാസശ്വാസങ്ങൾക്കും, തലവേദന, ഉഷ്ണരോഗം മുതലായവയ്ക്കും കൈയ്കണ്ട സിദ്ധൌഷധമാകുന്നു. രക്താൎശസ്, വയറുകടി മുതലായവയ്ക്കു പിറുത്തിച്ചക്കയും, ഉദരരോഗനിവാരണത്തിനും ദഹനത്തിനും ഓമയ്ക്കും (കപ്ലങ്ങ) മാതളപ്പഴം ഇവയും വളരെ വിശേഷമായ ഔഷധമാണ്. ദഹനത്തിനു പിറുത്തിച്ചക്ക കഴിഞ്ഞാൽ അടുത്ത സ്ഥാനം കപ്പമാങ്ങയ്ക്കാണത്രെ. വാഴയുടെ കിഴങ്ങിലും പഴത്തിലുമുള്ള ശീതവീൎയ്യവും മധുരരസവും വിഷത്തെ ശമിക്കുന്നതിനു ചിലപ്പോഴും പൎയ്യാപ്തമാണ്. വാഴപ്പഴം, തണ്ണീർമത്തൻ, പറങ്കിമാങ്ങ, മുന്തിരിങ്ങാ, ഈന്തപ്പഴം, അത്തിപ്പഴം, കരണ്ടിപ്പഴം, തെററിപ്പഴം ഇവയെല്ലാം ഓരോ രോഗങ്ങൾക്കുള്ള പ്രതിവിധികളായി വൈദ്യകശലന്മാർ വിധിച്ചിട്ടുള്ളതും പരീക്ഷിച്ചു ശരിയായ ഫലം കണ്ടിട്ടുള്ളതുമാകുന്നു. അതിനാൽ രോഗങ്ങൾ വരാതെ സൂക്ഷിക്കണമെന്നുള്ളവൎക്കും രോഗികൾക്കും സ്വീകരിക്കാവുന്ന ഏകസിദ്ധൌഷധമാണ് പഴങ്ങൾ.

യഥാകാല പഴങ്ങൾ ലഭിക്കുന്നതു എപ്രകാരമെന്നുള്ള ചിന്തയ്ക്കു കേരളത്തെ സംബന്ധിച്ചിടത്തോളം യാതൊരു സ്ഥാനവുമില്ല. നമ്മുടെ നാട്ടിൽ ഓരോ ഇനം പഴവൎഗ്ഗങ്ങൾ ഓരോ കാലങ്ങളിൽ സുലഭമായി ഉണ്ടാകുന്നുണ്ട്. അവയെ യഥാകാലങ്ങളിൽ ലഭിക്കത്തക്കവണ്ണം നമ്മുടെ എല്ലാ വീടുകളിലും കാൎഷികവൃക്ഷങ്ങളെന്യേ ആൎക്കും നട്ടുവളൎത്താവുന്നതുമാണ്. നാരകം, പറങ്കി (കടച്ചി), ഓമ, മാവ്, പറങ്കിമാവ്, പ്ലാവ്, നെല്ലി, വാഴ ഇതിൽ ഏതെങ്കിലും ചിലതു നട്ടുവളൎത്തുവാൻ സൌകൎയ്യമില്ലാത്ത വീടുകൾ നമ്മുടെ നാട്ടിൽ വളരെ ദുൎല്ലഭമല്ലേ? അവയെ അല്പംകൂടി കാൎയ്യക്ഷമമായി സൂക്ഷിക്കുന്നപക്ഷം യഥേഷ്ടം ഭക്ഷിക്കുന്നതിനും, പഴവൃക്ഷങ്ങൾ കൃഷിചെയ്യുവാൻ സൌകൎയ്യമില്ലാത്തവൎക്കു പഴങ്ങൾ കുറഞ്ഞവിലയ്ക്കു ധാരാളം വില്ക്കുന്നതിനും സാധിക്കും. നമ്മുടെ ഭക്ഷണം പോഷണപ്രധാനമെന്നു പറയണമെങ്കിൽ കുറഞ്ഞതു രണ്ടുമൂന്നു ഔൺസു പഴങ്ങളെങ്കിലും ആഹാരത്തോടുകൂടി ഉണ്ടായിരിക്കേണ്ടതാണ്. മെച്ചിനി തുടങ്ങി സ്റ്റാർച്ച് അധികമുള്ള പദാൎത്ഥങ്ങൾ ഉപയോഗിക്കുന്നവൎക്കു പഴങ്ങൾ അശേഷം ഒഴിക്കാവതല്ല. പഴവൎഗ്ഗകൃഷി വ്യാവസായികമായും കാൎഷികമായും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വിവിധമാൎഗ്ഗങ്ങളെപ്പററി അടുത്തൊരവസരത്തിൽ പ്രതിപാദിച്ചുകൊള്ളാം. പഴങ്ങൾ നമ്മുടെ ആഹാരത്തിൻെറ ഒരു അവിഭാജ്യഘടകമായിത്തീരുമെങ്കിൽ വൈദ്യസഹായം ആവശ്യമില്ലാതായിത്തീരുമെന്നുള്ളതിനു സംശയമില്ല. "Take an apple a day; and drive the doctor away" (പ്രതിദിനം ഓരോ ആപ്പിൾപഴം ഭക്ഷിക്കുക, അങ്ങനെ ഡാക്ടരെ ഓടിക്കുക) എന്ന പാശ്ചാത്യമഹദ്വചനം പകൎപ്പാഹാരം പരിശീലിച്ചിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം വളരെ അന്വൎത്ഥമാണ്.

—o—



സ്റ്റേ: കാ: പ്രവൎത്തകസമിതി അംഗങ്ങൾ:—ഇരിക്കുന്നവർ, മെ: മുത്തുക്കറുപ്പാപിള്ള, സ്റ്റേ: കാ: പ്രസിഡൻറ് പട്ടം താണുപിള്ള, വൈസ്പ്രസിഡൻറ് ടി. എം. വർഗ്ഗീസ്, എ. ജെ. ജാൺ. നിൽക്കുന്നവർ— മെ: എ. പി. ഉദയഭാനു, കെ. എ. ഗംഗാധരമേനോൻ, കെ. പി. നീലകണ്ഠപ്പിള്ള (സെക്രട്ടറി), എ. അച്യുതൻ (സെക്രട്ടറി)

# കെ. ജി.

—o—

ആർ. കെ. പിള്ള, വക്കല

കെ. ജി! അതേ! ആ ദ്വയാക്ഷര ശ്രവണമാത്രയിൽ എന്തെല്ലാം കാൎയ്യങ്ങളാണ് എൻെറ കൺമുമ്പിൽ അണിനിരക്കുന്നതു്. ആ പവിത്രനാമധേയത്തിനു സഷ്ടാംഗപ്രണാമം.

കൊല്ലംനഗരിയുടെ രക്ഷിതാവ്—സാധുജനസംരക്ഷകൻ—ഒരു തികഞ്ഞ പരോപകാരി മികച്ച രാജ്യഭക്തൻ—ഒന്നാംതരം രാജഭക്തൻ—ഒരു നിഷ്കളങ്കഈശ്വരഭക്തൻ—ഒരു തെളിഞ്ഞ ഹൃദയാലു—ഒരു ഉൽകൃഷ്ട പ്രസിദ്ധീകരണത്തിൻെറ ജനയിതാവ്—നായന്മാരുടെ നേതാവ്—ജാതിമതഭേദമന്യേ ആൎക്കും കൊള്ളാവുന്ന ഒരു മനുഷ്യൻ—കുടിൽതൊട്ടു കൊട്ടാരംവരെ സ്നേഹമാൎജ്ജിച്ച ഒരു സ്നേഹസമ്പന്നൻ—എല്ലാപേരുടേയും ആശാകേന്ദ്രം—ഒരു യഥാൎത്ഥ ത്യാഗി—അതേ—ആ ത്യാഗദീപം അണഞ്ഞു. ആ അനിഷേദ്ധ്യനേതാവു അകാലത്തിൽ അസ്തമിച്ചു. ആ ആദർശസമ്പത്പ്രഭാവൻ ഊതിക്കെടുത്തിയ വിളക്കുപോലെ പൊലിഞ്ഞുപോയി. കൊല്ലം പട്ടണം അനാഥയായി: നായർസമുദായത്തിനു അപ്രതിമനായ ഒരു നായകനും മംഗലാത്മകനായ ഒരു മഹാനും ഒരു യഥാൎത്ഥസേവകനും ഒരു ഞൊടിയിടകൊണ്ടു നഷ്ടമായി കഴിഞ്ഞു.

എന്തൊരു ഭയങ്കര കൊടുംകാററാണ്, ആ ദുസ്സഹവാൎത്ത കൊല്ലംനഗരിക്കു പ്രദാനംചെയ്തതു്. തിരുവിതാംകൂറിലെ നേതൃത്വത്തിനു പൊതുവായും തിരുവിതാംകൂറിലെ നായർസമുദായനേതൃത്വത്തിനു പ്രത്യേകമായും ഒരു വലിയ വിടവ് ഉണ്ടായിരിക്കുന്നു. അദ്ദേഹത്തിൻെറ കഴിഞ്ഞ കാലത്തെ ചരിത്രത്തിൻെറ ഏടുകൾ പരിശോധിച്ചാൽ വായിച്ചാലൊടുങ്ങാത്തവിധം സംഭവങ്ങൾ അണിനിരക്കുന്നുണ്ടാവും.

കഥകളിക്കാർ, തുള്ളൽക്കാർ ഹരികഥക്കാർ, ഡ്റാമാക്കാർ, സിനിമാശാലക്കാർ, കരക്കാർ, ഉത്സവക്കാർ സമ്മേളനക്കാർ, അഞ്ചൽആഫീസുകാർ, ഓട്ടാഫീസുകാർ, തൊഴിലാളിമാർ, മുതലാളിമാർ, ശിപായിമാർ, ഉദ്യോഗസ്ഥമേധാവികൾ എന്നുവേണ്ട സകലൎക്കും ഒന്നുപോലെ ആവശ്യമുള്ള സ്നേഹപ്രഭാവനാണ് എല്ലാപേരേയും സങ്കടത്തിലാഴ്ത്തിയിട്ടു പെട്ടെന്നു തിരോഭവിച്ചതു്.

തുടർച്ചയായി കൊല്ലം നിവാസികൾ അദ്ദേഹത്തെത്തന്നെ മുനിസിപ്പൽ പ്രസിഡൻറായി തിരഞ്ഞെടുക്കുന്നതിൽനിന്നും ഈ താലൂക്കുനിവാസികൾക്കു് അദ്ദേഹത്തിലുള്ള ഉത്തമവിശ്വാസവും സ്നേഹപ്രകർഷവും എത്രമാത്രമാണെന്നു തെളിയുന്നുണ്ടു്. അദ്ദേഹത്തിൻെറ ഷഷ്ടിപൂൎത്തിസ്മാരകമായി സ്ഥാപിച്ചിരിക്കുന്ന മണിമേട ആ പവിത്രനാമത്തിനു ശാശ്വതപ്രതിഷ്ഠ നൽകുന്നു. ഷഷ്ടിപൂൎത്തിസ്മാരകമായി സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന എക്സ്റേക്രൂടി സ്ഥാപിച്ചുകഴിയുമ്പോൾ പൊതുജനങ്ങൾക്കു കൂടുതൽ ഉപകാരപ്രദമാകുകയും തന്മൂലം അദ്ദേഹത്തിൻെറ യശഃസ്തംഭം നീണാൾ വിജയിക്കുകയും ചെയ്യും. മധുരോദാരമായ പെരുമാററംകൊണ്ടും രാജ്യത്തിലെ പൊതുജീവിതത്തിൻെറ എല്ലാ ആവശ്യങ്ങൾ അനുസരിച്ചും ഏതു ത്യാഗവും സഹിക്കുന്നതിനുള്ള സന്നദ്ധതകൊണ്ടും മററും അന്വൎത്ഥമായ നേതൃത്വംനൽകിയ രാജ്യസേവാനിരതഃ കെ. ജി. പരമേശ്വരൻപിള്ള അവർകളുടെ ചരമം ഈ നാട്ടിനും തിരുവിതാംകൂറിനുപൊതുവെയും ഒരു തീരാനഷ്ടം തന്നെയാണ്. അദ്ദേഹത്തിൻെറ പാവനനാമധേയം ആചന്ദ്രതാരം നിലനിൎത്തുന്നതിനായി കൊല്ലംനിവാസികളുടെ വകയായി ഒരു പ്രതിമ സ്ഥാപിക്കുന്നതു് ഏററവും ഔചിത്യമുള്ളതായിരിക്കുമെന്നു കരുതുന്നു.

—o—

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.